റുകഥകൾ

# മരപ്രഖ്യാപനം



KOTTAYAM PUBLIC LIBRARY
70566
KOTTAYAM.

# സമരപ്രഖ്യാപനം

(ചെറുകഥകൾ)

ഗ്രന്ഥകർത്താ:-

കെ. എസ്സ്. കെ. കഴിമ്പ്രം

First Edition 1000 Copies,

APRIL 1951

PUBLISHED By

*The Manger,* "MAHATMA"

86, SERANGOON ROAD,

SINGAPORE 8.

COPYRIGHT TO THE AUTHOR.

ഇന്ത്യയിൽ വില രൂപ 1.

സിങ്കപ്പൂരിൽ വില $ 1.

---

Printed at the Scholar Press, Ernakulam.

# കഥകൾ


1 പഞ്ചസാര (വിദ്യാഭിവർദ്ധിനി)

2 "കൊച്ചേച്യൻ" (കർഷകൻ)

3 ചെത്തുകാരന്റെ മകൾ (കേരളബന്ധു)

4 സമരപ്രഖ്യാപനം (ആസാദ് ഹിന്ദ്)

5 മാനസാന്തരം (വിലാസിനി)

6 അയക്കാത്ത കത്ത് (കർഷകൻ)

7 ആശ്വാസത്തിന്റെ ആദ്യരംഗം (ചെറുകഥ)

8 വിദ്യാർത്ഥി (കർഷകൻ)

# ഗ്രന്ഥകർത്താവിൻെറ

ഇതരകൃതികൾ:—

സഖാവിൻെറ ഡയറി

(കവിതാസമാഹാരം)

ചോരത്തുള്ളികൾ

(കവിതാസമാഹാരം)

ചെങ്കൊടി

(കവിതാസമാഹാരം)

ഭിക്ഷക്കാരി

(പത്തു് ചെറുകഥകൾ)



ഗ്രന്ഥകർത്താ

"സമരം", "വിപ്ലവം" എന്നീ പദങ്ങൾ വളരെയൊക്കെ തെററിദ്ധരിക്കപ്പെട്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ശ്രീ. കഴിമ്പ്രത്തിൻെറ "സമര പ്രഖ്യാപനം" എന്ന ഈ ചെറുകഥാസമഹാരം പുറത്തിറങ്ങുന്നതു്. നമ്മളെല്ലാം ജീവിത സമരത്തിലെ പടയാളികളാണ്. ജീവിക്കുവാനുള്ള അവകാശങ്ങൾ സ്ഥാപിക്കുവാൻ നാം ഓരോ നിമിഷത്തിലും സമരം ചെയ്തുകൊണ്ടിരിക്കുന്നു. അപ്പോൾ ഓരോരുത്തരിലും സമരമൂല്യം നിസ്തുല്യമായി അലയടിക്കുന്നുണ്ട്

അതിനാൽ സമരം എന്ന വാക്കിനെ ആരും ഭയപ്പെടേണ്ടതില്ല. നമ്മുടെയിടയിൽ ജീവിച്ചിരുന്ന മഹാന്മാരെല്ലാം വിപ്ളവകാരികളായിരുന്നു. ഒരാൾ ഉച്ചനീചത്വത്തെ എതിർത്തെങ്കിൽ മററൊരാൾ പാരമ്പര്യത്തെയും സാമൂഹ്യനീതിയേയും ചോദ്യം ചെയ്തു. അപ്പോൾ സമരാവേശത്തോടെ മുന്നേറിയ പല തരക്കാരുണ്ട്. ചെറിയവർ, വലിയവർ, പൂജനീയർ, സാധാരണക്കാർ—എല്ലാം ഇക്കൂട്ടത്തിൽ സാധാരണക്കാരുടെ ദൈനംദിനസമരത്തെ ചിത്രീകരിക്കുന്ന എട്ടു കഥകളാണ "സമരപ്രഖ്യാപന"ത്തിൽ ഉൾക്കൊള്ളുന്നതു്

മലയാണ്മയുടെ മാഹാത്മ്യം സെക്രട്ടറിയേററി ലും, ഹൈക്കമ്മീഷണർ സ്ഥാനത്തും എന്നു തുടങ്ങി വിദേശങ്ങളിലെല്ലാംതന്നെ മാറെറാലിക്കൊള്ളുക യാണ്. സിംഗപ്പൂരിലെ വിശാലമായ പട്ടണപ്രാ ന്തത്തിലിരുന്നു ചെറുകഥകൾ രചിക്കുന്ന ശ്രീ. കഴി മ്പ്രം ആ വിദേശനാട്ടിലും മലയാളത്തിൻെറ കഴി വു് പ്രകടമാക്കിക്കൊണ്ടിരിക്കുന്നു എന്നതിൻെറ പ്രത്യക്ഷലക്ഷണമാണ ഈ കഥാപുസ്തകം. സിംഗ പ്പൂരിൽനിന്നും പ്രസിദ്ധീകരിക്കുന്ന "മഹാത്മാ" മാ സികയുടെ പത്രാധിപരും "വിലാസിനി" മാസികയു ടെ സഹപത്രാധിപരുമാണ, ശ്രീ. കഴിമ്പ്രമെന്ന റിയുന്നു

അദ്ദേഹം ഈ സമാഹാരത്തിൽ നമ്മുടെ മുന്നി ൽ കാഴ്ച വെക്കുന്നതു് എന്തെന്തു വിഭവങ്ങളാണെന്നു നോക്കാം

ശ്രീ. കഴിമ്പ്രത്തിൻെറ രണ്ടാമത്തെ കഥാസമാഹാ രമാണ് ഈ പുസ്തകം. ഇതിലടിങ്ങിയിട്ടുള്ള എ ല്ലാ കഥകളും "കേരളബന്ധു" "കർഷകൻ," "ആസാദ് ഹിന്ദ്," "വിലാസിനി," "ചെറുകഥ," "വിദ്യാഭി വർദ്ധിനി" തുടങ്ങിയ കേരളക്കരയിലേയും സിംഗപ്പൂ രിലേയും പത്രമാസികകളിൽ പലപ്പോഴായി പ്രസി ദ്ധീകരിച്ചിട്ടുള്ളവയാണ്. മലയാളത്തിൽ കഥാസമാ ഹാരങ്ങൾ ഒട്ടുവളരെ പുറത്തിറങ്ങുന്ന ഒരു കലഘട്ട

ത്തിലാണ് ശ്രീ. കഴിമ്പ്രം തന്റെ "സമരപ്രഖ്യാപ ന"വുമായി മുന്നോട്ടു വരുന്നതു്

കഥകൾക്കു ഇത്രയേറെ സ്വാഗതം അനുവാചക രിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്നതെന്താണ്? ഇ ന്നത്തെ തിരക്കേറിയ ജീവിതത്തിൽ ഘനമുള്ള പുസ്ത കങ്ങൾ വായിച്ചു തീർക്കാനുള്ള സമയമോ ക്ഷമായോ അനുവാചകർക്കില്ല. വിശ്വസാഹിത്യത്തിലേക്കു ഒന്നു കണ്ണോടിക്കുന്നതായാൽ അവിടത്തേയും നില വിഭിന്നമല്ലെന്നു കാണാം. പാശ്ചാത്യരാജ്യങ്ങളിൽ പുറത്തിറങ്ങുന്ന പുതിയ പ്രസിദ്ധീകരണങ്ങളിൽ തൊണ്ണൂറു ശതമാനവും കഥാസമാഹാരങ്ങളാണ്. ആംഗലസാഹിത്യത്തിൽ കഥാനിർമ്മാണത്തിലേർ പ്പെട്ടു വിജയം വരിച്ച കാതറീൻ മാൻസ്ഫീൽഡ്, എച്ച്. ജി. വെൽസ്, എച്ച്. ഇ. ബെയിററ്സ്, കാറൽ കാപെക്, ഒ. ഹെൻറി, സോമർ സെററ്മാം മുതലായ വിഖ്യാതകാഥികന്മാരുടെ സാങ്കേതിക രീ തിയാണ് കഥാരചനക്കായി പലരും അംഗീകരിച്ചു കാണുന്നതു്. കൂടാതെ റഷ്യൻ കഥാകൃത്തുകളായ ചെക്കോവിന്റേയും മാക്സിം ഗോർക്കിയുടേയും, ഫ്രഞ്ചു കാഥികശ്രേഷ്ഠരായ മോപ്പസാങ്ങിന്റേയും ഏണ സ്റ്റ് ഹെമിങ്ങ്വേയുടെയും കഥാകഥന രീതികൾ നമ്മുടെ പല എഴുത്തുകാർക്കും മാർഗ്ഗനിർദ്ദേശം നല്കി യിട്ടുണ്ടു്. അതിനാൽ നിത്യജീവിത പ്രശ്നങ്ങളെ

പ്രതിഭാവിലാസത്താൽ കൂട്ടിയിണക്കി നിർമ്മിക്കുന്ന ഒട്ടുവളരെ റിയലിസ്റ്റിക് കഥകൾ ഭാഷാസാഹിത്യത്തിൽ രൂപമെടുത്തുകൊണ്ടിരിക്കുന്നു. ശ്രീ. കഴിമ്പ്രത്തിൻെറ കഥകളെല്ലാംതന്നെ റിയലിസ്റ്റ് സാങ്കേതികരീതി അവലംബിച്ചു എഴുതപ്പെട്ടിട്ടുള്ളതാണ്

"പഞ്ചസാര," "കൊച്ചേച്ച്യൻ," "ചെത്തുകാരൻെറ മകൾ," "സമരപ്രഖ്യാപനം" എന്നീ കഥകളിൽ കഥാകൃത്തു വിവരിക്കുന്ന കഥാപാത്രങ്ങളാരുംതന്നെ നമുക്കു അപരിചിതരല്ല. "പഞ്ചസാര"യിലെ രാഘവനും, "ചെത്തുകാരൻെറ മകളാ"യ കൗസല്യയും, "കൊച്ചേച്ച്യൻ" നാരായണനും, "സമരപ്രഖ്യാപന"ത്തിലെ ജാനകി മിസ്ട്രസ്സും എല്ലാം നമ്മുടെ ചുററുപാടും നീങ്ങുന്ന സാധാരണക്കാരാണ്. എന്നാൽ അവരുടെ ജീവിതയാഥാർത്ഥ്യങ്ങളെപ്പററി ഒരു നിമിഷമെങ്കിലും നാം ചിന്തിച്ചിട്ടുണ്ടോ? ആ ഇരുളാണ്ട ജീവിതത്തിലെ കണ്ണീരും കഷ്ടതയും കാണുവാൻ നാം ഒരുമ്പെട്ടിട്ടുണ്ടോ? എന്നാൽ ഈ യഥാർത്ഥ്യങ്ങളെക്കുറിച്ചു ഉറക്കെ ചിന്തിക്കുവാൻ മേല്പറഞ്ഞ കഥകളിലൂടെ ശ്രീ. കഴിമ്പ്രം നമ്മോടാവശ്യപ്പെടുന്നു

"പഞ്ചാര രാഘവൻ" എന്ന കഥാപാത്രത്തെ "പഞ്ചസാര" എന്ന കഥയിലൂടെ ശ്രീ. കഴിമ്പ്രം അവതരിപ്പിക്കുന്നു. തികച്ചും വ്യക്തിത്വമുള്ള ഒരു പാത്രമായി രാഘവനെ ചിത്രീകരിക്കാൻ ശ്രീ. കഴിമ്പ്രത്തിനു

കഴിഞ്ഞിട്ടുണ്ടു്. റേഷൻ കാർഡിനു പഞ്ചസാര വാങ്ങി കരിഞ്ചന്തയിൽ വിററ ഉപജീവനമാക്കും. കഴിക്കുന്ന പുത്രയോ രാഘവന്മാർ നമ്മുടെ ഓരോരുത്തരുടേയും പരിചയത്തിൽ തന്നെയുണ്ടാവും! പഞ്ചസാര രാഘവനു് ഒരു സഹോദരിയുണ്ടു് — പാർവ്വതി. പാവപ്പെട്ടവൾക്കു പ്രായം തികഞ്ഞ സഹോദരിയുണ്ടാകുന്നതു അപകടമാണു്. കുബേരൻ മുതലാളിക്കു് പാർവ്വതിയുടെ മേൽ ഒരു കണ്ണുണ്ടു്. ഒരു രാത്രി രാഘവനെ ഒരു കള്ളുമായി എങ്ങോ പറഞ്ഞയച്ചശേഷം മുതലാളി പാർവ്വതിയെ സമീപിച്ചു തന്റെ കാമസംപൂർത്തി വരുത്തുന്നു. നിരാശയാലും അപമാനഭാരത്താലും ആർത്തയായ ആ തരുണി ആത്മഹത്യ ചെയ്യുന്നു. നീണ്ട നിരാശയുടെ പതറിയ രോദനത്തോടെ രാഘവൻ ആ നാടുവിട്ടുപോകുന്നു. മുതലാളിത്തത്തിന്റെ കറുത്ത കൈകൾ മൂലം ഇഞ്ചിഞ്ചായി മരിക്കുന്ന സാധാരണക്കാരന്റെ രണ്ടു സിംബലുകളാണു് രാഘവനും പാർവ്വതിയും. ഈ ദയനീയചിത്രം നമ്മെത്തുറന്നു കാട്ടിക്കൊണ്ടു കാഥികൻ കഥ അവസാനിപ്പിക്കുന്നു. കഥാന്ത്യത്തിൽ മുതലാളിയുടെ നേരെ വായനക്കാരനു അടക്കവഹിയാത്ത അമർഷമുണ്ടാകുന്നുണ്ടു്. ഇവിടെയാണു കഥാകൃത്തു വിജയിച്ചിട്ടുള്ളതു്. "പഞ്ചസാര" ഈ സമാഹാരത്തിലെ നല്ലൊരു കഥയാണു്.

"ചെത്തുകാരന്റെ മകൾ" കൗസല്യയുടെ കഥ

യും ഇതിൽനിന്നും വിഭിന്നമല്ല. മദിരാശി സംസ്ഥാനത്തു മദ്യനിരോധനം നടപ്പാക്കിയപ്പോൾ കൗസല്യയുടെ പിതാവിനു ജോലി നഷ്ടപ്പെട്ടു. ഒടുവിൽ അയാൾക്കു ജോലിയന്വേഷിച്ചു കൊളമ്പിലേക്കു തിരിക്കേണ്ടിവന്നു. നിർഭാഗ്യവശാൽ കൊളമ്പിൽവെച്ചു ആ പിതാവു മരണമടഞ്ഞു. തുടർന്നുണ്ടായ മാതാവിന്റെ മരണം കഴിഞ്ഞപ്പോൾ കൗസല്യയിൽ താരുണ്യം വിരിഞ്ഞിരുന്നു. നിരാലംബയായ കൗസല്യക്കു് വയറുപിഴപ്പിന് പലരേയും സേവിക്കേണ്ടിവന്നു. അങ്ങിനെ ഒരു ധനികഗൃഹത്തിലെ വേലക്കാരിയായി. അവിടത്തെ അനുഭവമോ? അച്ഛൻ, മകൻ, ഡ്റൈവർ തുടങ്ങി ആ വീട്ടിലെ അംഗങ്ങളുടെ ഹൃദയത്തിന്റെ വിശപ്പിനു അവൾ പാത്രമായി. അനന്തരഫലമോ? അവൾ ഗർഭിണിയായി. "ഉയർന്നുപൊങ്ങിയ ഉദരം മൂടിപ്പുതച്ചു് അവൾ ഒരു കുററവാളിയെപ്പോലെ നടന്നു". എല്ലാവരും അവളെ പുറന്തള്ളി. ഒടുവിൽ ഒരാത്മഹത്യയിൽ ചെന്നു ആ ജീവിതം അവസാനിച്ചു

ഈ രണ്ടു് കഥകളും മിക്കവാറും ഒരേ നാണയത്തിന്റെ രണ്ടുവശങ്ങളാണു്. "പഞ്ചസാര"യിലെ പാർവ്വതിയുടെ മരണത്തിനുത്തരം പറയേണ്ടതു് കുമാരൻ മുതലാളിയാണു്. "ചെത്തുകാരന്റെ മകളി"ലാകട്ടെ ഇന്നത്തെ ദുഷിച്ച സമുദായനീതി ഒരു പ്ര

ഫുല്ലകുസുമത്തെ കശക്കിയെറിയുന്ന ദയനീയചിത്രമാണ് നാം കാണുന്നതു്

"സമരപ്രഖ്യാപനവും" "കൊച്ചേച്ച്യനും" ഏദയത്തിൻെറ വിശപ്പിനെ പ്രകടമാക്കുന്ന രണ്ടു് കഥകളാണ്. മലയാള സാഹിത്യത്തിൽ വളരെയേറെ വിവാദത്തിനു വിഷയമായിട്ടുള്ള ഒരു പ്രശ്നമാണ് ശ്രീ കഴിമ്പ്രം ഈ കഥകളിൽ കൈകാര്യം ചെയ്തിട്ടുള്ളതു്. ഈ ചിത്രീകരണസമ്പ്രദായത്തെ ലൈംഗികാധഃപതനസാഹിത്യം എന്നു പറഞ്ഞു് അപലപിക്കപ്പെടുന്നുണ്ടു്

മോപ്പസാങ്ങ്, ഡോസ്റ്റോവ്സ്കി, സോള, ഗോർക്കി, ലോറൻസ്, ഫ്ളോബേട്ട് തുടങ്ങിയ വിശ്വസാഹിത്യകാരന്മാർ ഈ സാഹിത്യവിഭാഗത്തിലേക്ക് തങ്ങളുടെ തൂലിക ചലിപ്പിച്ചിട്ടുള്ളവരാണ് മലയാളത്തിലെ ഒന്നാംകിട കഥാകൃത്തുക്കളായ ബഷീർ, തകഴി, ദേവു് തുടങ്ങിയവർ ലൈംഗികകഥകളെഴുതിയിട്ടുണ്ടു്. വായനക്കാരുടെ മൃദുലവികാരങ്ങളെ ഇക്കിളിപ്പെടുത്തുകയെന്നതല്ല ഈ കഥകളുടെ ഉന്നം. സമുദായ ശരീരത്തിലെ വ്രണങ്ങളെ റിയലിസ്റ്റ് വീക്ഷണഗതിയോടെ അവർ ഉയർത്തിക്കാട്ടുമ്പോൾ സംസ്കാരത്തിൻെറ പേരുംപറഞ്ഞു് എതിർക്കാൻ വരുന്നവരാണ് വാസ്തവത്തിൽ പിന്തിരിപ്പന്മാർ. അവർ ആ വ്രണങ്ങൾക്ക് ചികിത്സചെയ്യാ

തെ, മൂടിവെച്ചു് ജനതയെ വഞ്ചിക്കുകയാണു്. അപ്പോൾ ആ വൃത്തികേടുകൾ തുറന്നുകാണിക്കുന്നവക്കു നമുക്കു് നന്ദിപറയാം. അവർ സമുദായസ്നേഹികളാണു്,

“കൊച്ചേച്യനി”ലെ വൈലറ്റുനോനയെ നോക്കുക. വക്കീൽ ഗുണസിംഗിന്റെ ഭാര്യയാണു് വയലറ്റ്നോന. ആനന്ദത്തിൽ നീന്തിനിന്തിയാണു് അവർ ജീവിതം നയിക്കുന്നതു്. ഒടുവിൽ വക്കീൽ ക്ഷയരോഗബാധിതനാവുമ്പോൾ, അഭിലാഷങ്ങൾ പൂർണ്ണമാകാത്ത വൈലറ്റ്നോന വേലക്കാരൻ നാരായണനെ പ്രാപിക്കുന്നു. സ്ത്രീഹൃദയത്തിന്റെ നിഗൂഢതയെയും ധനികഗൃഹത്തിലെ “കൊച്ചമ്മമാരുടെ വഴിപിഴച്ച” പോക്കിനെയുമാണു് കഴിന്ത്രും ഇവിടെ ചോദ്യംചെയ്യുന്നതു്. “സമരപ്രഖ്യാപന”ത്തിൽ നാം കാണുന്നതു് വിടനായ ഒരു എയിഡഡ് സ്കൂൾമാനേജരെയാണു്, സ്കൂളിലെ ഒരു മിസ്ട്രസ്സായ ജാനകി അമ്മയിൽ അയാൾക്കൊരു കണ്ണുണ്ടു്. പരസ്യമായി പ്രണയാർത്ഥന നടത്തുവാൻപോലും അയാൾ മടിക്കുന്നില്ല. ഒടുവിൽ ഒരു ദിവസം സ്കൂളിലെ ആഫീസ് മുറിയിൽവെച്ചു് അയാൾ ജാനകി അമ്മയെ ബലാൽസംഗം ചെയ്യുവാൻ മുതിരുന്നു. ബഹളംകേട്ടു ഓടിയെത്തുന്ന അദ്ധ്യാപകാദ്ധ്യേതാക്കളുടെ മുന്നിൽ സ്കൂൾമാനേജർ ഇളിഭ്യനായി നി

ല്ലുന്നു. ഒടുവിൽ അപമാനം സഹിക്കവയ്യാതെ മാനേജർ കൊളമ്പിലേക്ക് കപ്പൽ കയറി. മാനേജരുടെ ധിക്കാരപരമായ പ്രവൃത്തിയുടെ നേരെ അഖില കേരള അദ്ധ്യാപകയൂണിയൻ സമരപ്രഖ്യാപനം ചെയ്തതായിരുന്നു അതിന്നു് കാരണം. കഥയുടെ അന്ത്യഭാഗം അസംഭവ്യമായി തോന്നുന്നുണ്ടെങ്കിലും, കഴിമ്പ്രം ഒരു നല്ല ആദർശത്തെയാണു് അവതരിപ്പിക്കുന്നതു്. ബഹുജനസമരത്തിന്റെ കഴിവുകളെ അദ്ദേഹം പ്രകടമാക്കുന്നുണ്ടു്. ശരി. എങ്കിലും ആ ഭാഗം കുറേക്കൂടി "റിയലിസ്റ്റി"ക്കാക്കുവാൻ അദ്ദേഹം ശ്രമിക്കേണ്ടതായിരുന്നു

വലന്റിൻ കടേപാക് എന്ന റഷ്യൻ കഥാകൃത്തിന്റെ "അനുഭവത്തിന്റെ പിന്നാലെ" എന്ന കഥയുടെ ഛായയിലാണു "മാനസാന്തരം" എഴുതിയിട്ടുള്ളതു്. കഥയുടെ പ്ലോട്ടു് പുത്തനല്ലെങ്കിലും ഇന്നത്തെ പരിഷ്കാരഭ്രമക്കാരായ യുവതികൾക്കു് ഒരു നല്ല പാഠം ഈ കഥ നല്കുന്നുണ്ടു്. അതു് അവർ ചെവിക്കൊണ്ടിരുന്നെങ്കിൽ.........

പട്ടാളക്കാരന്റെ ജീവിതയാഥാർത്ഥ്യങ്ങളെ പ്രകടമാക്കുന്ന ഒരു കഥയാണു് "അയക്കാത്ത കത്തു്". ഇതു് പരിണാമഗുപ്തി ദീക്ഷിച്ചെഴുതിയിട്ടുള്ള ഹൃദയഹാരിയായ ഒരു കലാസൃഷ്ടിയത്രെ

"ആ മരണപത്രം" ഒരു പ്രണയകഥയാണു്. റൊ

മാൻസിൻെറ പിന്നാലെ പാഞ്ഞുപോകാതെ ജീവിതപ്രശ്നങ്ങളിലേക്കു ചുഴിഞ്ഞിറങ്ങണമെന്നാണ് ഗ്രന്ഥകാരൻെറ മററു കഥകൾ വിളിച്ചുപറയുന്നതു. എന്നാൽ ഒരു പ്രേമപരാജയത്തെക്കുറിക്കുന്ന ഈ കഥ ഗ്രന്ഥകർത്താവിനു പ്രേമകഥകൾ എഴുതാനും കഴിവുണ്ടെന്നു വ്യക്തമാകുന്നു

അവസാന കഥയ്ക്കു "വാഴ്"കൈ"എന്ന തമിഴ് ചലച്ചിത്രവുമായി സാമ്യമുണ്ടു പ്രസ്തുത ചിത്രം കണ്ട ശേഷമാണു അദ്ദേഹം ആ കഥയെഴുതിയതെന്നു എന്നോടു പറയുകയുണ്ടായി

"ആശപാസത്തിൻെറ ആഡംബരംഗ"വും "വിദ്യാർത്ഥി"യും രണ്ടു രാഷ്ട്രീയ കഥകളാണ്. ഇവ രണ്ടും മററു കഥകളെപ്പോലെ മെച്ചപ്പെട്ടവയാണെന്നു പറയുവാൻ നിവൃത്തിയില്ല. കഥാകൃത്തു് തൻെറ നില വിട്ടു ഒരു പ്രാസംഗികനായി മാറുന്ന ചില സന്ദർഭങ്ങൾ ഈ കഥകളിൽ കാണുന്നുണ്ടു്. കഥാരചനയിൽ വളരെ സൂക്ഷിക്കേണ്ട ഒരു കാര്യമാണിതു്. ആദർശകഥകളിൽ പ്രത്യേകിച്ചും, കഥാകൃത്തുതന്നെ മുന്നോട്ടുകടന്നുവന്നു് പ്രസംഗമാരംഭിച്ചാൽ വായനക്കാർ വേഗം മുഷിഞ്ഞുപോകും. ആദർശപ്രസംഗങ്ങൾ കഥാപാത്രങ്ങളിലൂടെയാവാം. അതിനും ഒരു പരിധിയൊക്കെയുണ്ടു്. കഥകളിൽനിന്നും ഈ പ്രസംഗസമ്പ്രദായം കഴിയുന്നതും വർജ്ജിക്കുന്നതായിരിക്കും ഉത്തമം

ആകെക്കൂടി "സമരപ്രഖ്യാപനം" നമ്മുടെ നിത്യജീവിതപ്രശ്നങ്ങളെ സ്പർശിക്കുന്ന കഥകളാൽ നിറംപിടിച്ച ഒരു സമാഹാരമാണു്. ഈ മറുനാടൻ സാഹിത്യകാരനു സകല വിജയങ്ങളും നേൎന്നുകൊള്ളുന്നു

രണ്ടു നിദ്ദേശങ്ങൾ: പാത്രസൃഷ്ടിയിൽ ശ്രീ. കഴിമ്പ്രം കുറെക്കൂടി ഏകാഗ്രത പാലിക്കണം. കഥകളിൽ കാണുന്ന പ്രസംഗസമ്പ്രദായം വജ്ജിക്കണം. ശ്രീ. കഴിമ്പ്രത്തിനു ശോഭനമായ ഒരു ഭാവിയുണ്ടു്; തീർച്ച

—കെ. എം. സുകുമാരൻ, ടാററാപുരം

—0—

# ഒന്നു പറയട്ടെ!

"സമരപ്രഖ്യാപന"ത്തിൻെറ പ്രസിദ്ധീകരണത്തിനു് വേണ്ടിവന്ന സാമ്പത്തികമായ എല്ലാ സഹായങ്ങളും ചെയ്തുതന്ന എൻെറ ഒരുത്തമ സുഹൃത്തും, ജോഹോറിലെ "റോസ്ക്കോട്ടു് എസ്റ്റേയിററിലെ" ഒരു ഉയർന്ന ഉദ്യോഗസ്ഥനുമായ ശ്രീ. എം. കെ. ശ്രീധരൻ അവർകളോടു് ഞാൻ എന്നും നന്ദിയുള്ളവനായിരിക്കും

"സമരപ്രഖ്യാപനം" പ്രസിദ്ധീകരണത്തിന്നു് മറെറല്ലാ സഹായസഹകരണങ്ങളും ചെയ്തുതന്ന എൻെറ ചങ്ങാതി ശ്രീ. കെ. ഏ. സുകുമാരൻ, ടാററാപുരത്തിനെ "നന്ദി"യെന്നൊരക്ഷരം സൃഷ്ടിച്ചുനിറുത്തുക സാദ്ധ്യമല്ല

ഉപജീവനമാർഗ്ഗമാരാഞ്ഞുകൊണ്ടു് നീണ്ട ഏഴെട്ടുദിവസത്തെ കപ്പൽയാത്രയ്ക്കുശേഷം ഇവിടെ എത്തിയ ഞാൻ പ്രവൃത്തിസമയം കഴിഞ്ഞു കിട്ടുന്ന വിശ്രമവേളകളെ ഉപയോഗിച്ചെഴുതിയിട്ടുള്ള ഈ കഥകളിൽ പലവിധ തെററുകളും കുററങ്ങളും കണ്ടേക്കാം. സഹൃദയലോകം അതുകഠം ക്ഷമിക്കുകയില്ലേ?

ഗ്രന്ഥകർത്താ

സിങ്കപ്പൂർ
25-4-51

# പഞ്ചസാര

KOTTAYAM PUBLIC LIBRARY
KOTTAYAM.

രാഘവൻ ആ ചെറിയ നഗരത്തിലെന്നല്ല അടുത്ത ഗ്രാമങ്ങളിൽപ്പോലും എല്ലാവർക്കും സുപരിചിതനാണു്.

"പഞ്ചാരരാഘവൻ" എന്നു പറഞ്ഞാൽ ആളെ എളുപ്പത്തിൽ മനസ്സിലാകും. സ്റ്റേഷനറി മജിസ്ട്രേട്ടു മുതൽ കോൺക്കാരൻ കൊച്ചപ്പപ്പണിക്കർ വരെ അവനെ അറിയും. പൊതുവെ എല്ലാവർക്കും അവനോടു സ്നേഹമാണു്. ആളുകൾ പറയും, അവനൊരു പച്ചപ്പാവമാണെന്നു്. അതു പരമാർത്ഥവുമാണു്. രാഘവൻ നിരുപദ്രവിയും നിഷ്കളങ്കനുമാണു്.

രാവിലെ കുമാരന്റെ ചായപ്പീടികയിൽ നിന്നുമാണു് അവനു അന്നന്നത്തെയ്ക്കുള്ള ഓർഡറുകൾ ലഭിക്കുക. പഞ്ചസാര ആവശ്യമില്ലാത്ത ആരും ആ ഗ്രാമത്തിലുണ്ടായിരുന്നില്ല. ചായക്കടി, ടീപാർട്ടി, യാത്രയയപ്പു്, കല്യാണം, നേർച്ച, പെരുന്നാൾ തുടങ്ങിയ ആവശ്യങ്ങൾക്കു പഞ്ചസാര ലഭിക്കണമെങ്കിൽ രാഘവനോടു പറയണം.

നാട്ടുകാർക്ക് പഞ്ചസാര വേണമെങ്കിൽ റേഷ

നിംഗ് ആഫീസിൽ പോയി പാറാവു നില്ക്കണം. അധികാരിയുടെ സർട്ടിഫിക്കററു ഹാജരാക്കണം. ഉദ്യോഗസ്ഥന്മാൎക്കു കൈക്കൂലി കൊടുക്കണം. അങ്ങിനെ അങ്ങിനെ ന്തുറന്തുറ വിഷമതകൾ! ബുദ്ധിമുട്ടുകൾ!

എന്നാൽ രാഘവനെ ഏല്പിച്ചാൽ. ഈ വക "തൊന്തരവുകൾ" കൂടാതെ കഴിക്കാം. അയാൾക്കൊരു ചെറിയ ലാഭം കൊടുത്താൽ മതി.

ഒരു കരിഞ്ചന്തക്കേസുകൊണ്ടാണു രാഘവൻ പ്രസിദ്ധനായതു്. ഒരു പുതിയ റേഷനിങ്ങ് ഇൻസ്പെക്ടർ രാഘവൻെറ കരിഞ്ചന്തക്കച്ചവടം പിടിച്ചു കേസാക്കി

"കുററം ചെയ്തതു ശരിയാണോ?" പ്രതിക്കൂട്ടിൽ നില്ക്കുന്ന രാഘവനോടു മജിസ്ട്രേട്ടു ചോദിച്ചു.

രാഘവൻ ധൈൎയ്യസമേതം പറഞ്ഞു: "ഏമാന്നേ, ഞാൻ പഞ്ചാര കരിഞ്ചന്തക്കു കൊണ്ടുപോയതു ശരിയാണ്. പക്ഷെ ഈ നില്ക്കുന്ന ഇൻസ്പെക്ടർ എന്നെ പിടിച്ചുകൊണ്ടുവരുമ്പോൾ, വഴിക്കുവെച്ചു രണ്ടു രൂപകൊടുത്താൽ കേസുവിട്ടേക്കാമെന്നു പറഞ്ഞു. ഞാനെവടന്നാ രണ്ടു രൂപകൊടുക്കുന്നേ? ആകെ അഞ്ചു റാത്തൽ പഞ്ചാര ഞാൻ വില്ക്കും അതിന് എനിക്കു കിട്ടണതു രണ്ടര രൂപയാണ്. ഇതിന്നു റേഷൻസ്റ്റോർ മാനേജൎക്കു ഒരുറുപ്പിക കൊടുക്കണം ബാക്കി കാശു എൻെറ ചെലവിനു

തന്നെ തെകേല്യ. എനിക്കു വേറെ ഒരു പണീം അറിഞ്ഞുകൂടാ. എൻെറ വലത്തെ കയ്യിനു സ്വാധീനവുമില്ല. •ഒരിക്കൽ കശുമ്മാവിൽനിന്നു വീണ് ഒടിഞ്ഞതാണ് ആരും പണിക്കു വിളിക്കുകേം ഇല്ല. എനിക്കു ദേഹത്തിനും സുകോമില്ല"

രാഘവൻെറ ഈ പരമാർത്ഥകഥനം മജിസ്ട്രേട്ടിൻെറ ഹൃദയത്തെ അലിയിച്ചു റേഷൻ ഇൻസ്പെക്ടരുടേയും, സ്റ്റോർ മാനേജരുടേയും ചെമ്പു പുറത്തായതോടെ കോടതിയിൽ കൂടിയിരുന്നവർ ചിരിച്ചുപോയി ..

ഒടുവിൽ "മേലിൽ കരിഞ്ചന്ത നടത്തരുത്" എന്ന താക്കീതോടെ കേസു വെറുതെ വിട്ടുകൊണ്ട് വിധി പ്രസ്താവിക്കപ്പെടുകയാണുണ്ടായത്. റേഷൻ ഇൻസ്പെക്ടരേയും സ്റ്റോർ മാനേജരേയും് നൂറും ഇരുനൂറും നാഴിക അകലേക്കു സ്ഥലം മാററി. ഈ രണ്ടു ഉപദ്രവങ്ങളേയും പിന്നീട് രാഘവനു നേരിടേണ്ടി വന്നില്ല.

ഈ സംഭവത്തിനുശേഷം രാഘവൻ നിർഭയമായി കരിഞ്ചന്തക്കച്ചവടം നടത്തിപ്പോന്നു. അവനെ ആരും പിടിക്കാറില്ല. അവൻെറ വാദങ്ങളും ന്യായങ്ങളും എല്ലാവരും വക വെച്ചുകൊടുത്തു.

രാഘവൻെറ പഞ്ചസാരവ്യാപാരത്തിൽ ചില പ്രത്യേകതകളുണ്ട്. പഞ്ചസാര മാത്രമെ അവൻ വാങ്ങുകയും വില്ക്കുകയുമുള്ളു. അതുതന്നെ കാൽ റാ

ത്തൽ വീതം കിട്ടാവുന്ന 20 കാർഡു മാത്രമെ അവൻ ഹരിജനങ്ങളിൽനിന്നും വാങ്ങുകയുള്ളു. 5 റാത്തലിൽ കൂടുതൽ വില്ക്കുകയില്ല. പണം കൂടുതൽ കൊടുക്കാമെന്നു പറഞ്ഞാലും കൂടുതൽ വാങ്ങുവാൻ അവൻ മിനക്കെടുകയില്ല. അവനു് ദിവസേന രണ്ടര രൂപാ കിട്ടണം. അതു 5 റാത്തൽ പഞ്ചസാര വിററാൽ കിട്ടിക്കൊള്ളും. വള്ളശ്ശേരി കുഞ്ഞാക്കൻെറ ഒന്നാംതരം പച്ച നൂൽ ബീഡി ഒരു കെട്ടും, അംഗിവാഗംമാർക്കു തീപ്പെട്ടി ഒരെണ്ണവും അവനു ദിവസവും വേണം. ചായ എപ്പോഴും കുടിക്കണം. എല്ലാ ചിലവുകളും കഴിച്ചുള്ള ബാക്കി തുക അവൻ കൃത്യമായി സഹോദരി പാർവ്വതിയുടെ കയ്യിൽ കൊടുക്കും.

നാട്ടിൽ നടക്കുന്ന കുഴപ്പങ്ങളിലും കുണ്ടാമണ്ടികളിലും രാഘവൻ പങ്കെടുക്കുകയില്ല. നാട്ടിലെ വർത്തമാനങ്ങൾ തന്നെ അവനറിഞ്ഞുകൂടാ. ചോദിച്ചറിയാനുള്ള ഔൽസുക്യമില്ല

രാവിലെ പുരയിൽ നിന്നിറങ്ങിയാൽ വൈകുന്നേരം 5 മണിക്കു രാഘവൻ മടങ്ങിയെത്തും. കഞ്ഞികുടി കഴിഞ്ഞാൽ കുമാരൻ മുതലാളിയുടെ വീട്ടിലേക്കു പോകും. അവിടെ വേണ്ട ജോലികൾ ചെയ്യും. കുമാരൻ മുതലാളിയുടെ വീട്ടിൽനിന്നും അവനു അത്താഴം മുടങ്ങാതെ കിട്ടും. മുതലാളിക്കും ഭാര്യക്കും തന്നോടു വലിയ സ്നേഹമാണെന്നു അവൻ പറയാ

വുണ്ടു്. അവനു ഏന്തു വേണമെങ്കിലും കൊടു ക്കാൻ മുതലാളി സദാ തയ്യാറാണു്. പക്ഷെ രാഘവൻ ഒന്നും വാങ്ങാറില്ല. അവനു പ്രത്യേകമായി യാതൊരാവശ്യങ്ങളുമില്ല. ഓണത്തിനും വിഷു വിനും അവനു് ഓരോ പുതിയ മുണ്ടുകിട്ടും. അത്രമാത്രം.

രാഘവനും പാർവ്വതിയും കുമാരൻ മുതലാളിയുടെ പറമ്പിലാണു പാർക്കുന്നതു്. രാഘവൻ പുരയിൽനിന്നു പോയാൽ പാർവ്വതി പായ നെയ്യും. ഉച്ചയ്ക്കു അവൾ അടുപ്പിൽ തീ പിടിപ്പിക്കും. ഉച്ചയ്ക്കും, രാത്രിയ്ക്കും, പിറേറന്നു കാലത്തേക്കുംകൂടി ഒററ വെപ്പാണു്. പാർവ്വതിക്കു പറയത്തക്ക കൂട്ടുകാർ ആരുമില്ല. ഇടയ്ക്കു മുതലാളിയുടെ വീട്ടിൽ തീ വാങ്ങാൻ പോകും. അടുത്ത വീട്ടിലെ മാതു ചിലപ്പോൾ പായനെയ്യാൻ അവളെ സഹായിക്കാറുണ്ടു്.

പാർവ്വതി പ്രായംതികഞ്ഞ കന്യകയാണു്. പറയത്തക്ക സൌന്ദര്യമൊന്നുമില്ലെങ്കിലും അവളുടെ അവയവങ്ങൾ പ്രായത്തിനൊത്തു കൊഴുത്തു വളൎന്നിട്ടുണ്ടു്. താരുണ്യത്തിൻെറ തള്ളൽകൊണ്ടു് കുതിച്ചുനില്ക്കുന്ന മാറിടം. തുടുത്ത കവിൾത്തടങ്ങൾ ആ വട്ടമുഖത്തിനൊരു ചേർച്ച തന്നെയാണു്.

* * * * *

അന്നു വൈകുന്നേരം രാഘവൻ കരിഞ്ചന്തക്ക

ച്ചവടവും കഴിഞ്ഞു പുരയിലേക്കു മടങ്ങുകയായിരുന്നു. വലിയൊരു പുരുഷാരത്തിൻെറ മദ്ധ്യത്തിൽ നിന്നു് ഒരാൾ പ്രസംഗിക്കുന്നു. അതൊരു തൊഴിലാളി സമ്മേളനമാണു് ആ നഗരത്തിൽ പല യോഗങ്ങളും സമ്മേളനങ്ങളും രാഘവൻ കണ്ടിട്ടുണ്ടു്. പക്ഷെ അവൻ അതൊന്നും ശ്രദ്ധിക്കാറില്ല. അങ്ങിനെ ഒരു സംഭവം നടക്കുന്നതു ഗണ്യമാക്കാതെ അവൻ നടന്നുപോകും.

എന്നാൽ ഈ യോഗം അവൻെറ ശ്രദ്ധയെ ആകർഷിച്ചു. പോലീസുകാരുടെ അഴിമതിയെപ്പററിയും ഉദ്യോഗസ്ഥന്മാരുടെ കൈക്കൂലിയെപ്പററിയും കഠിനമായി വിമർശിച്ചുകൊണ്ടു ആ ചെറുപ്പക്കാരൻ ചെയ്ത പ്രസംഗം രാഘവനെ വല്ലാതെ രസിപ്പിച്ചു. തന്നോടു രണ്ടു രൂപ കൈക്കൂലി ചോദിച്ച റേഷനിംങ്ങ് ഇൻസ്പെക്ടരെപ്പററിയും, സ്റ്റോർ മാനേജരെപ്പററിയും അവനോർത്തു. ആ പരമാർത്ഥങ്ങളുടെ വെളിച്ചത്തിൽ അവനും കയ്യടിച്ചു. യോഗാനന്തരം മററുള്ളവരുടെകൂടെ അവനും "ഇൻകിലാബ്—സിന്ദാബാദ്!" എന്നു ആർത്തു ഘോഷിച്ചു.

ഇതിനുശേഷം നഗരത്തിൽ കൂടാറുള്ള എല്ലാ തൊഴിലാളിയോഗങ്ങളിലും അവൻ പങ്കുകൊള്ളും. ഘോഷയാത്രകൾ കണ്ടാൽ അവൻ അതിൽകൂടും. താൻ ഒരു കമ്യൂണിസ്ററുകാരനാണെന്നു വീരവാദം മുഴക്കും.

എന്നാൽ കമ്യൂണിസം എന്താണെന്നു് അവനു അറിഞ്ഞുകൂടാ. ഏതായാലും ഉദ്യോഗസ്ഥന്മാരേയും പോല്ലീസുകാരേയും ചീത്ത പറയുന്ന സംഘക്കാരാണു് കമ്യൂണിസ്ററുകാർ എന്നുമാത്രം അവൻ മനസ്സിലാക്കി മുതലാളിത്വം അവസാനിപ്പിക്കണമെന്ന വാദം മാത്രം അവനു പിടിക്കുകയില്ല എന്തു കൊണ്ടെന്നാൽ കുമാരൻ മുതലാളിയുടെ കാര്യമോക്കുമ്പോൾ അവനു അരിശമാകും. ഛെ, കുമാരൻ മുതലാളി നശിക്കാൻ പാടില്ല. അയാൾ സത്യവാനല്ലേ? പണക്കാരനല്ലേ? എന്നാണവൻ വിചാരിച്ചതു്. എങ്കിലും കുമാരൻ മുതലാളിയൊഴികെ മററെല്ലാ മുതലാളിമാരും ജന്മിമാരും നശിച്ചുകൊള്ളട്ടെ എന്നവൻ തന്നത്താൻ ആലോചിച്ചാശ്വസിച്ചു.

*   *   *   *   *

അന്നു രാത്രി 9 മണിക്കാണു് രാഘവൻ വീട്ടിലെത്തിയതു്. കുമാരൻ മുതലാളി ഒരു കത്തുമായി അവനെ എങ്ങോ അയച്ചിരുന്നു.

വീട്ടിലെത്തി.

"പാർവ്വതീ!" അവൻ വിളിച്ചു. ആ ചെററവാതിൽ പകുതി തുറന്നിട്ടുണ്ടു്! വിളക്കു കത്തുന്നില്ല. അകത്തു ഇരുട്ടു കട്ട പിടിച്ചിരിക്കുന്നു. എന്തോ ഒരു പന്തിയില്ലായ്മയുണ്ടെന്നു അവൻ സംശയിച്ചു.

"പാർവ്വതീ!" അവൻ പിന്നേയും വിളിച്ചു.

രാഘവൻ അകത്തേക്കു കടന്നു ഉറക്കത്തിൽ നിന്നെന്നപോലെ പാർവ്വതി കിടപ്പായിൽനിന്നു പിടഞ്ഞെണീറ്റു സഹോദരൻ കാണാത്തവിധം കീറിപ്പൊളിഞ്ഞ ബ്ളൗസ് ഒരു പഴന്തുണികൊണ്ടു പുതച്ചു വിളക്കു കൊളുത്തി കഞ്ഞിയുമായി അവൾ പ്രവേശിച്ചു

"നേരം അസ്തമിക്കുമ്പോഴക്കും ഉറക്കമായി. ഒരു വിളക്കും കൂടി കത്തിക്കുല്ല."

രാഘവനു ദ്വേഷ്യമായി. നിലത്തു എന്തൊ ഒരു ശീല തടഞ്ഞതു അവൻ എടുത്തു പരിശോധിച്ചു ഒരു ഒന്നാന്തരം പാളക്കര കസവു വേഷ്ടി. പക്ഷെ അതു കീറിപ്പൊളിഞ്ഞിരുന്നു. ആ കസവു തലപ്പാവു അന്നു രാവിലെ കുമാരൻ മുതലാളിയുടെ ചുമലിൽ കിടന്നതായി അവൻ ഓർമ്മിച്ചു വല്ല നായും കടിച്ചു കൊണ്ടുവന്നതായിരിക്കുമെന്നു കരുതി അവൻ അതെടുത്തു ഇറയിൽ തിരുകി

പാർവ്വതിയുടെ മുഖം മ്ലാനമായിരുന്നു, മാർവ്വിടം ശീഘ്രഗതിയിൽ പൊന്തിയും താണും കൊണ്ടിരുന്നു, അവൾ കരയുകയാണ്. എങ്കിലും ആ ഭാവം സഹോദരൻ മനസിലാക്കാതിരിക്കാൻ അവൾ കഴിവതും ശ്രമിച്ചു.

കുനിഞ്ഞിരുന്നു കഞ്ഞികുടിക്കുന്ന രാഘവൻ തലയുയർത്തിയപ്പോൾ ആ ഭാവഭേദം കണ്ടു രാഘവന്റെ ഹൃദയമലിഞ്ഞു:

എന്തോ ആലോചിച്ചു കണ്ടു പിടിച്ചതുപോലെ അവൻ പറഞ്ഞു:

"ഉം- എനിക്കിതിന്റെ കള്ളി മനസ്സിലായി"

ഇത്രയും പറഞ്ഞു അവൻ കുമാരൻ മുതലാളിയുടെ വീട്ടിലേക്കു നടന്നു ..

* * * *

"ഉം- എനിക്കിതിന്റെ കള്ളി മനസ്സിലായി." ആ വാക്കുകൾ പാർവ്വതിയുടെ കണ്ണുകളിൽ പ്രതിദ്ധ്വനിച്ചു. അവൾ നടുങ്ങി അവൾക്കു രാഘവനോടു എന്തോ പറയാനുണ്ടായിരുന്നു. പക്ഷെ അയാൾ നടന്നു കഴിഞ്ഞു അവൾ ആ കീറപ്പായയിലേക്കു വീണു.

"എനിക്കിതിന്റെ കള്ളി മനസ്സിലായി..."

ഒരു ഭ്രാന്തിയെപ്പോലെ അവൾ ആ വാക്കുകൾ ഉരുവിട്ടു

"പാർവ്വതിയെ കല്യാണം കഴിച്ചുകൊടുക്കാത്തതുകൊണ്ടാണ് അവൾ ഈ വല്ലായ്മയൊക്കെ കാണിക്കുന്നതു്" അതുകൊണ്ടു അവളെ വല്ലോർക്കും പിടിച്ചുകൊടുക്കാൻ മുതലാളിയോടു പറയണം അച്ഛൻ മരിക്കുമ്പോൾ കൊടുത്തിരുന്ന ആ നൂറു രൂപാ മുതലാളിയോടു വാങ്ങണം" ഇങ്ങിനെയാണ് രാഘവൻ അവളുടെ കള്ളി മനസ്സിലാക്കിയതു്

രാഘവൻ മുതലാളിയുടെ വീട്ടിലെത്തി. മുതലാളി സ്വകാര്യമുറിയിലാണ്. മുതലാളിയോട് അവൻ വിവരങ്ങൾ ഉണർത്തിച്ചു

അതുകേട്ടു മുതലാളി പുറത്തേക്കിറങ്ങി വന്നു. ചുവന്ന കണ്ണുകളിൽനിന്നും തീപ്പൊരി ചിതറുമാറു കുമാരൻ മുതലാളി അലറി:

"നന്ദികെട്ട ശവങ്ങൾ! ഇതുവരെ തിന്നാനുകൊടുത്തതിൻെറയും ഓണത്തിനും വിഷുവിനും മുണ്ടെടുത്തു കൊടുത്തതിൻെറയും ചിലവു കഴിച്ചാൽ ബാക്കി പണം ഇങ്ങോട്ടു തരണം. നായക്കു തിന്നാൻ കൊടുത്താൽ അതു നന്ദികാട്ടും. ഹും! അവൻെറ പണം! എൻെറ പറമ്പിന്നു മര്യാദക്കു കടി ഒഴിഞ്ഞു താ... നന്ദിയില്ലാത്ത തെണ്ടികൾ"

രാഘവൻ ആ അലർച്ച കേട്ടു ഞെട്ടിപ്പോയി. അവൻ പിന്നീടു അവിടെ നിന്നില്ല

*   *   *   *

നിരാശയുടേയും സങ്കടത്തിൻെറയും കടുത്ത ഭാരവും പേറി രാഘവൻ വീട്ടിലെത്തി. താൻ ബഹുമാനിച്ചും സ്തുതിച്ചും പോന്നിരുന്ന കുമാരൻ മുതലാളിയുടെ കഠോര ശബ്ദത്തിൻെറ അലകൾ അപ്പോഴും അവൻെറ ചെവിയിൽ ആഞ്ഞടിച്ചുകൊണ്ടിരുന്നു. മറയനാണെങ്കിലും അവൻ ചിന്തിച്ചു. ദരിദ്രനായ അവൻെറ പിതാവു അദ്ധ്വാനിച്ചു സമ്പാദിച്ച പണം ഒരു കടുവിൻ കൂട്ടിൽ നിക്ഷേപിച്ചു. ദൗർഭാഗ്യത്തിൻെറ പേക്കിനാവിൽ, നിരാശയുടെ കൂരിരുട്ടിൽ രാഘവൻെറ തലചുററി

വീട്ടിൽ ചെന്നപ്പോൾ പുരയിൽ പാർവ്വതിയെ

കണ്ടില്ല. അവൻവിളിച്ചു അനക്കമില്ല അകത്തു കടന്നു. അവിടെ ആരുമില്ല പുറത്തുവന്നു അവൻ വീണ്ടും സഹോദരിയെ വിളിച്ചു വെളുത്ത കടലാസിൽ ഒരാശ്ചര്യചിഹ്നംപോലെ ആ ചെററപ്പുരമാത്രം ചന്ദ്രികയിൽ അവിടെ നില്ക്കുന്നുണ്ട്. നിശ്ശബ്ദതയുടെ മൂകസംഗീതം ആ തണുത്ത കാററിൽ അലിഞ്ഞുചേർന്നു

രാത്രി മുഴുവൻ അവൻ പാർവ്വതിയെ അന്വേഷിച്ചു നടന്നു. ഒരു ചെറു പൈതലിനെപ്പോലെ അവൻ വാവിട്ടു കരഞ്ഞു

പിറേറന്നു നേരം വെളുത്തിട്ടും പാർവ്വതിയെ എങ്ങും കണ്ടില്ല

ഇറയിൽ തിരികിവെച്ചിരുന്ന ആ കീറിപ്പൊളിഞ്ഞ കസവുവേഷ്ടി ഒരു ഭയങ്കര സംഭവത്തിൻെറ ദൃക്സാക്ഷിയെന്നോണം അവനെ തുറിച്ചു നോക്കുന്നുണ്ടായിരുന്നു ...അവനതെടുത്തു വീണ്ടും പരിശോധിച്ചു...പല സ്ഥലത്തും ചോര ഉണങ്ങി ഒട്ടിപ്പിടിച്ചിരുന്നു....

ആ തപിച്ച ഹൃദയത്തിൽ നിന്നും സംശയങ്ങളുടെ നിരാവി പൊങ്ങി

അവൻ അകത്തു കടന്നു വീണ്ടും പരിശോധിച്ചു. നെയ്തവസാനിക്കാത്ത പുതിയ പായിൽ അവിടവിടെ രക്തം കട്ടിയായിക്കിടക്കുന്നു. പാർവ്വതി ഉടുത്തിരുന്നതും ഉപേക്ഷിച്ചുപോയതുമായ മുണ്ടിലും ബ്ളൗസിലും അവൻ രക്തംകണ്ടു

സംശയങ്ങൾ ...

ഒടുവിൽ അവ യഥാർത്ഥ്യങ്ങളാണെന്നു രാഘവൻ ഗ്രഹിച്ചു

ആത്മഹത്യചെയ്യുന്ന ഒരു മനുഷ്യജീവിയിൽ നിന്നും അവസാനനിമിഷത്തിൽ ഉതിരുന്നതുപോലെ നിരാശയുടെ പതറിയ രോദനത്തോടെ, രാഘവൻ അവിടെ നിന്നുമെഴുന്നേററു നിസ്സഹായതയുടെ മുള്ളുപാതയിലൂടെ നിർഭാഗ്യത്തിൻെറ കൂരിരുട്ടിലേക്കു മന്ദമന്ദം നടന്നുപോയി.

കരഞ്ചന്തയിൽ പഞ്ചസാര വാങ്ങുവാൻ രാഘവനെ അന്വേഷിച്ചു ആ നാട്ടുകാർ അതിൽപ്പിന്നെ അവനെ എങ്ങും കണ്ടിട്ടില്ല

★

70566.

# "കൊച്ച്യൻ"

അടുത്ത വീട്ടിലെ കോക്കിയോടു നേരത്തെ പറഞ്ഞേല്പിച്ചതനുസരിച്ചാണു് മലയാളിയായ നാരായണനെ "ബോയി" വേലക്കു കൊണ്ടുവന്നു കൊടുത്തതു്.

ഗൃഹനായിക ചോദിച്ചു:

"നിന്റെ പേരെന്താ?"

"നാരായണൻ"

"നിനക്കെത്ര വയസ്സായി?"

"പതിനേഴ്"

"നിന്റെ നാടെവിടേണു്?"

"തിരുവിതാംകൂറിൽ"

"നീ ഇതിനുമുമ്പു എവിടേങ്കിലും "ബോയി"പ്പണി ചെയ്തിട്ടൊണ്ടോ?"

"ഇല്ല"

"നിനക്കിവിട നിന്നേക്കാമോ?"

"ന് ന്നോളാം"

"ആട്ടെ; എന്തു ശമ്പളം വേണം?"

"അതൊക്കെ കൊച്ചമ്മ നിച്ചയിച്ചോണ്ടാമതി"

"വേല പരിചയപ്പെടുന്നവരെ മാസത്തീ എട്ടുരൂപ തരാം പരിചയിച്ചിട്ടു കൂട്ടിത്തരുകേംചെയ്യാം"

നാരായണൻ സമ്മതിച്ചു. അങ്ങിനെയാണു അവൻ വെലററ നോനയുടെ വീട്ടിൽ വേലക്കു നിന്നതു്.

നാരായണനു അധികം ജോലിയൊന്നുമില്ല കുട്ടികളെ നോക്കണം. കമ്പോളത്തിൽ പോകണം, മറേറയ്ക്കു തീൻ പടിക്കണം. ആകെ കൂടി നാരായണനതു ബോധിച്ചു.

ഗവർമ്മേണ്ടു വക്കീൽ ഗുണസിംഗിൻെറ ഭാര്യയാണു് വയലററ നോന. വക്കീലിനു കിട്ടുന്ന തുഛമായ വരുമാനം ജീവിതാവശ്യങ്ങൾക്കു തികയുകയില്ല. ഹൈക്കോടതി ജഡ്ജിയുടെ പരീക്ഷായോഗ്യതയുണ്ടെങ്കിലും ഗുണസിംഗിനു മാസം ഇരുന്തൂറു രൂപയിൽ കൂടുതൽ വരുമാനമില്ല.

എന്നാലും വെലററ് ഒരു അഡ്വാക്കററു ജനറലിൻെറ പുത്രിയല്ലേ? മോടിയായി വസ്ത്രധാരണം ചെയ്യണം, ചുണ്ടത്തു ലിപ്സ്ററിക്കിടണം മുഖത്തു പൗഡർ, സിൽക്കു കവാ , നെക്ലസ് അങ്ങിനെ ആ തൈക്കിഴവി അണിഞ്ഞൊരുങ്ങിയേ നടക്കയുള്ളു. അപ്പോൾ അവൾക്കൊരു വേലക്കാരൻ ആവശ്യമാണല്ലോ. വീട്ടുവേലകൾ ചെയ്യാൻ, ശാസന കേൾക്കാൻ—എല്ലാററിനും...

അതിനാൽ നാരായണനെ സ്വന്തം അധികാരമുപയോഗിച്ചു വെലററ നോന വേലക്കു നിറുത്തിയതിൽ ഗുണസിംഗൊന്നും പറഞ്ഞില്ല.

നാരായണൻെറ ജോലികഠം കൂടിവന്നു അതോടെ അവൻ ആ വീട്ടിലെ ഒരംഗത്തെപ്പോലായി. കുട്ടിയെ നോക്കാനും, കടയിൽ പോകാനും, ഗുണസിംഗിൻെറ ബൂട്ട്സ് പോളിഷ് ചെയ്യാനും, മേശപ്പുറത്തുവെയ്ക്കുന്ന പൂപ്പാത്രവും പിച്ചളത്താലവും പോളിഷിടാനും—എല്ലാം നാരായണൻ ചുറുചുറുക്കോടെ പ്രവർത്തിച്ചു

*  *  *  *

കൊല്ലം പലതുകഴിഞ്ഞു

സമയത്തിനു ആഹാരവും മററു ജീവിതസൗകര്യങ്ങളും ലഭിച്ചപ്പോഠം നീർക്കോലിയെപ്പോലിരുന്ന നാരായണൻ തടിച്ചുകൊഴുത്തു. അവൻെറ സുന്ദരഗാത്രത്തിനു കാന്തിയേറി മുഖത്തൊരു മുറി മീശദൃശ്യമായി. നാരായണൻെറ പ്രതിമാസശമ്പളം ഇരുപത്തിനാലു ഉറുപ്പികയായി വർദ്ധിച്ചു

വയലററു നോനാക്കു നാരായണനെ വലിയ ഇഷ്ടമാണ്. "നാരായണാ" എന്നു തികച്ചു വിളിക്കയില്ല. എന്തു കാര്യത്തിനും അവൻെറ അഭിപ്രായമറിയും

വൈലററു നോനയിലും കാലം പല പരിവർത്തനങ്ങളുമുണ്ടാക്കി. നാല്പതോടടുത്ത അവക്കിന്നും ഒരു ഇരുപത്തഞ്ചുകാരിയുടെ പ്രസരിപ്പുണ്ട്. ഉണ്ണണം, ഉടുക്കണം, ഉല്ലാസമായി നടക്കണം. അതായിരുന്നു അവരുടെ ജീവിതോദ്ദേശം. സിൽക്കസാ

രിമാത്രമേ അവർ വീട്ടിൽപോലും ധരിക്കയുള്ളു. വീട്ടിനകത്തു അറകളിൽ ചടപടയെന്നു ഷൂസിട്ടു നടക്കും.

വൈലററ നോവൽ പത്രപാരായണത്തിലും ശ്രദ്ധ പതിപ്പിച്ചു തുടങ്ങി. ചിത്രവാരികകളാണേറ്റവും ഇഷ്ടം. ബസ്റ്റാഫയിൻ, ഹെയർ ഓയിൽ എന്നിവയുടെ പരസ്യങ്ങളും സിനിമാതാരങ്ങളുടെ ചിത്രങ്ങളും മററും അവൾ അതികുതുകത്തോടെ വായിക്കും. മണി അഞ്ചടിച്ചാൽ സായാഹ്നസവാരിക്കിറങ്ങുകയായി

എന്നാൽ ഗുണസിംഗാകട്ടെ നാൾക്കുനാൾ ക്ഷീണിതനായി വന്നു. രാത്രിയിൽ അദ്ദേഹത്തിനു പനിയുണ്ടാകും; ചെമ്പിൽ തട്ടുന്നതുപോലുള്ള ഒരു ചുമയും അയാളെ വിടാതെ പിടികൂടി. ശരീരത്തിന്റെ ശക്തിയും ഉന്മേഷവും ദൈനംദിനം കുറഞ്ഞുവന്നു. ഏഴെട്ടു മാസംകൊണ്ടു അയാൾ എല്ലും തൊലിയും മാത്രമുള്ള ഒരസ്ഥിപഞ്ജരമായി മാറി ധാരാളം ഔഷധങ്ങൾ വിററാമിനുള്ള ഭക്ഷണപദാർത്ഥങ്ങളും കഴിച്ചിട്ടും യാതൊരു ഫലവും ഉണ്ടായില്ല ഒടുവിൽ ഡോക്ടർമാർ വിധിച്ചു, ആ ഗവർമ്മെണ്ടു വക്കീലിനു ക്ഷയമാണെന്നു"

ക്ഷയം ...ആ രോഗത്തിന്റെ ഭീകരതയെക്കുറിച്ചു അയാൾ എപ്പോഴും ചിന്തിക്കും ഗുണസിംഗ് ലോകത്തെതന്നെ വെറുത്തു. അതെ, രോഗിക്കു ലോകമില്ല ലോകസുഖങ്ങൾ രോഗിക്കു വേണ്ടി കാത്തു

നില്ക്കയം ചെയ്യാറില്ല

ഗുണസിംഗ് വക്കീൽ പ്രവൃത്തിക്കു പോകാതായി. വീട്ടിനകത്തു കുനിച്ചുകൂടിയിരുന്നു അയാൾ കൊക്കി കൊക്കി ചുമച്ചു. കട്ടകട്ടയായി കഫവും രക്തവും ഛർദ്ദിച്ചു. നാലഞ്ചു കോളാമ്പി കഫവും രക്തവും ആ ശുഷ്ക ശരീരത്തിൽ നിന്നും ദിവസേന വാന്നു പോയി...

ഇപ്പോൾ ആ വീട്ടിലെ സകല കാര്യങ്ങളും നാരായണന്റെ ചുമലിലാണ്. രോഗശയ്യയിൽ കിടക്കുന്ന ഗുണസിംഗിനെ ശുശ്രൂഷിക്കുന്നതും, മരുന്നിനും, പാലിനും, ബാർലിക്കും എല്ലാം ഓടുന്നതും നാരായണനാണ്. നാരായണനെ സഹായിക്കാൻ പൊടിയന്നൊരു ചെറുക്കനുണ്ട്—ബണ്ട. അവനൊരുറക്കം തൂങ്ങിയാണ്. അവന്റെ ജോലിയും കൂടി നാരായണൻ ചെയ്യണം. അതു ചെയ്യുവാനുള്ള ശക്തിയും കായബലവും നാരായണനുണ്ട് .

നാരായണൻ സുഭഗനായ ഒരു യുവകോമളനാണിന്നു്. കാമൻ കടന്നുകൂടി കൊട്ടുന്ന യുവത്വു്. നാരായണനൊന്നുടുത്തൊരുങ്ങി നിന്നാൽ അവനെ അറിയാത്തവർ കരുതും അവൻ അവിടത്തെ കൊച്ചെജമാനനാണെന്നു്. ചിലപ്പോൾ അവനങ്ങനെ അണിഞ്ഞൊരുങ്ങി നില്ക്കും കണ്ണാടിയിൽ ആ ആകാര ഭംഗി നോക്കി സ്വയം ആസ്വദിക്കും

നാരായണൻ രണ്ടു മൂന്നു ദിവസം വൈലററിൻെറ മുറിയിൽനിന്നും ഇറങ്ങിവരുന്നതു ബണ്ട കണ്ടു. അപ്പോഴെല്ലാം ലജ്ജാസമന്വിതമായ മന്ദഹാസം അവൻെറ മുഖത്തു കളിയാടിയിരുന്നു

രോഗശയ്യയിൽക്കിടക്കുന്ന ഗുണസിംഗിൻെറ ചെവിയിൽ ഒരു ദിവസം ബണ്ട എന്തോ മന്ത്രിച്ചു.

പിറേറന്നു പതിവുപോലെ നാരായണൻ വൈലററിൻെറ മുറിയിൽ പ്രവേശിച്ചപ്പോൾ ഗുണസിംഗ് പതുക്കെ നടന്നു മുറിയുടെ അടുത്തു ചെന്നു. ചുമ വന്നിട്ടും അയാൾ ചുമച്ചില്ല.

അടച്ചിരുന്ന കതകിൻെറ ഇടയിൽക്കൂടി അയാൾ അകത്തേക്കു നോക്കി. ഗുണസിംഗിനു തൻെറ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. വൈലററിൻെറ വിരിമാറിൽ വക്ഷോജങ്ങൾ ചേർത്തു് തലചായ്ച്ചുകൊണ്ടു നാരായണൻ നില്ക്കുന്നു!........കഷ്ടം !....

ഗുണസിംഗിൻെറ ശരീരം ആലിലപോലെ വിറച്ചു അയാൾ ഗർജ്ജിച്ചു.

"ഹെടാ.... വഞ്ചകാ!... എടാ.... കൊച്ചൂ്യാ!"

ഗുണസിംഗ് ബോധശൂന്യനായി നിലം പതിച്ചു ആ കിടപ്പിൽനിന്നുംപിന്നെഅയാൾഎഴുന്നേററില്ല... ഗുണസിംഗ് ദീർഘ നിദ്രയെ പ്രാപിച്ചു!

ഗുണസിംഗ് മരിച്ചപ്പോൾ ഒഴിവുവന്ന ഗൃഹനായകൻെറ സ്ഥാനത്തു് നാരായണനെ അവരോധിക്കുവാൻ പിന്നെ താമസമുണ്ടായില്ല.

ഇപ്പോൾ അവിടത്തെ യജമാനൻ കൊച്ചേപ്പൻ നാരായണനാണ്. അവൻ ആദ്യം ചെയ്ത പ്രവൃത്തി ബണ്ടയെ കാരണം കൂടാതെ പിരിച്ചുവിട്ടതായിരുന്നു

ഇന്നും ആ വഴിയെ പോകുന്നവർ വെള്ളത്ത് ശ്രീവിക്രമറോഡിലുള്ള 'ശ്രീലങ്ക' ഭവനത്തെ ചൂണ്ടിക്കാട്ടി പലതും പറയാറുണ്ട്. വേലക്കാരൻ കൊച്ചേപ്പൻ എന്ന പേരോടു വൈചാറു നോനയുടെ പേരു കൂട്ടിച്ചേർത്ത് സിംഹള ഭാഷയിൽ എന്തോ പിറുപിറുത്തു കൊണ്ടു പഥികർ കടന്നു പോവുക പതിവാണ്.

---

# ചെത്തുകാരന്റെ മകൾ

ചേററുവാമണാൽപ്പുറത്തെ ഒരോണം കേറാ മൂലയായ ആ കുഗ്രാമത്തിലെ ജീൎണ്ണിച്ച ഒരു ചെററപ്പുരയിൽ ഏകദേശം അമ്പതു വയസ്സു പ്രായമുള്ള ഒരു സ്ത്രീ കയർ പിരിച്ചുകൊണ്ടിരിക്കയാണ്. അവരുടെ ഏകപുത്രി കൗസല്യ അരയിൽ ഒരു കീറമുണ്ടു ചുററി അനവധി ശസ്ത്രക്രിയ നടത്തിയ ഒരു ബ്ളൗസിട്ടു് ചെമ്പിച്ച തലമുടിയിൽ തെരുപ്പിടിച്ചു കൊണ്ടു അമ്മയുടെ സവിധത്തിൽ നില്ക്കുന്നു. ചിലപ്പോഴെല്ലാം അവൾ ഒഴ്ക്കിട്ടു കൊടുത്തു ജോലിയിൽ അമ്മയെ സഹായിക്കും.

കൗസല്യയുടെ പിതാവു് ഒരു ചെത്തു തൊഴിലാളിയായിരുന്നു മദിരാശി സംസ്ഥാനത്തു മദ്യനിരോധനം നടപ്പാക്കിയപ്പോൾ പാവപ്പെട്ട ശങ്കരനു ജോലിനഷ്ടപ്പെട്ടു. ഒടുവിൽ ജോലിയന്വേഷിച്ചു അയാൾക്കു കൊളമ്പിലേക്കു തിരിക്കേണ്ടിവന്നു അവിടെ ഒരു വിധം നല്ലവരുമാനമുണ്ടായ ശങ്കരൻ നാട്ടിലേക്കു ധാരാളം പണമയച്ചു അങ്ങിനെ അല്ലലറിയാതെ ആ അമ്മയും മകളുംപുലന്നു. എന്നാൽ ദൗർഭാഗ്യമെന്നു പറയട്ടെ "കുന്താന" എന്ന സ്ഥലത്തുവെച്ചു ഒരു ചെത്തു തെങ്ങിൽനിന്നും വീണു ആ മനുഷ്യൻ മരണമടഞ്ഞു.

ജീവിതത്തിലെ ഏകാവലംബമായിരുന്ന പിതാവിൻെറ മരണം കൗസല്യയേയും അവളുടെ മാതാവിനേയും പരിതൃദുഃഖത്തിലേക്കു നയിച്ചു. ഇപ്പോൾ ചകരി തല്ലിയും കയറു പിരിച്ചും അവർ ഒരുവിധം ജീവസന്ധാരണം ചെയ്കയാണ്.

കൗസല്യ ആ ഗ്രാമത്തിലെ കുഞ്ഞുങ്ങളൊരുമിച്ചു ഓടിച്ചാടി നടക്കാറുണ്ട്. അവളുടെ കളങ്കരഹിതമായ കണ്ണുകൾക്കൊരു വശ്യശക്തിയുണ്ട്. ആ ആകാരസൗഷ്ഠമ ആരേയും ആകർഷിക്കും. കാണുന്നവർക്കു ആ ബാലികയുടെ കവിളിലൊന്നു നുള്ളാൻതോന്നും.

* * * *

ഏഴു നീണ്ടവർഷങ്ങൾ കടിഞ്ഞാണില്ലാത്ത കുതിരകളെപ്പോലെ കടന്നുപോയി. ഈ ഏഴു വത്സരങ്ങൾ കൗസല്യയുടെ ജീവിതത്തിൽ എന്തെന്തു മാററങ്ങളാണ വരുത്തിയതു്!

അവളുടെ വത്സല മാതാവു മരിച്ചുപോയി വയസ്സു പതിനാറായി. ചെറുപ്പത്തിലെ അവൾ ഒരു കൊച്ചുകുസുമമായിരുന്നു. ആ കുസുമം ഇന്നു വിടരുകയില്ല, വികസിക്കയാണ് ചെയ്തിരിക്കുന്നതു്.

താരുണ്യം അവളിൽ വലിയ മാററം വരുത്തി. പഴയ ചെത്തുകാരൻെറ മകളാണെന്നു പറഞ്ഞാൽ ഇന്നാരും വിശ്വസിക്കപോലുമില്ല! കാലത്തിൻെറ കൈവേലകൾ!

ഇക്കാലത്തിനിടക്ക അവാം ഒരുചാൺ വയറു പുലത്താൻ പല ജോലിളിലും ഏർപ്പെട്ടു. പലയിടത്തും വേലക്ക നിന്നു. എന്തിലുപരിയായി ചാരിത്ര്യം സൂക്ഷിക്കണമെന്നു അമ്മ മകളെ പഠിപ്പിച്ചിരുന്നു.

ആയിടക്കാണു അവാം ആ കുബേരബംഗ്ലാവിലെ പണിക്കാരി ആയതു്. അവാം അവിടത്തെ ആയയാണു്. ദാമോദരൻ വൈദ്യരുടെ ശുപാർശ പ്രകാരമാണു് അവാംക്കവിടെ ജോലി കിട്ടിയതു്.

ആ കബേര ഗൃഹത്തിലെ ജീവിതം അവളെ പെട്ടെന്നൊരു സപ്ഗ്ഗീയ സുന്ദരിയാക്കി. എണ്ണമയമില്ലാതെ പാറിപ്പറന്നു കിടന്ന തലമുടി ചീകിഒതുക്കാൻ തുടങ്ങിയപ്പോം മുഖത്തിനു തുടുപ്പേറി. ആ കണ്ണുകളിൽ നീലിമ കളിയാടി മാറിടം ഉയന്നു. ആകെക്കൂടി കൗസല്യയെക്കണ്ടാൽ ആരും ഒന്നു നോക്കിപ്പോകും.

കന്നാലിമേയ്ക്കുന്ന ചെറുക്കൻ മുതൽ മുതലാളിയുടെ മകൻവരെ ആ നിർമ്മല കുസുമത്തിൽ കണ്ണുവെച്ചു. അതു കശക്കി മണക്കാൻ തരം നോക്കി. എല്ലാവക്കുംഅവളോടൊരു പ്രത്യേകത.ആ ബംഗ്ലാവിലെ പുരുഷവൃന്ദങ്ങാംക്ക അവളോടൊരു മമത.

വികാര മൂഢനായ മുതലാളി; അയാളുടെ ദുർവൃത്തനായ പുത്രൻ രാജൻ; വിടനായ കാർഡ്രൈവർ; കന്നാലിച്ചെറുക്കൻ വേട്ടുവ വേലായുധൻ_ഇവ

രെല്ലാം അവളിൽ കണ്ണുവെച്ചതു ഒരു പ്രത്യേക ഉദ്ദേശത്തോടെയാണ്. ആ മാൻപേടയുടെമേൽചാടിവീണ തങ്ങളുടെ "വിശപ്പു"ടക്കുവാൻ ആ പിശാചുക്കൾ തക്കം പാർത്തിരുന്നു.

അച്ഛനും അമ്മയും ഉററവരും ഇല്ലാത്ത ഒരു പെൺകുട്ടി. എപ്പോഴും ആക്രമണഭീതി ആ കുബേര ഗൃഹത്തിൽ പല രാത്രികൾ അവൾ ഉറങ്ങാതെ കഴിച്ചു.

ഒരു രാത്രി അവൾ ബോധം വിട്ടുറങ്ങിപ്പോയി. ഒരു ചൂടുള്ള കൈ അവളുടെ വക്ഷോജങ്ങളെ സ്പർശിച്ചു അവൾ ഉറക്കെ നിലവിളിക്കാൻ ഭാവിച്ചു; ശക്തിയേറിയ മറെറാരു കൈ അവളുടെ വായ പൊത്തി.

അതു ആദ്യത്തെ അനുഭവമായിരുന്നില്ല. അച്ഛൻ, മകൻ, ഡ്രൈവർ കന്നാലിച്ചെറുക്കൻ—അങ്ങിനെ ആ വീട്ടിലെ ഓരോരുത്തരും അവളെ മാറി മാറി ഉപയോഗിച്ചു.

ഒടുവിൽ അവൾ ആ വീടു വിട്ടു. എന്നാൽ മററു വീടുകളിലേയും അനുഭവം വ്യത്യസ്തങ്ങളായിരുന്നില്ല. മണപ്പുറത്തെ പ്രധാന വീടുകളിലെല്ലാം അവൾ വേലക്കാരിയായി കയറിയിറങ്ങി.

* * * *

ഒടുവിൽ വരേണ്ടതു വന്നു. അവൾ ഗർഭിണിയായി. സമുദായം അവളെ ഗൃദ്ധ്രദൃഷ്ടിയോടെ നോക്കി. എല്ലാവരും അവളെ ആട്ടിപ്പായിച്ചു.

കൗസല്യ പുറംതള്ളപ്പെട്ടു. ഉയർന്നു പൊങ്ങിയ ഉദരം മൂടിപ്പുതച്ചു അവൾ ഒരു കുററവാളിയെപ്പോലെ നടന്നു. ആരും അവൾക്കൊരു ശില്ലിക്കാശെറിഞ്ഞു കൊടുത്തില്ല ഒരുനേരത്തെ കഞ്ഞികൊടുത്തില്ല. ആ ജീവിതം അങ്ങിനെ ഇഴഞ്ഞു നീങ്ങുകയാണ്........ എങ്ങോട്ടു്? പാലപ്പെട്ടി, എടമുട്ടം, കരയാമുട്ടം—ഇനിയും എങ്ങോട്ടു്? . കരയാമുട്ടം അറാപ്പുഴയും, അറബിക്കടലും കൊച്ചി തിരുവിതാംകൂർ സംയോജനംപോലെ മനസ്സില്ലാമനസ്സോടെ ആരുടേയോ നിർബ്ബന്ധപ്രേരണായ്ക്കു വശംവദയായി സംയോജിച്ച സ്ഥലത്തു കടന്നു ഇരമ്പുന്നുണ്ടായിരുന്നു.

രണ്ടു ദിവസത്തിനുശേഷം കുറച്ചകലെ കടൽപ്പുറത്തു ഒരു ശവം അടിഞ്ഞു കയറി അതുകാണുവാൻ ഒരു പാടാളുകൾ കൂടി. കൂട്ടത്തിൽവേട്ടുവ വേലായുധൻ പറഞ്ഞു

"ആകായിൽ നിന്നിരുന്ന കൗസല്യമ്മയുടെ ശവമല്ലെ ഇതു്?"

ഉസ്സൻ മാപ്പിള ശരിവെച്ചു

"കണ്ണപ്പൻ വൈദ്യരുടെ വൈദ്യശാലയിൽ താമസിച്ചിരുന്ന കൗസല്യച്ചേത്തിയാണല്ലോ!"

പുലയൻ കുഞ്ഞുരാമൻ പറഞ്ഞു

"ആ അപ്പുക്കുട്ടൻ മെമ്പരുടെ വീട്ടിൽ പാർത്തിരുന്ന കൗസല്യച്ചാടിയാണ്"

അങ്ങിനെ ഓരോരുത്തരും തങ്ങളുടെ അഭി

പ്രായം തട്ടിമൂളിച്ചു, എല്ലാവരും അവളെ അറിയും എന്നാൽ ആരിൽ നിന്നും അവൾക്ക് അഭയം ലഭിച്ചില്ല.........

കൗസല്യയുടെ ശവം കടപ്പുറത്തടിഞ്ഞ വിവരം കാട്ടുതീപോലെ നാട്ടിലെങ്ങും പരന്നു

അവിടത്തെവില്ലേജ് കോൺഗ്രസ് പ്രസിഡണ്ടും അധികാരിയും നാലഞ്ചു പോലീസുകാരും ഇൻസ്പെക്ടർ നമ്പ്യാരും സ്ഥലത്തെത്തി. അടുത്ത സ്ഥലവാസികളിൽ നിന്നും മൊഴിവാങ്ങി. അവളുടെ മരണത്തിനിടയാക്കിയ പലരും അക്കൂട്ടത്തിലുണ്ടായിരുന്നു: പക്ഷെ ഇൻസ്പെക്ടരുടെ ചോദ്യത്തിനു "ഞങ്ങളാരും അറിയില്ലാ" എന്നായിരുന്നു ഉത്തരം

ആശുപത്രിയിൽ കൊണ്ടുപോയി ശവം പോസ്റ്റുമോർട്ടം ചെയ്തപ്പോൾ ആറുമാസം ഗർഭമുള്ള ഒരു സ്ത്രീയുടേതാണെന്നു തെളിഞ്ഞു

ആൾ ആരെന്നു തിരിച്ചറിയാൻ പാടില്ലാത്ത ഒരു ഗർഭിണിയുടെ ശവം കുരിക്കഴി കടൽപ്പുറത്തു അടിഞ്ഞു കയറിയതായും, പോലീസ് അകമ്പടിയോടെ പോസ്റ്റുമോർട്ടത്തിനുശേഷം ശവം പബ്ലിക്ക് സിമിത്തേരിയിൽ അടക്കം ചെയ്തതായും പത്രങ്ങൾ റിപ്പോർട്ടുചെയ്തു

---

# സമരപ്രഖ്യാപനം

"ഛെ! ഛെ! അങ്ങയ്ക്കു നാണമില്ലേ?" കോപസ്വരത്തിലുള്ള ജാനകി അമ്മയുടെ ഈ വാക്കുകൾ കേട്ടുകൊണ്ടാണ് കേശവൻ നായർ വീട്ടിലേക്കു കടന്നു വന്നത്.

കേശവൻ നായർ മകളോടു ചോദിച്ചു:

"ജാനകീ! നീ ആരോടാണു കയർക്കുന്നത്?"

"അച്ഛാ! പൂമുഖത്തു ഞങ്ങളുടെ സ്കൂളിലെ മാനേജർ വന്നിട്ടുണ്ട്. അദ്ദേഹത്തോടാണു ഞാൻ സംസാരിച്ചത്"

"ഹെ, അതെന്താ? മാനേജരോടിങ്ങനെയെല്ലാം പറയാമോ? അദ്ദേഹം നിൻെറ മേലുദ്യോഗസ്ഥനല്ലെ?"

"മേലുദ്യോഗസ്ഥൻ! ഉദ്യോഗമെല്ലാം അവിടെ. ആരായാലെന്താ? ഇത്തിരി വകതിരിവോടെ സംസാരിക്കണം."

"അല്ല, അത്രയ്ക്കെന്താണുണ്ടായത്?"

"അദ്ദേഹം പൂഖമുത്തിരിപ്പുണ്ട്. അച്ഛൻ തന്നെ ചെന്നു ചോദിക്ക്"

കേശവൻ നായർ പൂമുഖത്തെത്തുന്നതിനു മുമ്പു ഈ സംഭാഷണം കേട്ടിരുന്ന മാനേജർ സ്ഥലം വിട്ടു പോയിരുന്നു

ജാനകി അമ്മ കടയ്ക്കാവൂർ ധർമ്മ വിലാസം എലിമെണ്ടറി സ്കൂളിലെ ഒരു അദ്ധ്യാപികയാണ്. ഇരുപത്തിനാലു വയസ്സു പ്രായം. കാഴ്ചക്കു തരക്കേടൊന്നുമില്ല. ജാനകി അമ്മക്കു ധർമ്മവിലാസം സ്കൂളിൽ മൂന്നു കൊല്ലത്തെ സർവ്വീസുണ്ടു്

സ്കൂൾമാനേജർ രാമകൃഷ്ണൻനായർ വളരെമുമ്പേ ജാനകി അമ്മയോടു എന്തെന്നില്ലാത്ത സ്നേഹം പ്രദർശിപ്പിച്ചിരുന്നു, അമ്പതിൽപ്പരം വയസ്സുള്ള ആ മാനേജരുടെ പെരുമാററത്തിൽ ജാനകി അമ്മയ്ക്കു അടുന്നവരെ യാതൊരു ആശങ്കയും തോന്നിയിരുന്നില്ല. ജാനകി അമ്മയുടെ പ്രായക്കാരായ പെൺ മക്കളും വിവാഹിതനായ ഒരു പുത്രനും അയാൾക്കുണ്ടായിരുന്നു. അതിനാൽ അയാൾക്കു "പ്രണയരോഗം" പിടിപെടുമെന്നു അവൾ കരുതിയതേയില്ല. അന്നു സ്വഗൃഹത്തിൽ വെച്ചു മാനേജർ അവളോടു പ്രണയാർത്ഥന നടത്തിയപ്പോഴാണു യാദൃശ്ചികമായി ജാനകിഅമ്മയുടെ പിതാവു കടന്നു വന്നതു്. കാര്യത്തിന്റെ "ഇക്മത്തു്" മനസ്സിലാക്കിയ മാനേജർ ഒരു മൂഷികനെപ്പോലെ അന്നു് അവിടെനിന്നും പലായനം ചെയ്തു

എങ്കിലും ആ രഹസ്യമായ ആഗ്രഹം മാനേജർ മനസ്സിൽ സൂക്ഷിച്ചു പോന്നു. അതിനാൽ അദ്ദേഹം ഇടക്കിടക്കു ജാനകി അമ്മയെ വീട്ടിലേക്കു ക്ഷണിക്കുക പതിവായിരുന്നു

ഒരു ദിവസം ശമ്പളം വാങ്ങാനായി ജാനകി അമ്മ മാനേജരുടെ വീട്ടിൽ ചെന്നു. മാനേജർ അവരെ സസന്തോഷം സ്വാഗതം ചെയ്തു. ആഫീസ് മുറിയിൽ ഒരു കസേര നീക്കിയിട്ടു കൊടുത്തു. ജാനകി അമ്മ അല്പം വൈമനസ്യത്തോടെ ഇരുന്നു

മാനേജർ പലതിനേയും പററി സംസാരിച്ചു. ശമ്പളം നല്കാനുള്ള ഭാവമൊന്നും കാണായ്കയാൽ ജാനകി അമ്മ പറഞ്ഞു

"മാനേജരേ! നേരം വൈകുന്നു. ഞാൻ പോകട്ടെ. എനിക്കു കൊട്ടാരക്കര ബസ്സു കിട്ടുകയില്ല"

"ജാനകി അമ്മയ്ക്കെന്താണിത്ര ധൃതി? മുലകുടിക്കുന്ന കുട്ടികളൊന്നുമില്ലല്ലൊ"

"അതൊക്കെ ശരി; ഞാൻ പോകട്ടെ... ശമ്പളം....?"

"ശമ്പളമോ?"

"ഞാൻ പോകുന്നു, ശമ്പളം തരുന്നില്ലെങ്കിൽ വേണ്ട"

അവൾ ധൃതിയിൽ അവിടന്നെഴുനേററു നടന്നു. ഓ! ആ കിളി അത്രവേഗം പറന്നു പൊയ്ക്കളയുമെന്നു അയാൾ കരുതിയില്ല. കുഞ്ഞിക്കുടയും കക്ഷത്തിൽ വെച്ചു മന്ദമായി നടന്നകലുന്ന ജാനകി അമ്മയുടെ പൃഷ്ഠഭാഗം നോക്കി മാനേജർ ദീർഘമായൊന്നു നിശ്വസിച്ചു

പിറേറന്നു ക്ലാസിൽ ചെന്ന ജാനകി അമ്മയോട ശിപായി പറഞ്ഞു

"മാനേജർ വിളിക്കുന്നു"

അവരം ആഫീസ് മുറിയിലേക്കു ചെന്നു. മാനേജർ ജാനകി അമ്മയെക്കാത്തു അക്ഷമനായിരിക്കയാണ്. അവരെക്കണ്ടപ്പോഠം അയാളുടെ ചുളിഞ്ഞ മുഖത്തു ഒരു പുഞ്ചിരി പരന്നു

"ഇന്നലെ എന്താ, പെട്ടെന്നു പൊയ്ക്കളഞ്ഞത്?"

"അതുകാരണം ബസ്സു കിട്ടി"

"ശമ്പളം....... ?"

"ഇങ്ങു തന്നേക്കു"

"അതു പെട്ടെന്നു തരുകയില്ല"

"എന്താ താമസം?"

"സുന്ദര വസ്തുക്കഠം നോക്കിക്കാണുക എന്തൊരു സുഖമാണ്. "

"എന്നാൽ വല്ല പ്രദർശനശാലയിലും പോകണം "

അവിടെയുള്ളതു നിർജ്ജീവ വസ്തുക്കളല്ലേ? അതല്ല. ഞാൻ പറഞ്ഞതു ജാനകി അമ്മയുടെ സൗന്ദര്യത്തെക്കുറിച്ചാണ്, മാത്രമല്ല, ഒരു സന്തോഷ വാർത്ത കൂടി....."

"എന്താ?"

"വരുന്ന പതിനഞ്ചാം തീയതി മുതൽ ധർമ്മ വിലാസം പെൺ പള്ളിക്കൂടത്തിലെ പ്രധാന അ

ദ്ധ്യാപികയായി ഞാൻ നിങ്ങളെ നിയമിച്ചു ഉത്തര വിട്ടു കഴിഞ്ഞു"

"മാനേജരുടെ ദയവിനു നന്ദി"

മാനേജർ ശമ്പളം എണ്ണിക്കയ്യിൽക്കൊടുത്തു. അതുവാങ്ങാൻകൈനീട്ടിയ മിസ്റ്റ്രസ്സിനെ ആ വിടൻ കടന്നു പിടിച്ചു. തുടന്നു ജാനകി അമ്മ കതറി. മാനേജർ വിട്ടില്ല. സഹികെട്ടു അവർ ഉച്ചത്തിൽ നിലവിളിച്ചു.......

ബഹളം കേട്ടു അദ്ധ്യാപകന്മാരെല്ലാം ആഫീസ് മുറിയിലേക്കോടി. ജാനകി അമ്മ ഒരു പെൺപുലിയെപ്പോലെ ചീററിക്കൊണ്ടു നില്ക്കുന്നു. മാനേജർ ഇളിഭ്യനായി ജാനകി അമ്മ അന്നുതന്നെ ഉദ്യോഗം രാജിവെച്ചു

അതിനെത്തുടന്നു അഖില കേരള അദ്ധ്യാപക യൂണിയൻ മാനേജരുടെ ധിക്കാര പരമായ പ്രവൃത്തിയുടെ നേരെ സമര പ്രഖ്യാപനം നടത്തി.... പിറേറന്നു ലഭിച്ച വാത്ത അത്ഭുതകരമായിരുന്നു. അപമാനം സഹിക്കവയ്യാതെ മാനേജർ കൊളമ്പിലേക്കു കപ്പൽ കയറി എന്നതായിരുന്നു ആ വാത്ത.

വിവരമറിഞ്ഞ ജാനകിഅമ്മ തൻെറ രാജി പിൻവലിച്ചു. ധമ്മവിലാസം പെൺപള്ളിക്കൂടത്തിലെ പ്രധാനാദ്ധ്യാപികയായി ചാൎജെടുത്തു

# മാനസാന്തരം

ഉപജീവനാർത്ഥം ഉദ്യോഗാർത്ഥിയായി 1937-ൽ സിങ്കപ്പൂരിലെത്തിയ ശ്രീധരൻ, ലോക ചരിത്രത്തിൽ അനവധി അദ്ധ്യായങ്ങൾ ഒന്നിനു പിറകേ മറെറാന്നായി എഴുതിച്ചേർക്കാനിടയാക്കിയ സംഭവബഹുലമായ നീണ്ട പത്തുവർഷത്തിനുശേഷം 1947-ൽ സ്വദേശത്തു വന്നിരിയ്ക്കുകയാണ്.

അച്ഛനമ്മമാരുടെ നിർബ്ബന്ധപ്രകാരം തനിയ്ക്കിഷ്ടമില്ലാത്ത ഒരു വിവാഹബന്ധത്തിൽ, പ്രഭുകുമാരിയായ "ലീല"യുടെ കണ്ഠത്തിൽ വരണമാല്യമണിയിയ്ക്കുമ്പോൾ, ശ്രീധരൻെറ ഹൃദയത്തിൽ പല ചിന്തകളും അലതല്ലിക്കൊണ്ടിരുന്നു. അയാളുടെ കൈകൾ തന്നിമിത്തം വിറച്ചിരുന്നെങ്കിലും, അതു താല്ക്കാലികമായ ഒരു പരിഭ്രമമായി മാത്രമാണ്, സ്നേഹിതന്മാരും മററും കരുതിയതു്.

ലീലയ്ക്കു് സൌന്ദര്യം പഠിപ്പു്, പദവി, പരിഷ്ക്കാരം ഇവയെല്ലാമുണ്ടായിരുന്നെങ്കിലും അവളെ വിവാഹം ചെയ്യാൻ ശ്രീധരനു വലിയ ഇഷ്ടമുണ്ടായിരുന്നില്ല. അഭ്യസ്തവിദ്യയും പച്ചപരിഷ്ക്കാരപ്രിയയുമായ അവളുടെ ജീവിതരീതിയും, തൻെറ ജീവിതരീതിയും തമ്മിൽ ഇണങ്ങുകയില്ലെന്നും; പോരെ

ങ്കിൽ, പരിമിതമായ തന്റെ സമ്പാദ്യംകൊണ്ടു, ആഡംബരപ്രിയയായ ലീലയെ പുലത്തുവാൻ സാധിക്കുകയില്ലെന്നും ശ്രീധരനു നല്ലപോലെ അറിയാമായിരുന്നു. എന്നാൽ ലീലയെത്തന്നെ വിവാഹം ചെയ്യണമെന്നു അച്ഛനമ്മമാർ ശ്രീധരനെ നിർബ്ബന്ധിച്ചു

ലീലയുടെ സ്വഭാവം ശ്രീധരന് വിവാഹത്തിനു മുൻപുതന്നെ അറിയാമായിരുന്നു. അതിനാൽ വിവാഹാനന്തരം അവളുമായി യാതൊരു പിണക്കവുമില്ലാതെ കഴിയുവാൻ അയാം അത്യധികം ക്ഷമ പ്രദർശിപ്പിച്ചു് പുതിയൊരു സാധനം കണ്ടാൽ അവൾക്കതുപ്പോളതുവാങ്ങണം. പുതിയൊരു ബനാറീസ് സാരി ഏതെങ്കിലും വലിയ ഒരുദ്യോഗസ്ഥന്റെ ഭാര്യ ധരിച്ചു കണ്ടാൽ മതി ഉടൻ അങ്ങനത്തെ ഒരു സാരിക്കു അവൾ ശ്രീധരനെ അലട്ടിത്തുടങ്ങും; വാങ്ങിക്കൊടുക്കാതിരുന്നാൽ അവൾക്കു വലിയ പരിഭവമാകും. അവൾ മുഖം വീർപ്പിക്കും. തന്റെ നിർഭാഗ്യത്തെക്കുറിച്ചു ആവലാതിപ്പെടും

"കുട്ടിക്കുറാ പൗഡറും, ടൂത്തുപേസ്റ്റും ലിപ്സ്റ്റിക്കും ഒക്കെ കഴിയാറായി എന്നു പറഞ്ഞു തുടങ്ങിയിട്ടു എത്രനാളായി." വൈകുന്നേരം ആഫീസു വിട്ടു ക്ഷീണിച്ചു വീട്ടിലേക്കു മടങ്ങിവരുമ്പോൾ ലീല ശ്രീധരനെ ഇങ്ങനെ എതിരേൽക്കും. "ഓ! കൊണ്ടുവരില്ലെങ്കിൽ അതുപറഞ്ഞാൽ പോരെ!" പുരികം തെ

ല്ല ചുളിച്ച, മുഖം വീൎപ്പിച്ച അവൾ ശ്രീധരനെ നോക്കും. ആ സാധു പരിഭ്രമത്തോടും ഭയത്തോടും കൂടി, വിളറിയ ഒരു മന്ദഹാസം തൂകിക്കൊണ്ട് സാന്ത്വനത്തിനാരംഭിക്കും

"ഓ! ആ കാര്യം തീരെ മറന്നതാണു്. ലീലെ തീൎച്ചയായും നാളെ വാങ്ങിച്ചുകൊണ്ടുവരാം"

പുതിയ ഓരോ സംഭവങ്ങളും അതിനെത്തുടൎന്നു പരിഭവങ്ങളും അങ്ങിനെ ഓരോ ദിവസവും നടന്നുകൊണ്ടിരുന്നു. ലീലയെ ഒരു വിധത്തിലും സന്തോഷിപ്പിക്കുവാൻ തനിക്കു സാധിയ്ക്കുകയില്ലെന്നു കാലക്രമേണ ശ്രീധരനു ബോദ്ധ്യമായി. ലീലയുടെ ഓരോ ആവശ്യങ്ങൾ നിറവേററുവാൻ ശ്രീധരൻ എത്രത്തോളം താല്പൎയ്യം പ്രദൎശിപ്പിച്ചുവോ അത്രകണ്ടു അവളുടെ ആവശ്യങ്ങളും, ആഗ്രഹങ്ങളും നാൾതോറും വൎദ്ധിച്ചുവന്നു. അപ്രകാരം തന്നെ അവളുടെ ദ്വേഷ്യവും പരിഭവവും. തന്റെ ദാമ്പത്യജീവിതം ശ്രീധരൻ നാൾതോറും അധികമധികം വെറുത്തു. ലീല ഒരു മിനുട്ടു പോലും അയാൾക്കു സൈ്വരം കൊടുത്തിരുന്നില്ലെന്നു മാത്രമല്ല, അയാൾ എന്തു ചെയ്യുമ്പോഴും രൂക്ഷമായി വിമൎശിച്ചുകൊണ്ടുമിരുന്നു

ഒരു കുട്ടി ഉണ്ടായിട്ടു പോലും പ്രാരബ്ധങ്ങളേയോ ചുമതലകളേയോ പററി അവൾ തെല്ലും ചിന്തിച്ചില്ല

ലീലയുടെ ആഡംബരങ്ങളും പരിഷ്കാരങ്ങളും പുലർത്തിപ്പോരുവാൻ തൻെറ ആത്മാഭിമാനം പോലും വിറ്റുകളയേണ്ടതായി വരുമോ എന്നു ശ്രീധരൻ സംശയിച്ചുതുടങ്ങി. കിട്ടുന്നവരുടെ കയ്യിൽ നിന്നെല്ലാം ശ്രീധരൻ കടം വാങ്ങിയിരുന്നുവെങ്കിലും, മര്യാദപോലെ മടക്കിക്കൊടുക്കുവാൻ സാധിക്കാതെ അയാൾ കുഴപ്പത്തിലായി

അന്നൊരു ഒഴിവു ദിവസമായിരുന്നു. ഭാര്യയേയും പ്രത്യേകിച്ചു കടക്കാരേയും ഭയന്നു ശ്രീധരൻ രാവിലെതന്നെ വീട്ടിൽ നിന്നും പുറത്തേക്കിറങ്ങി. പകൽ മുഴുവൻ പല "ലേബാറി"ലും "ചാണ്ടി"യിലും ചുററിത്തിരിഞ്ഞതിനുശേഷം ഇരുട്ടായപ്പോൾ അയാൾ വീട്ടിലേക്ക് പതുങ്ങിപ്പതുങ്ങി കയറിച്ചെന്നു. കടക്കാരെ ഭ.ന്നു അധികം ആൾസഞ്ചാരമില്ലാത്ത വഴിയിൽ കൂടിയാണ് ശ്രീധരൻ മടങ്ങിയതു്. "ചാൻസറിലൈനി"ലെത്തിയപ്പോൾ ചെറിയ ഒരോലപ്പുരയിൽ ഒരു മണ്ണെണ്ണ വിളക്കെരിഞ്ഞിരുന്നു അതിൻെറ മങ്ങിയവെളിച്ചത്തിൽ ഒരു കൂലിക്കാരനായ തമിഴനും അവൻെറ ഭാര്യയും മൂന്നു കുട്ടികളും ഭക്ഷണത്തിനിരിക്കുന്നതു ശ്രീധരൻ കണ്ടു. അവരുടെ സ്നേഹപൂർണ്ണമായ പെരുമാററവും സംതൃപ്തിയും ഉല്ലാസവും കണ്ടു ശ്രീധരൻ കുറച്ചുസമയം അവരെത്തന്നെ നോക്കിനിന്നു. തൻെറ ദാമ്പത്യ ജീവിതവും ആ കൂലിക്കാരൻെറ ജീവിതവുമായി ശ്രീ

ധരൻതാരതമ്യപ്പെടുത്തി. "കഷ്ടം"! അയാഠം ചിന്തിച്ചു. "ഇപ്രകാരം സംതൃപ്തിയോടുകൂടി ഒരു ദിവസമെങ്കിലും കഴിച്ചുകൂട്ടുവാൻ എനിക്കു് സാധിച്ചിരുന്നെങ്കിൽ!....എൻെറ ദാമ്പത്യജീവിതം! അതെത്ര തിക്തമായ ഒരവസ്ഥയിലായിപ്പോയി സ്നേഹത്തേയും സൗഖ്യത്തേയും ലാക്കാക്കി ഞാൻ എന്തെല്ലാം പാഴ്വേലചെയ്തു! സമാശ്വാസവും സംതൃപ്തിയുമുഠംകൊള്ളുന്ന രണ്ടുവാക്കെങ്കിലും കേഠംക്കുവാൻ എൻെറ ചെവി എത്ര കൊതിച്ചു. ധനത്തേയും പദവിയേയും മാത്രം സ്നേഹിക്കുന്നതിനു് പകരം മനുഷ്യൻ മനുഷ്യനെ സ്നേഹിച്ചിരുന്നുവെങ്കിൽ........"

കടക്കാരെപ്പററിയുള്ള ഓരോ ഓമ്മകഠം ശ്രീധരൻെറ ചിന്തകളെ ഒന്നുകൂടി ഇളക്കിത്തീത്തു. ഭാവിയിലെന്താണു് ചെയ്യേണ്ടതെന്നു് എത്രതന്നെ ആലോചിച്ചിട്ടും അയാഠംക്കു അന്തംകിട്ടിയില്ല മസ്തിഷ്കം പുകയുന്ന ചിന്തകഠം നിമിത്തം ശ്രീധരനു് അന്നുരാത്രി തീരെ ഉറക്കം വന്നില്ല

പിറേറന്നു് പ്രഭാതത്തിൻ ശ്രീധരൻ ലീലയെ വിളിച്ചു സമീപത്തുനിന്നു് ഇപ്രകാരം പറഞ്ഞു:—

"ലീലേ നമ്മുടെ ചിലവുകളെല്ലാം വളരെ വദ്ധിച്ചു പോകുന്നു. ചിലവുകഠം കുറെച്ചുരുക്കിയില്ലെങ്കിൽ..........."

"ഓ! അതെൻെറ കുററമായിരിക്കാം അല്ലേ?"

അവൾ ദ്വേഷ്യത്തോടുകൂടി ഇടയ്ക്കുകടന്നു് ചോദിച്ചു

"ആരുടേയും കുററമല്ല". ശ്രീധരൻ പറഞ്ഞു:— "കാര്യം ഭംഗിയാക്കി ചെലവുകൾ ഇനിയും ചുരുക്കണമെന്നാണു് ഞാൻ പറയുന്നതു്, നോക്കു, നമുക്ക ഒരു വേലക്കാരനും, അരിവെപ്പുകാരി "ചിന്നത്തി"യു മില്ലാതെ കഴിഞ്ഞുകൂടെ?"

"ശരി! ശരി! ഭൃത്യനേയും അരിവെപ്പുകാരിയേയും വേഗം പിരിച്ചയച്ചോളു. പക്ഷേ ഞാനെൻെറ കാര്യം പറയാം, അടുക്കളെപ്പണിയും മററും എന്നെക്കൊണ്ടാവില്ല. അതിനുവേറെ വല്ലവരേയും...."

കോപത്തോടുകൂടി അവൾ അവിടെനിന്നും എണീററുപോയി. ദിവസങ്ങൾ പിന്നെയും പലതു കഴിഞ്ഞു. ശ്രീധരൻെറ ചില കടക്കാർ അയാളെ ബുദ്ധിമുട്ടിച്ചുതുടങ്ങി. സാമ്പത്തികമായ പല കഴപ്പങ്ങൾകൊണ്ടും മാനസികമായ ക്ലേശങ്ങൾകൊണ്ടും ജീവിതം ഭയങ്കരമായ ഒരു ഭാരമായി ശ്രീധരനു തോന്നി. സംഗതികൾ എങ്ങിനെയെങ്കിലും ഒതുക്കാതിരുന്നാൽ തൻെറ ഉദ്യോഗംപോലും നഷ്ടപ്പെടുമെന്നുള്ള ഘട്ടമായി. ഗത്യന്തരമില്ലെന്നു് കണ്ടപ്പോൾ ഒരു ദിവസം ശ്രീധരൻ ലീലയോടു് സവ്കാര്യമായി പറഞ്ഞു:—

"കുറച്ച് പണത്തിനാവശ്യമായിരിക്കുന്നു. ലീലയുടെ ആ മാല തല്ക്കാലം തരുമെങ്കിൽ..........."
പരിഭ്രമം നിമിത്തം ശേഷം തുടരുവാൻ ശക്തനാകാതെ അയാൾ ഒന്നു് ചുളിഞ്ഞു

പുരികം ചുളിച്ചുകൊണ്ടു് ലീല ശ്രീധരനെ രൂക്ഷമായൊന്നു നോക്കി

"എന്തിനു്?" അവൾ ചോദിച്ചു. "പണയംവയ്ക്കുവാനാണോ"?

"അതേ, കുറച്ചു് ദിവസത്തേയ്ക്കുമാത്രം" ശ്രീധരൻ പ്രതിവചിച്ചു.

"ഉം; ആഭരണങ്ങളുണ്ടാക്കിത്തരുവാനാരുമില്ല. ഇതെല്ലാം എൻെറ അച്ഛനമ്മമാർ തന്ന ആഭരണങ്ങളാണ്. ഇതാ എല്ലാം അഴിച്ചുതരാം. പണയംവയ്ക്കുകയോ വിൽക്കുകയോ ചെയ്തോളൂ. ഒരു സ്ത്രീയുടെ ആഭരണങ്ങൾ പണയംവയ്ക്കാൻ ചോദിച്ച നിങ്ങൾ ഒരു പുരുഷനാണോ? ഒരു സ്ത്രീയേ പുലർത്താൻ കഴിവില്ലെങ്കിലെന്തിനു കല്ല്യാണം കഴിച്ചു മററുള്ളാണുങ്ങളോടൊപ്പം നടക്കാൻ സിങ്കപ്പൂരിലേയ്ക്കു് വലിഞ്ഞുകയറി?"

അവൾ അവളുടെ അച്ഛനമ്മമാർ പണിയിച്ചുകൊടുത്ത മൂന്നുചുററുകളുള്ള അവിൽമാലയും, പത

കവും, വളയുമെല്ലാം അഴിച്ചു് ശ്രീധരൻെറ മുമ്പി ലേക്കെറിഞ്ഞു

ശ്രീധരൻ കുറച്ചു സമയം ഒരക്ഷരംപോലും ഉരിയാടിയില്ല. സഹിക്കാൻ വയ്യാത്ത ലജ്ജയും, തീവ്രമായ അപമാനവും തന്നെ വിഴുങ്ങുന്നുണ്ടെന്നു അയാൾക്കു തോന്നി. ഒടുവിൽ കുറച്ചൊരു അഭിനയപാടവത്തോടുകൂടി, കൃത്രിമമായി പൊട്ടിച്ചിരിച്ചുകൊണ്ടു, അയാൾ തന്മയത്വത്തോടുകൂടി കൃത്യം ഭംഗിയാക്കി "ഞാൻ വെറും നേരംപോക്കു പറഞ്ഞതാണു്, ലീലേ, ലീലയുടെ ദ്വേഷ്യം കാണുവാൻ വേണ്ടി." അയാൾ ആ ആഭരണങ്ങളെടുത്തു ലീലയെ അണിയിച്ചു

*       *       *       *       *       *       *

തൻെറ ഭീമമായ ചുമതലകൾ ചിലതെല്ലാം അവസാനിക്കുന്നതുവരെ ലീലയേയും, തൻെറ ഓമനപ്പുത്രിയേയും നാട്ടിൽ കൊണ്ടുപോയി താമസിപ്പിക്കുവാൻ ശ്രീധരൻ നിർബ്ബന്ധിതനായി. അടുത്ത രണ്ടാഴ്ചയ്ക്കകം മദിരാശിയിൽനിന്നുംവന്ന "വാസ്ന" തിരിച്ചു പോയപ്പോൾ ആ കപ്പലിൽ ലീലയും ശ്രീധരനും അവരുടെ ഓമനപ്പുത്രിയും ഉണ്ടായിരുന്നു

ഭാര്യയെ സ്വഗൃഹത്തിൽ താമസിപ്പിച്ചു ശ്രീധരൻ നാട്ടിൽ നിന്നും മടങ്ങി. മാസം രണ്ടു കഴിഞ്ഞു. ശ്രീധരൻെറ എഴുത്തുവരുവാനുള്ള ദിവസ

ങ്ങൾ അതിക്രമിച്ചിട്ടും ലീലക്ക ഒരു കത്തും കിട്ടിയില്ല. ലീല ശ്രീധരനു ഒന്നു രണ്ടു കത്തുകൾ അയച്ചു. പക്ഷെ മറുപടി കിട്ടിയില്ല. അവൾ പിന്നെയും എഴുതിനോക്കി. മാസങ്ങൾ രണ്ടു മൂന്നു കഴിഞ്ഞു ശ്രീധരൻെറ യാതൊരു വിവരവും അവൾക്കു ലഭിച്ചില്ല.

തന്നിമിത്തം പരിഭ്രമത്തോടും ഉൽക്കണ്ഠയോടും കൂടി ലീല ദിവസങ്ങൾ തള്ളിനീക്കുന്നതിനിടയിൽ ശ്രീധരനു് ആരോ അയച്ചിരുന്ന നാലെഴുത്തുകൾ അവൾക്കു കിട്ടി അവൾ സംഭ്രമത്തോടുകൂടി എഴുത്തുകൾ പൊളിച്ചു വായിച്ചു. ആദ്യത്തെ എഴുത്തു് ശ്രീധരൻെറ ജോലി സ്ഥലത്തു നിന്നായിരുന്നു

Singapore
മി. ശ്രീധരനു്, 1-2-1948

നിങ്ങൾ വിശ്വസ്ഥനാണെന്നു നിങ്ങളുടെ കഴിഞ്ഞ പത്തുകൊല്ലത്തെ കമ്പനി ജീവിതത്തിൽനിന്നും തോന്നിയിരുന്നതുകൊണ്ടാണു്. മൂന്നുമാസത്തെ ശമ്പളം ഞങ്ങൾ മുൻകൂറായി തന്നതു്. അതിനും പുറമേ നിങ്ങൾ കമ്പനിയിൽനിന്നും 75ഡോളർ കടം വാങ്ങിയിട്ടുമുണ്ടല്ലോ. ഇതെല്ലാം കയ്യിലായതിനുശേഷം ആഫീസിൽ വരാതെയും വിവരമറിയിക്കാതെയും നിങ്ങളിങ്ങനെ പെരുമാറിയതിൽ ഞങ്ങൾക്കു വലിയ അത്ഭുതമുണ്ടു്. ഈ കത്തു കിട്ടിയാലുടനെ ജോലിക്കുവന്നുചേരുകയും നിങ്ങളുടെ ഈ താ

മസത്തിനകാരണം ഞങ്ങളെ അറിയിയ്ക്കുയും ചെയ്യണം. അടുത്ത കപ്പലിൽവന്നു ഇപ്രകരം ചെയ്യാതിരുന്നാൽ പിന്നെയുണ്ടാകാനിടവരുന്ന ഭവിഷ്യത്തുകൾ നിങ്ങൾതന്നെ അനുഭവിക്കേണ്ടിവരും—

മാനേജർ"

മററു മൂന്നു കത്തുകളും ഓരോ കടക്കാരുടേതായിരുന്നു

കത്തുകൾ നാലും വായിച്ച ഉടനെ ലീലയുടെ ദേഹം വിയൎത്തൊലിച്ചു അവളുടെ സൎവ്വ അവയവങ്ങളും തളൎന്നു. തൻെറ ഭൎത്താവിൻെറ സ്ഥിതിയേക്കുറിച്ചു് അവൾ അപ്പോൾ മാത്രമാണു് ചിന്തിച്ചതു്. അവളുടെ കവിൾത്തടത്തിലൂടെ രണ്ടു് കൊച്ചരുവികൾ പൊട്ടിയൊലിച്ചു് മലയിടുക്കുകളിലേയ്ക്കു് ചെന്നുചേരുന്നതുപോലെ അവളുടെ പരിഷ്കൃതമായ ആ ഇടുങ്ങിയ ....V നെക്കു ബ്ലൗസിനിടയിലുകൂടി കീഴ്പ്പോട്ടിറങ്ങി മറഞ്ഞു; അവൾ കത്തുകൾ ഒരാവൎത്തികൂടി വായിച്ചു. അവളൊരു നെടുവീൎപ്പിട്ടു

ശ്രീധരൻെറനേരെ അവളുടെ ഹൃദയത്തിൽ അന്തൎലീനമായിക്കിടന്നിരുന്ന സ്നേഹം അപ്പോഴാണു് അതിൻെറ പാരമ്യത്തിലെത്തിയതു്. അവളുടെ മനഃസാക്ഷി പെട്ടെന്നു് ഒന്നു ജ്വലിച്ചു:—"ഇത്രകാലമായിട്ടും ഇതൊന്നും എന്നെ അറിയിക്കാതെ ക

ഴിയ്ക്കുവാൻ അദ്ദേഹം എത്ര പരിശ്രമിച്ചിട്ടുണ്ടായിരി യ്ക്കണം" ചുട്ടുനീറുന്ന ഹൃദയത്തോടു കൂടി അവരം ചി ന്തിച്ചു. ഹാ! എനിക്കു് ഓക്കുവാൻപോലും വയ്യ! എ ത്രപരുഷതയോടു കൂടിയാണു് ഇതുനാളും ഞാൻ അദ്ദേഹത്തോടു പെരുമാറിയതു്. എൻെറ സൗഖ്യ ത്തിനും ആഡംബരത്തിന്നും വേണ്ടി അദ്ദേഹം എ ന്തെല്ലാം — ചെയ്തിരുന്നു. എന്നാൽ അതിനെല്ലാം ഞാൻ കൊടുത്ത പ്രതിഫലം പരുപരുത്ത വാക്കുക ളും കുത്തുമൂത്ത നോട്ടങ്ങളും മാത്രം! എൻെറ ആഭര ണങ്ങരം—അതെ.. അതാണു് ഞാനധികം വിലവച്ച തു്........കഷ്ടം! ഞാനദ്ദേഹത്തെ നാട്ടിൽ നിന്നാ ട്ടിയോടിച്ചു........കടക്കാരെ ഭയന്നു് അദ്ദേഹം ഒരു പക്ഷേ വല്ലതും—ഹൗ—എനിക്കു ചിന്തിക്കുവാൻ പോ ലും വയ്യ ......." അവരം ഓരോന്നാലോചിച്ചു വിങ്ങി വിങ്ങിക്കരഞ്ഞു

ലീലയുടെ അച്ഛനമ്മമാരും ആ കത്തുകരം വാ യിച്ചു നോക്കി. പുത്രിയെ സമാശ്വസിപ്പിയ്ക്കേണ്ട തിനു പകരം, അവളുടെ ദുഃഖം വദ്ധിപ്പിക്കുവാൻ മാത്രമേ അവക്കു സാധിച്ചുള്ളു.

ലീല അവളുടെ വിലയേറിയ അവിൽ മാല യും പതക്കവും വിററു ഭത്താവു കമ്പനിയിൽ നി ന്നും കടം വാങ്ങിയ 750 ഡോളർ അയച്ചുകൊടുത്തു

പിന്നെയും മാസങ്ങൾ പലതു കഴിഞ്ഞു പക്ഷെ ശ്രീധരനെപ്പററിയാതൊരു വിവരവും എത്ര പരിശ്രമിച്ചിട്ടും ലീലയ്ക്കു കിട്ടിയില്ല. തീവ്രമായ ശോകാഗ്നി അവളുടെ ഹൃദയത്തെ അല്പാല്പം ചാമ്പലാക്കി

ഒരു ദിവസം. യാദൃശ്ചികമായി ലീലയുടെ മേൽവിലാസത്തിൽ ഒരു കത്തുവന്നു. തനിക്കു പരിചയമുള്ള കൈയ്യെഴുത്താണതെന്നു ലീല ഉടൻ മനസ്സിലാക്കി. ആശയോടും ഉൽക്കണ്ഠയോടും ഭയത്തോടും കൂടിഅവൾ എഴുത്തു തിരിച്ചും മറിച്ചും നോക്കി വിറകൊള്ളുന്ന കൈകളാൽ അതുടൻ പൊട്ടിച്ചു. അവൾ ഊഹിച്ചതു പോലെ ശ്രീധരൻെറ കത്തുതന്നെ ആയിരുന്നു അതു

"ലീലേ, ഞാൻ ഇപ്പോഴും ഈ ലോകത്തിൻെറ ഒരു മൂലയിൽ ജീവിച്ചിരിപ്പുണ്ടു്. എവിടെയും സ്ഥിരതാമസമില്ല. ഓരോദിക്കുകളിലായി ചുററിസ്സഞ്ചരിച്ചു വരുന്നു. നിർഭാഗ്യവാനായ എന്നെ ഓർത്തു ആരും ദുഃഖിക്കരുതു"

ഞാൻ നാടുവിടേണ്ടിവന്നതിൻെറ കാരണം ഇപ്പോഴെങ്കിലും ലീല അറിഞ്ഞിരിക്കുമല്ലൊ. എൻെറ ഓമന മകളെ — തങ്കക്കുടത്തെ — ഓക്കുമ്പോൾ എൻെറ ഹൃദയം വിങ്ങിപ്പൊട്ടുന്നു. പക്ഷെ ഞാനെന്താണു് ചെയ്യുക? നില നില്ക്കാത്ത ആഡംബരം അഭ്യസ്തവിദ്യകളെന്നഭിമാനിക്കുന്ന ഇന്നത്തെ പച്ച

പ്പരിഷ്കാരിണികളായ യുവതികളുടെ പുരോഗതി അവരുടെ നായകന്മാരായ യുവാക്കന്മാരുടെ അധഃപതനത്തിനായി വഴിതെളിക്കുന്ന ഇക്കാലത്തു ഞാനതിന്റെ ഫലം നന്നായനുഭവിച്ചു കഴിഞ്ഞു. ഞാൻ മരിച്ചുപോയതായി കരുതിയേക്കണം”

ആ കത്തു കയ്യിൽ അമർത്തിപ്പിടിച്ചുകൊണ്ടു ലീല പൊട്ടിക്കരഞ്ഞു ........

—o—

# അയക്കാത്തകത്ത്

പ്രിയപ്പെട്ട അനുജാ,

വളരെ നാളായി എനിക്കു നാട്ടിലേയ്ക്കു കത്തെഴുതുവാൻ സാധിച്ചില്ല. കത്തെഴുതുവാൻ ആഗ്രഹമില്ലാഞ്ഞിട്ടല്ല. ഒരു പട്ടാളക്കാരൻ യുദ്ധഭൂമിയിൽ സന്യാസിയെപ്പോലെ ത്യാഗിവര്യനാവണമെന്നാണ് നിയമം. ഈ ത്യാഗമെല്ലാം ആർക്കുവേണ്ടിയാണ്, എന്തിനാണ് എന്നൊക്കെ എനിക്കു പലപ്പോഴും തോന്നിപ്പോവാറുണ്ട്. പക്ഷേ, സ്വതന്ത്രമായിരുന്ന് ആലോചിക്കാൻകൂടി ഞങ്ങൾക്കു സമയം കിട്ടാറില്ല. മിക്കപ്പോഴും മനുഷ്യർ ചാകുന്നതു കാണാനും കൊല്ലാനുമേ ഞങ്ങൾക്കു സമയമുള്ളൂ.

നിൻെറ ജ്യേഷ്ഠൻ പട്ടാളക്കാരനായതിൽ നീ അഭിമാനം കൊള്ളുന്നുണ്ടെന്നു നിൻെറ എഴുത്തു സൂചിപ്പിയ്ക്കുന്നുണ്ടു്. പാലും തേനുമൊഴുകുന്ന സ്വർഗ്ഗസദൃശമായ ഒരു ജീവിതമാണ് ഞങ്ങളുടേതെന്നു നീ എങ്ങിനെയോ ധരിച്ചുവച്ചിരിക്കുന്നതുപോലെ തോന്നുന്നു. ഞങ്ങൾ യൂനിഫോറമിട്ടു ഞെളിയുവാൻ മാത്രമാണ് ഈ പട്ടാളത്തിൽ ചേർന്നിരിയ്ക്കുന്നതെന്നു നീ മനസ്സിലാക്കിവച്ചിരിക്കുന്നു. ഞാൻ യുദ്ധം കഴിഞ്ഞു ജയഭേരിയടിച്ചു വീട്ടിലേക്കു തിരിച്ചുവരു

മെന്നു നീ തീർച്ചപ്പെടുത്തിയതുപോലെ തോന്നുന്നു

ഞങ്ങൾക്കു ഈ ജീവിതത്തോടു എന്തെന്നില്ലാത്ത ഒരു വെറുപ്പും അറുപ്പുമാണുള്ളതു്. മാസംതോറും പത്തുറുപ്പികവീതം പട്ടിണികിടന്നിരുന്ന അമ്മയ്ക്കും അനുജത്തിമാൎക്കും നിനക്കും കഴിഞ്ഞുകൂടുവാൻവേണ്ടി അയച്ചുതരുവാൻ സാധിക്കുന്നതിൽ എനിക്കു സന്തോഷമേയുള്ളു: വാസ്തവത്തിൽ അനുജാ! ഈ ഒരൊററ ആശയാണു് എന്നെ വീണ്ടും വീണ്ടും കൂട്ടക്കൊലയ്ക്കു പ്രേരിപ്പിക്കുന്നതു്. ഈ തുക പൊയ്പോയാൽ അതു ഞാൻ കളയേണ്ടിവന്നാൽ, നാമെല്ലാരും പട്ടിണി കിടക്കേണ്ടിവരുമെന്നോൎക്കുമ്പോൾ എൻെറ ഹൃദയം പിടയ്ക്കുന്നു

എൻെറ കത്തുകൾ—ഞാൻ കൂടക്കൂടെ നിനക്കു കത്തെഴുതാറുണ്ടു്—ശരിക്കവിടെ കിട്ടാറില്ലെന്നു തോന്നുന്നു. എന്നെത്തന്നെ മേലധികാരികൾ അവിശ്വാസത്തോടെയാണു് വീക്ഷിക്കുന്നതെന്നു എനിയ്ക്കു സംശയം തുടങ്ങിയിരിക്കുന്നു. അതുകൊണ്ടു കത്തെഴുതേണ്ട കാൎയ്യത്തിൽ എനിക്കു വളരെ സൂക്ഷിക്കേണ്ടിയിരിക്കുന്നു. ഞാൻ എൻെറ വിചാരങ്ങളെ മുഴുവനും വിവരിയ്ക്കാനൊരുമ്പിട്ടാൽ ഒരു പക്ഷെ എന്നെ വെടിവെച്ചു കൊന്നുകളയും എൻെറ മേലധികാരികൾ

മേലധികാരികളുടെ സംശയത്തിനിരയായ പട്ടാളക്കാരുടെ മാംസക്കഷണങ്ങൾ ഞാനിതെഴുതുന്ന സമയത്തു കൂടി എന്റെ മുൻപിൽ കിടന്നു പിടക്കുന്നുണ്ടു്. അല്ലെങ്കിൽ ഞാനെന്തിനാണിതെല്ലാം എഴുതി നിന്നെ ഭയപ്പെടുത്തുന്നതു്?

കുറച്ചു മണിക്കൂറിനു മുൻപു ഒരു പട്ടാളക്കാരനെ ഞങ്ങൾ വെടിവയ്ക്കുകയുണ്ടായി. അയാളെന്താണു് കുററം ചെയ്തതെന്നു നീ അത്ഭുതപ്പെടുന്നുണ്ടാകാം. ഞങ്ങളുമതാണു് ചോദിക്കുന്നതു്

ഞങ്ങൾ വെടിവെച്ചു കൊന്ന പട്ടാളക്കാരൻ ഞങ്ങളുടെ കൂടെ നിന്നു എത്രയോ പേരെ വെടിവച്ചു കൊന്നയാളാണു്. ആക്കും ഉപദ്രവം ചെയ്യാതെ യുദ്ധത്തെ ഭയന്നു ഒളിച്ചോടിപ്പോയിരുന്ന ഒരുകൂട്ടം സ്ത്രീകളുടേയും കുട്ടികളുടേയും നേക്കു ഞങ്ങൾ വെടിവെച്ചു ഈ പട്ടാളക്കാരൻ ഗർഭിണിയായ ഒരു യുവതിയെ ഒരൊററ വെടിയ്ക്കു വീഴ്ത്തി. പ്രസവിച്ചു കൊണ്ടു മരിച്ചു വീണു, ആ സ്ത്രീ. ചോരപ്പുഴയിൽ കൈകാൽ കുടഞ്ഞു ജനിച്ചുവീണ കുഞ്ഞിനെക്കണ്ടപ്പോൾ വെടിവെച്ച പട്ടാളക്കാരൻ വാവിട്ടു കരഞ്ഞുപോയി

പട്ടാളക്കാരനായ അയാൾക്കു കരയാനവകാ

ശമില്ലായിരുന്നു അതു പട്ടാളത്തമല്ല. അയാൾ മനുഷ്യവികാരം പ്രകടിപ്പിച്ചു പോയി. അയാൾക്കു തൻെറ വീട്ടിലെ കുഞ്ഞുങ്ങളെ ഓമ്മവന്നു പോയി. ആ പടയാളിയുടെ രക്തമാണെൻെറ യൂണിഫാറത്തിൽ തെറിച്ചുവീണു കിടക്കുന്നതു്

ഞാൻ ഒരു ഭയങ്കര ചരിത്രം വരച്ചു നിന്നെ ഭയപ്പെടുത്തുന്നില്ല. കൊലയുടെ നടുവിൽ എൻെറ മനസ്സ് എൻെറ വീട്ടിലേയ്ക്കോടിപ്പോകുന്നുണ്ടെങ്കിൽ അതു ഒരു പട്ടാളക്കാരനു യോജിച്ചതാണോ എന്നെനിയ്ക്കു സംശയമുണ്ടു്

എൻെറ വീരകൃത്യങ്ങളെ കണ്ടറിയാനുള്ള നിൻെറ ഉൽക്കണ്ഠയെ ഞാൻ സ്വാഗതം ചെയ്യുന്നു എന്താണീ വീരകൃത്യങ്ങൾ? ആർക്കോ വേണ്ടി, ആരെയെല്ലാമോ വെടിവെച്ചു കൊല്ലുന്നതു് വീരകൃത്യമാണെങ്കിൽ ഞങ്ങളെക്കാൾ വീരന്മാർ നമ്മുടെ നാട്ടിലുള്ള ആട്ടിറച്ചിക്കടക്കാരൻ ദേവസ്സി മാപ്പിളയും, മാട്ടിറച്ചിക്കടക്കാരൻ മമ്മുണ്ണിയുമാണു്. നിരുപദ്രവികളായ മൃഗങ്ങളെ വെട്ടുന്നവരാണു് ധീരന്മാർ. ഞങ്ങളൊഴുക്കിയ രക്തപ്പുഴയ്ക്കുററമില്ല ഞങ്ങൾ കൊന്നൊടുക്കിയ സ്ത്രീകൾക്കും കുട്ടികൾക്കും കണക്കില്ല !!

ഹൃദയത്തിൽ തട്ടിയ പല സംഭവങ്ങളും എൻെറ ഈ ജീവിതത്തിനിടയിൽ ഉണ്ടായിട്ടുണ്ടു്. അ

തെല്ലാമെഴുതി നിന്നെ വിഷമിപ്പിയ്ക്കാൻ എനിയ്ക്കു കഴിയുകയില്ല അതിനെനിയ്ക്കു സമയവുമില്ല. ഒന്നു രണ്ടെണ്ണം ഞാനെഴുതി അറിയിയ്ക്കാം

രണ്ടു മാസം മുമ്പൊരിയ്ക്കൽ ഞങ്ങൾ ഇവിടെ നിന്നും 60 നാഴികയകലെ ഒരു ചെറുഗ്രാമത്തിൽ പാളയമടിയ്ക്കുകയുണ്ടായി. സ്ത്രീകളാണീഗ്രാമത്തി ലധികവും ഞങ്ങൾ ഈ ഗ്രാമം ആക്രമിച്ചു. സ്ത്രീക ൾ, പൈതങ്ങളേയും ഭേസി ആബാലവൃദ്ധം ഞങ്ങ ളുടെ തോക്കിനു മുൻപിൽ തുരുതുരെ വന്നു മരിച്ചു വീണു ഞങ്ങൾ കൊന്നൊടുക്കിയ സ്ത്രീകൾക്കു കയ്യും കണക്കുമില്ല. എത്രയോ ശവങ്ങളുടെ മുല ചപ്പിക്കൊ ണ്ടു് പൈതങ്ങൾ മരിച്ചു കിടക്കുന്നുണ്ടു്, അവരുടെ മാറിടങ്ങളിൽ! ഇവരെ കൊന്നൊടുക്കുവാൻ കാരണ മുണ്ടു്. ഇവരുടെ പുരുഷന്മാർ ശത്രുസൈന്യത്തിൽ ചേർന്നതാണു് ഈ കൊലയ്ക്കു കാരണം

ഞങ്ങൾ ഈ ആക്രമത്തിനിടയിൽ വേറൊ രു ഭയങ്കര കൃത്യംകൂടിചെയ്തു. അതെനിക്കു ഇന്നും ഓ ത്തുകൂടാ. ഞങ്ങൾ പല ഗൃഹങ്ങളും അടിമേൽ മറി ച്ച കൂട്ടത്തിൽ ഒരു ചെററക്കുടിലിൽ ചെല്ലുകയുണ്ടാ യി. അതിനകത്തു ഒരു വൃദ്ധസ്ത്രീ മാത്രമേ ഉണ്ടായിരു ന്നുള്ളു. എല്ലു മാത്രം ബാക്കിയുണ്ടായിരുന്ന ആ വൃദ്ധ എന്തോ സുഖക്കേടിൽ കിടക്കുകയായിരുന്നു. വെടി യൊച്ച കേട്ടു പരിഭ്രമിച്ചു ആ കിഴവി മുക്കാലും ച

ത്തു കഴിഞ്ഞിരിക്കണം. ഞങ്ങൾ കടന്നു ചെന്നപ്പോൾ ആ സ്ത്രീ ഭയങ്കരമായൊന്നലറി, കണ്ണു തുറിച്ചുകൊണ്ടു് ഞങ്ങളെ നോക്കി എന്തെല്ലാമൊ അവ്യക്ത സ്വരത്തിൽ പുലമ്പി

സേനാനായകനു ദേഷ്യം വന്നു. അയാൾ ആ വൃദ്ധയോടു എഴുന്നേല്ക്കാൻ കല്പിച്ചു. സ്ത്രീ പകച്ചു നോക്കുക മാത്രം ചെയ്തു

അവളുടെ ഉണങ്ങി വരണ്ട മുഖം ഭയംകൊണ്ടു വിളറി നാവു പുറത്തുകാട്ടിക്കൊണ്ടു് ആ സത്വം വീണ്ടും ഭയങ്കരമായ ഒരു ശബ്ദം പുറപ്പെടുവിച്ചതേയുള്ളു

സാർജിന്നു ദേഷ്യം സഹിച്ചില്ല. അയാൾ ആ കിഴവിയെ എന്റെ കുതിരയുടെ കാലിൽ പിടിച്ചു കെട്ടുവാൻ ഉത്തരവു കൊടുത്തു. ശേഷിച്ച ആ അസ്ഥികൂടം വാവിട്ടു കരഞ്ഞു. മരണഭീതി ആ വൃദ്ധയെ പരിഭ്രാന്തയാക്കി അവളെ കുതിരയുടെ കാലിന്നു പിടിച്ചുകെട്ടി!

അവളെ നിലത്തുകൂടി വലിച്ചിഴച്ചുകൊണ്ടാണു ഞങ്ങൾ കുതിരപ്പുറത്തു എട്ടു നാഴിക സവാരി ചെയ്തതു്. പാളയത്തിലെത്തുമ്പോഴേയ്ക്കും കുറച്ചു നരച്ച തലനാരും ആ കിഴവിയുടെ ഹൃദയം ആമാശയം കുടൽമാല മുതലായ അവയവങ്ങളും മാത്രമേ ശേ

ഷിപ്പുണ്ടായിരുന്നുള്ളു!

ഇതാണ് നിനക്കാസ്വദിക്കാനാഗ്രഹമുള്ള ഞങ്ങളുടെ പട്ടാള ജീവിതം. ഈ ജീവിതത്തെയാണ് നിങ്ങളെല്ലാവരും ആദിവാദ്യം ചെയ്യുന്നതു്. ഇങ്ങനെ ജീവിതം നയിക്കുന്ന ഒരുവനാണ് നിന്റെ അഭിമാനസ്തംഭമായ പട്ടാളക്കാരൻ, ഗോപിയേട്ടൻ

എനിയ്ക്കിനിയും പലതും എഴുതുവാനുണ്ടു്. എനിയ്ക്കു ജീവനോടെ നാട്ടിലേയ്ക്കെത്തണമെന്ന് ആഗ്രഹമുണ്ടു്. ഇനിയത്തെ ആഴ്ച—അതിനിടയ്ക്ക് എന്റെ സ്വാതന്ത്ര്യബോധവും, വികാരവും എന്നെ കൊല്ലിക്കുവാൻ പര്യാപ്ത മാവുകയില്ലെങ്കിൽ—ഞാൻ വീണ്ടും എഴുതാം

എന്നു നിന്റെ സ്വന്തം

ഗോപിയേട്ടൻ

*   *   *   *   *   *   *

ഗോപി ഒരു ദീർഘശ്വാസത്തോടുകൂടി എഴുത്തിലെ അവസാനത്തെ വരി എഴുതി. ആ യോദ്ധാവിന്റെ മുഖം ചിന്തയാൽ മങ്ങിയിരുന്നു. അയാളുടെ നെററിത്തടത്തിൽ വിയർപ്പുകണങ്ങൾ—പൊടിഞ്ഞു—വളരെക്കാലമായി അയാൾ സ്വദേശത്തെ സ്വപ്നം കാണുന്നു. ആ ചെററക്കുടിലും, വയലുകളും, അയാൾ മനസ്സിൽ ചിത്രീകരിച്ചു

"അററൻഷൻ!"- ഗോപി ഒന്നു ഞെട്ടി. പരിഭ്രമിച്ചു കൊണ്ടയാരം ചാടി എഴുന്നേററു

ക്യാപ്ററനാണ് കോപം ചിന്തുന്ന മുഖഭാവത്തോടുകൂടി അയാളുടെ മുൻപിൽ നിന്നിരുന്നതു്. ഗോപി കടലാസ്സു കാലുറയുടിയിൽ ഒളിക്കാൻ ശ്രമിച്ചു ആ കത്തു് വാസ്തവത്തിൽ അയാളുടെ മരണമൊഴിയായിരുന്നു. ഗോപി അടിതൊട്ടു മുടിവരെ ആലിലപോലെ വിറച്ചു

"റിക്രൂട്ടു്, ആ കടലാസു് ഇവിടെത്തരു" ക്യാപ്ററൻ ഗർജിച്ചു

ഗോപി കണ്ണുതുറിച്ചുനിന്നു. സ്വബോധംതന്നെ വിട്ടുപിരിയുമെന്നയാരംക്കുതോന്നി. അയാളുടെ തല കറങ്ങി, കണ്ണിരുണ്ടു

"എടാ_ഇവിടെ തരു!"......

ആ പട്ടാളക്കാരനു് എന്തൊ ഒരസാധാരണ ധൈര്യം വീണു. താൻ അധികം താമസിയാതെ മരിക്കുമെന്ന ബോധം അയാരംക്കുണ്ടായി. അയാരം പല്ലുകടിച്ചുകൊണ്ടു് പറഞ്ഞു:—

"തരില്ല—സ്വകാര്യമാണ്"—

ഒരു ദൃഢസ്വരമായിരുന്നു അതു്

"തരില്ലേ!—ഉം—?"

"ത–രി–ല്ല–!"

സൈനികൻ ഒന്നുകൂടി ആവർത്തിച്ചു. ക്യാപ്റ്റൻ ബുഷ്കോട്ടിൻെറ കീസ്സയിൽനിന്നു വിസ്സി എടുത്തു ഊതി. കുറെ പട്ടാളക്കാർ ഓടിവന്നു സല്യൂട്ടുചെയ്തു

"ഇവനെപ്പിടിച്ചു ഗാർഡ്റൂമിലടയ്ക്കുക"

ക്യാപ്റ്റൻ ഗർജ്ജിച്ചു

ഒരു സെക്കണ്ടിനുള്ളിൽ ഗോപിയുടെ കൈയ്ക്കു വിലങ്ങുവീണു

എട്ടുപത്തു മിനിട്ടുകഠം! പരേഡ് ഗ്രൌണ്ടിൽ ഒരു വെടി പൊട്ടുന്ന ശബ്ദം!....—

—*—

# ആശ്വാസത്തിന്റെ ആദ്യരംഗം

നാട്ടികഫർക്കയിലെ ഒരു കോൺഗ്രസ് മെമ്പറാണ് ബാലൻമാസ്റ്റർ. സാമാന്യം കഴിഞ്ഞുകൂടുവാൻ നിവൃത്തിയുള്ള പാലപ്പെട്ടിയിലെ ഒരു നായർകുടുംബത്തിലെ അംഗമാണ് മി നായർ. ബാലൻമാസ്റ്റർ കോൺഗ്രസ്സിന്റെ പരിപാടിയനുസരിച്ച് ഗ്രാമോദ്ധാരണം 'ഹരിജനോദ്ധാരണം എന്നീ നിർമ്മാണപരിപാടികളിൽ ലീനനായി. പുതിയ പ്രവർത്തകന്റെ കീഴിൽ അനവധി ഹരിജനങ്ങളും സംഘടിച്ചു. മിക്കവരും മിൽഖദറുകൊണ്ടു വാലും തലയും നീണ്ട ലീഡർ ഷർട്ടിട്ട സ്വയം നേതാക്കളായി. പല പേരും പറഞ്ഞു നാട്ടുകാരിൽ നിന്നു പണപ്പിരിവു തുടങ്ങി

*    *    *    *    *

മാസങ്ങൾ പലതു കഴിഞ്ഞു. പരിവർത്തനങ്ങൾ എങ്ങും കാണപ്പെട്ടു. നാട്ടുകാരിൽ പലർക്കും ജോലി; പലരും ഉദ്യോഗസ്ഥന്മാർ. തൊഴിലില്ലാത്ത ചെറുപ്പക്കാർ "കൊച്ചിൻ ലേബർ യൂണിറ്റിലും, "ആസ്സാം യൂണിറ്റി"ലും. പട്ടണം തെണ്ടിനടന്നിരുന്ന പല മുട്ടാളന്മാർ "പട്ടാളത്തിലും" അങ്ങിനെ അവർ

സ്വദേശങ്ങൾ വിട്ടുപോയി. അരഅണ കൊടുത്തു് അരച്ചായ കുടിച്ചിരുന്ന ചില അഭിമാനികൾ വാഴപ്പിള്ളി ചാത്തപ്പായിയുടെ *"സ്കൂളിൽ" ആരും കാണാതെപോയി പത്തും പന്ത്രണ്ടും അണ കൊടുത്തു അഞ്ചു"ക്ലാസ്സ്" വായിച്ചു തുടങ്ങി

ഏതു പാവപ്പെട്ടവൻെറ കൈയ്യിലും പുത്തൻ കറൻസികൾ, ഒരു മുക്കാലിൻെറ സ്ഥാനത്തു ഒരു രൂപയുടെ നോട്ടു ചിലവാകുന്ന കാലം, എവിടെ നോക്കിയാലും ക്ഷാമം കാണുന്നില്ല. ബാലൻ മാസ്റ്റർ മാത്രം ഇതിൽ അമ്പരന്നു. അയാൾക്കു മാത്രം പരിവത്തനമൊന്നുമില്ല. അപ്പോഴും നാട്ടികഫക്കയിലെ ഒരു ഖദർ ധാരിയായ വക്കർ. പണത്തിൻെറ ബുദ്ധിമുട്ടു നല്ലതുപോലെ മനസ്സിലാക്കിയ ബാലൻ മാസ്റ്റർ തൻെറ ഒരു സ്നേഹിതനെ പിടിച്ചു നിർത്തി തിരക്കി. "എന്താണു് നമ്മുടെ ഫക്കയിൽ നടക്കുന്നതെല്ലാം?" "അരിമറി"—സ്നേഹിതൻ മനസ്സിലാക്കിക്കൊടുത്തു. അരിമറിയുടെ നാനാവശങ്ങളും ക്ഷണത്തിൽ ബാലൻ മാസ്റ്റർ പഠിച്ചു. പണത്തിൻെറ ഉറവിടം അയാൾ കണ്ടുപിടിച്ചു. ജനത്തിരക്കിൻെറ ഉദ്ദേശം അയാൾ മനസ്സിലാക്കി! മുതലാളിമാരുടേയും കച്ചവ

---

* സ്കൂൾ കള്ളഷാപ്പായും അഞ്ചുക്ലാസ് വായിച്ചുതുടങ്ങി എന്നതു് അഞ്ചുഗ്ലാസ് കള്ളുകുടിച്ചു എന്നുമാണു് ഇനാത്തെ ഗ്രാമീണഭാഷ

ടക്കാരുടേയും പച്ചച്ചിരിയുടെ കഴമ്പ് മാസ്റ്റർ വ്യക്തമായി കണ്ടു. താമസിയാതെ ബാലൻ മാസ്റ്റർ എടത്തുരുത്തിയിൽ നിന്നും, കാട്ടൂമാത്തിന്നും, പറയൻ കടവിൽ നിന്നും പാലപ്പെട്ടി, എടമുട്ടം, കരയാമുട്ടം, പെരുമ്പടപ്പ് എന്നീ സ്ഥലങ്ങളിലേയ്ക്കും അരിമറിയ്ക്കാനായി പ്രവർത്തിച്ചു തുടങ്ങി. പണം എണ്ണിത്തിട്ടപ്പെടുത്തുവാനുള്ള സമയം അദ്ദേഹത്തിന്നും ഇല്ലാതായി. ഒരു നാട്ടു പ്രമാണിയുടെ കൂട്ടത്തിൽ മാസ്റ്ററും എണ്ണപ്പെട്ടു

ഈ ബഹളങ്ങളെല്ലാം ഏറെ നാരം നീണ്ടു നിന്നില്ല. 1945_ആഗസ്റ്റ 10_ാനു- രണ്ടാമത്തെ ലോക മഹായുദ്ധം അവസാനിച്ചു. ക്ഷാമത്തിൻെറ ലക്ഷണങ്ങരം നാട്ടിലെങ്ങു തലപൊക്കിത്തുടങ്ങി. ആസ്സാം യൂണിററും പട്ടാളവും പിരിച്ചുവിട്ടു. വിദേശങ്ങളിൽ നിന്നും ആളുകരം നാട്ടിലേയ്ക്കു കെട്ടും കെട്ടി എത്തിത്തുടങ്ങി. പട്ടാളത്തിൽ നിന്നും മററംപിരിഞ്ഞുവന്ന യോദ്ധാക്കരം "ഗൊണോറിയ"യും "സിഫിലിസ്സും" നാട്ടിലുംവീട്ടിലു കത്തിവഴ്ച നടത്തി. അവരുടെ ഒരു സംഘം മാററാത്ത രോഗത്തിനടിപെട്ടു പട്ടിണിപ്പട്ടാളക്കാരായി നാടാകെ നിറഞ്ഞു തുടങ്ങി അമിതലാഭം കൊണ്ടു കൊള്ളയടിച്ച കച്ചവടക്കാർ നോട്ടുകരം എണ്ണിത്തിട്ടപ്പെടുത്തുവാൻ പാടുപെടുന്ന മറെറാരു രംഗം! ഉദരഭാഗത്തു കഞ്ഞിവെള്ളം കിട്ടാതെ കഷ്ടപ്പെടുന്ന യാചകപ്പരിഷകളുടെ

ദീന രോദനങ്ങൾ പൂഴ്ത്തിവെപ്പുകാരെ ശ്വാസം മുട്ടിച്ചു തുടങ്ങി നാഴിനെല്ലോ ഒരു മണി അരിയോ ആരും പുറത്തു വിടുന്നില്ല. എല്ലാം പൂഴ്ത്തിവെപ്പു സംഘക്കാർ ശേഖരിച്ചു. എല്ലാം മുതലാളിമാരുടെ കുത്തകയായി സൂക്ഷിക്കുന്നു. ആർക്കും ആക്ഷേപമില്ല. ഉണ്ടെങ്കിൽ തന്നെ ആരും ഉറക്കെപ്പറയാൻ ധൈര്യപ്പെടുന്നുമില്ല. ഉദ്യോഗസ്ഥന്മാരെല്ലാം മുതലാളിമാരുടെ പോക്കറ്റിലായി. പൂഴ്ത്തിവപ്പുകാരെത്തുടന്നു "കരിഞ്ചന്തക്കാർ" പുറപ്പെട്ടു. അതിലുമുണ്ടു് ഉദ്യോഗസ്ഥന്റെ കൈ. അവർ ഒരുമിച്ചു ഭരണം നടത്തുന്നു. വമ്പിച്ച ലാഭത്തോടെ ഭക്ഷണ സാധനങ്ങൾ വിററഴിയുന്നു സാധുക്കളുടെ ഏകോപിച്ചുള്ള മുറവിളിയുടെ ഫലമായി പുതിയൊരു റേഷൻ സമ്പ്രദായം "പി-സി-സി. സൊസൈററി" എന്നപേരിൽ നടപ്പിൽ വരുത്തുവാൻ ഗവമ്മെൻറു് തീരുമാനിച്ചു. പല ഉദ്യോഗസ്ഥന്മാരേയും പി-സി-സി-യുടെ നടത്തിപ്പിനു വേണം. ഇൻസ്പെക്ററർ, ഗോഡൗൺ സൂപ്രണ്ടു്, സ്റ്റോർ മാനേജർ, ചെക്കർ, ക്ലാക്കു്, സേത്സ്മാൻ തുടങ്ങി ഒട്ടേറെ ഉദ്യോഗസ്ഥന്മാർ. പലരും അപേക്ഷകളയച്ചു. കൂട്ടത്തിൽ ചാലപ്പുറം "മേനോൻകോൺഗ്രസ്സ്" നേതാവു കേളപ്പന്റെ ഒരു "റെക്കമെൻറഷ"നോടു കൂടി ബാലൻമാസ്റ്ററും. പുതിയ ഭക്ഷണപദ്ധതി വിജയപ്രദമാക്കാൻ നാട്ടുകാരും പത്രങ്ങളും രാവും പകലും ഒരുപോലെ പാ

ട്ടപെട്ടു പ്രവർത്തിച്ചു. പല വകുപ്പുകളിലായി നാട്ടുകാരിൽ പലരും ഉദ്യോഗസ്ഥന്മാരായി. ബാലൻ മാസ്റ്റർ നാട്ടികഫർക്കയിലെ ഇൻസ്പെക്ടറായി; എല്ലാവരും സന്തോഷിച്ചു. ആശംസകളും ഭാവുകങ്ങളും നേർന്നു. അരിച്ചറിക്കാർന്നായിരുന്ന വിവരം എല്ലാവരും മറന്നു. കച്ചവടക്കാർ ബഹുമാനിക്കാൻതുടങ്ങി

റേഷൻ ഉദ്യോഗസ്ഥന്മാർക്ക് ഗവമ്മേണ്ടു പല ആനുകൂല്യങ്ങളും ചെയ്തുകൊടുത്തു. പല നിർദ്ദേശങ്ങളും നല്കി. കൈക്കൂലി വാങ്ങരുതു, കച്ചവടക്കാർക്കും ജന്മികൾക്കും ഒറവുനില്ക്കരുതു്...... തുടങ്ങി പലതും. അങ്ങിനെ ബാലൻമാസ്റ്റർ റേഷൻ ഇൻസ്പെക്ടർരായി. പുതിയ കൂട്ടുകാർ പലരുംകൂടി പല വഴികളും ചൂണ്ടിക്കാട്ടി ഇൻസ്പെക്ടർക്ക് ശമ്പളംപോരാതെയായി. ജന്മികളും കച്ചവടക്കാരും ഇടവിടാതെ അയാളുടെ വീടും ഓഫീസും സന്ദർശിച്ചുതുടങ്ങി എല്ലാവരേയും അയാൾ സല്ക്കരിച്ചു റേഷൻെറ ഗുണങ്ങൾ എല്ലാവർക്കും വിവരിച്ചുകൊടുത്തു. അൺമാത്രം ഞെററിയാലുള്ള ദു അനുഭവത്തെപ്പററി അയാൾ അവർക്ക് താക്കീതു നൽകി. ചിലർ പിറുപിറുത്തു

“ബാലൻ മാസ്റ്റർ പററിയ ഉദ്യോഗസ്ഥനാ. സാധുക്കളുടെ ഗുണകാംക്ഷി”

“നോട്ടുകണ്ടാൽ മറിയും, പണ്ടത്തെ ബാലൻ മാസ്റ്ററല്ലെ”. കൂട്ടത്തിൽ ചിലർ തട്ടിവിട്ടു

*        *        *        *        *

ഒരു പത്രത്തിൽ "ആക്കും എഴുതാം" എന്ന പംക്തിയിൽ "നാട്ടികഫർക്കയിലെ റേഷൻ ഇൻസ്പെക്ടരുടെ കൈക്കൂലി", റേഷൻഷാപ്പ് മാനേജർമാരുടെ അഴിമതി, "പഞ്ചസാരയിൽ മണ്ണ്", "മണ്ണെണ്ണ, അതു മുതലാളിമാക്കു മാത്രമോ?" ജന്മിമാരുടെ വീടുകളിൽ റേഷൻ ഇൻസ്പെക്ടർക്ക് വിരുന്ന്". എന്നിങ്ങനെ പല തലക്കെട്ടുകളിലും ലേഖനപരമ്പരകൾ! മുഖപ്രസംഗങ്ങളും പുറത്തുവന്നുതുടങ്ങി. ഇൻസ്പെക്ടർക്ക് ഇരിക്കപ്പൊറുതിയില്ലാതായി

*        *        *        *        *

1947 ആഗസ്റ്റ് 15-ാംനു ഇന്ത്യ സ്വതന്ത്രയായി. പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്രു തൻെറ പ്രക്ഷേപണപ്രസംഗത്തിൽ "കരിഞ്ചന്തക്കാരെ തൂക്കിക്കൊല്ലും, അക്രമികളേയും അട്ടിമറിക്കാരേയും തേടിപ്പിടിച്ചു നാടുകടത്തും" എന്നിങ്ങനെ പലതും അന്നു പ്രസംഗിച്ചു. സ്വാതന്ത്ര്യത്തിൻെറ പൊൻകിരണം! കരിഞ്ചന്തക്കാരേയും കൈക്കൂലിക്കാരായ ഉദ്യോഗസ്ഥന്മാരേയും വീപ്പുമുട്ടിയ്ക്കാൻ തുടങ്ങി. പണത്തിൻെറ പച്ചച്ചിരിയിൽ വീഴാത്ത ഉദ്യോഗം, ഉദ്യോഗസ്ഥൻ, അതുണ്ടാവില്ല

അടുത്ത പ്രഭാതത്തിൽ ചെവിടൻ പോലീസിൻസ്പെക്ടർ റെബ്ബേറയും രണ്ടു കാൺസ്റ്റബിൾമാരും

റേഷൻ ഇൻസ്പെക്ടർ ബാലൻ മാസ്റ്ററെ കൈ രണ്ടും ചങ്ങലയാൽ ബന്ധിച്ചു ചേററുവാ—ആല റോഡിൽക്കൂടി വലപ്പാട്ട പോലീസ്സ സ്റ്റേഷനിലേക്ക നടത്തിക്കൊണ്ടുപോകുന്നതു് കണ്ടവരിൽ ചിലർ കൈ കൊട്ടിച്ചിരിച്ചു. ചിലർ നെഞ്ചിൽ കൈവച്ചു കരഞ്ഞു. അങ്ങാടിപ്പിള്ളർ പിന്നാലെകൂടി കൂക്കിവിളിച്ചു. ബന്ധിച്ച കൈകളോടെ ഖദർധാരിയായ ആ റേഷൻ ഇൻസ്പെക്ടർ റിമാൻറു മുറിയിലടയ്ക്കപ്പെട്ടു

വലപ്പാട്ട പോലീസ്സ് സ്റ്റേഷനിലും പരിസരങ്ങളിലും ജനത്തിരക്ക വർദ്ധിച്ചു. ചിലർ പറഞ്ഞു: കൈക്കൂലിവാങ്ങിയതിനു്" വേറെ ചിലർ അഭിപ്രായപ്പെട്ടു:—"നെല്ലുചാക്കു് മറിച്ചതിനു്". ആക്കും സംഗതിയുടെ പൂർണ്ണ ബോധമില്ല. പട്ടിണിപ്പാവങ്ങളായ കൃഷകരും, തൊഴിലാളിസഖാക്കളും പറഞ്ഞു: "സ്വാതന്ത്ര്യം കിട്ടിയതേയുള്ളൂ, ആശ്വാസമായിത്തുടങ്ങി" എന്നു്

"ആശ്വാസത്തിൻെറ ആദ്യരംഗം"...... റേഷൻ ഇൻസ്പെക്ടക്ക് സംസ്ഥാനഗവൺമെൻറു് "ഇരുമ്പു്", കൊണ്ടുള്ള ഒരു വീരശൃംഖല സമ്മാനിച്ചു". അടുത്ത പ്രഭാതത്തിൽ പുറത്തുവന്ന ടൈംസ് ഓഫ് മണപ്പുറം" ദിനപത്രത്തിൻെറ ആദ്യപേജിൽ വെണ്ടയ്ക്കാ അക്ഷരത്തിൽ കൊടുത്തിരുന്ന വാത്ത അങ്ങിനെയായിരുന്നു

—൦—

# വിദ്യാർത്ഥി

തൃശ്ശൂർ സെൻറു തോമസ് കോളേജിലെ ഒരു പ്രൊഫസറാണ് ഉണ്ണികൃഷ്ണൻ നായർ. കുറുപ്പം റോഡിലുള്ള "ജയ്ഹിന്ദ് ഭവന"മാണ് അദ്ദേഹത്തിൻെറ ഗൃഹം. വീടിൻെറ പൂമുഖത്തു നാലഞ്ചു വിദ്യാർത്ഥികൾ അന്നത്തെ പാഠങ്ങൾ വായിച്ചുകൊണ്ടിരിക്കുമ്പോഴാണ് ബി. എ വിദ്യാർത്ഥിയായ വിജയൻ കടന്നു വന്നതു്. അവർക്കെല്ലാം "ട്യൂഷൻ" എടുക്കുന്നതു് ഉണ്ണികൃഷ്ണൻ നായരാണ്

വിജയൻ പുസ്തകങ്ങളുടെ കൂട്ടത്തിൽനിന്നും അന്നത്തെ "പീപ്പിൾസ് ഏജ്", പത്രമെടുത്തു അതിൻെറ മുഖപ്രസംഗം വായിച്ചു. മലബാറിൽ നടമാടുന്ന എം. എസ്. പി. മർദ്ദനത്തേയും, പ്രകാരം ഗവർമ്മേണ്ടിൻെറ പാവകളായ പോലീസുകാർ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി ആഫീസുകളിലും യൂണിയൻ കാര്യാലയങ്ങളിലും മററും നടത്തുന്ന അഴിമതികളേയും, തൊഴിലാളി നേതാക്കളെ കാരണം കൂടാതെ കണ്ടിടങ്ങളിലെല്ലാം വെച്ചു അറസ്റ്റു ചെയ്തു വിചാരണകൂടാതെ തടങ്കലിൽ പാർപ്പിച്ചു നരകിപ്പിക്കുന്നതിനേയും മററും പററി മുഖപ്രസംഗത്തിൽ അതിനിശിതമായി വിമർശിച്ചിരുന്നു.

വായന കേട്ടിരുന്ന പത്മിനി ചോദിച്ചു:

"എന്താ, മി. വിജയൻ! അതു മുഴുവൻ മനസ്സി ലായില്ലേ?"

പത്മിനി അവിടത്തെ മജിസ്ട്രേട്ടിന്റെ മക ളാണ്. വിജയന്റെ കൂടെ സീനിയർ ബി. ഏ ക്ലാസിലാണവൾ പഠിക്കുന്നതു്

വിജയൻ പ്രതിവചിച്ചു:

"എനിക്കതു മുഴുവനും മനസ്സിലായി. ഈ മർദ്ദനങ്ങളെ ചെറുക്കേണ്ടതു നമ്മുടേയും കടമയാണ്. വലപ്പാട്ടും കയിലൂരിലും, പയ്യാവൂരും, കരിവെള്ളൂരും, ചിറക്കലും എത്രയെത്ര തൊഴിലാളികളേയും കൃഷകരെയുമാണ അടിച്ചമർത്തിയതു്! വൃദ്ധന്മാരെപ്പോലും മർദ്ദിക്കുകയും, സ്ത്രീകളെ ബലാൽ സംഗം ചെയ്കയും ചെയ്തു! അഖിലേന്ത്യാ വിദ്യാർത്ഥി കോൺഗ്രസ് പ്രസിഡന്റും വിദ്യാർത്ഥി ഫെഡറേഷൻ പ്രസിഡന്റുമായ സഖാവു് പി. സി. ജോഷി ഈ വിഷയത്തിൽ നമ്മുടെ ചുമതലയെന്താണെന്നു വ്യക്തമാക്കിയിട്ടുണ്ടു്"

പത്മിനി ചോദിച്ചു:

"ഇതിനെല്ലാം നമ്മളെന്തു ചെയ്യാനാണ്? കേന്ദ്ര അധികൃതന്മാർ അതിന്നു എന്തെങ്കിലും നിവാര

ണമാറ്റും കണ്ടുപിടിക്കേണ്ടതല്ലേ?"

വിജയനു ചിരി വന്നു

"അസ്സലായി നല്ല ചോദ്യം. നമ്മളെപ്പോലുള്ള യുവ വിദ്യാർത്ഥികളാണ് ഇതിൽ മുൻകൈ എടുക്കേണ്ടതു്. പക്ഷെ പത്മിനിയുടെ പിതാവിനെപ്പോലുള്ള അവസര സേവകന്മാർ ഉദ്യോഗം ഭരിക്കുന്ന കാലത്തു നമ്മുടെ നാട്ടിൽ ക്ഷേമമുണ്ടാകയില്ല"

വിജയൻെറ ഈ റിമാർക്കു കേട്ടു എല്ലാവരും പൊട്ടിച്ചിരിച്ചു

"ആട്ടെ, എൻെറ പിതാവിനെക്കൊണ്ടു നിങ്ങൾക്കുള്ള ദോഷമെന്താണ്?" പത്മിനി ചോദിച്ചു. വിജയൻ ഹസിച്ചുകൊണ്ടു പറഞ്ഞു

"ദോഷമെന്താണെന്നോ? പറയാം. ആയിരവും രണ്ടായിരവും രൂപാ കൈക്കൂലി വാങ്ങി കരിഞ്ചന്തയെ പോഷിപ്പിക്കുന്നതുതന്നെ അതിനെപ്പററി വല്ലവരും മിണ്ടിപ്പോയാൽ അതു രാജ്യദ്രോഹമാവും. അങ്ങിനെ പറയുന്നവരെ കമ്മ്യൂണിസ്ററുകൾ എന്നു മുദ്രകുത്തി ജയിലിലടച്ചു മർദ്ദിക്കുകയായി. ഈ നയങ്ങൾ ഇന്നത്തെ നിലയിൽ എത്ര ആക്ഷേപാർഹമാണെന്നു പത്മിനിക്കറിയാമോ? ഇന്ന

ത്തെ വിദ്യാർത്ഥി നാളത്തെ രാഷ്ട്രീയ പ്രവർത്തകനാണ്. ആ രാഷ്ട്രീയപ്രവർത്തകനാണ് ഭരണകർത്താവാകുന്നതു്"

വിജയന്റെ ഉത്തേജജനകമായ ഈ പ്രഭാഷണം കേട്ടുകൊണ്ടു ട്യൂഷൻ മാസ്റ്റർ ഉണ്ണികൃഷ്ണൻ നായർ അകത്തുനിന്നും പൂമുഖത്തേക്കു വന്നു. വിജയനും സഹപാഠികളും എഴുന്നേററു വന്ദനം പറഞ്ഞു

മാസ്റ്റർ ചിരിച്ചുകൊണ്ടു ചോദിച്ചു:

"എന്താ, വിജയന്റെ പ്രസംഗം ഇന്നുമുണ്ടോ?"

വിജയൻ പത്രം മാസ്റ്ററുടെ കയ്യിൽക്കൊടുത്തുകൊണ്ടു പറഞ്ഞു:

"ഇതിലെ മുഖപ്രസംഗം ഒന്നു വിവരിച്ചു തരണം, സാർ........."

മാസ്റ്റർ ആ മുഖപ്രസംഗം ഉച്ചത്തിൽ വായിച്ചു. ഇതിന്നിടക്കു വിജയൻ സ്വയം മറന്നു "ഹിയർ! ഹിയർ!" എന്നു വിളിച്ചു പറഞ്ഞു.

മാസ്റ്റർ, സ്മേരഭാവത്തോടെ വിജയന്റെ നേരെ നോക്കി

"എന്താ, വിജയനു് ഒരു യോഗം കൂടി, നമ്മുടെ മജിസ്ട്രേട്ടിന്റെ അടുക്കലേക്കു ഒരു ജാഥ നയി

ച്ചാൽ കൊള്ളാമെന്നുണ്ടോ?" മാസ്റ്റർ ചോദിച്ചു.

വിജയൻ വികാരാവേശത്തോടെ പറഞ്ഞു "തീർച്ചയായും, മണികണ്ഠനാൽത്തറക്കൽ ഒരു സഭ കൂടുന്നതിനു അധികൃതന്മാരുടെ അനുവാദത്തിനുവേണ്ടി ഞാനെഴുതും. നൂറ്റിനാല്പത്തിനാലും, നിരോധനാജ്ഞകളും നടപ്പിലാക്കിയിരിക്കുന്ന ഈക്കാലത്തു അനുവാദം ലഭിക്കുമൊ, എന്തോ!"

"വിജയൻ എഴുതിനോക്കു. മറുപടി എന്താണെന്നറിയാമല്ലൊ"

"അനുവദിച്ചില്ലെങ്കിൽ ഞങ്ങൾ നിയമം ലംഘിച്ചു യോഗം കൂടും"

"പക്ഷെ നിയമലംഘനവും മറ്റും കുറെ ആലോചിച്ചു ചെയ്യേണ്ട കാര്യങ്ങളാണു"

ഉണ്ണികൃഷ്ണൻ നായർ ട്യൂഷൻ തുടങ്ങി. കൃത്യസമയത്തു ട്യൂഷൻ അവസാനിച്ചു.

വിജയൻ പിറ്റേദിവസം വിദ്യാർത്ഥിഫെഡറേഷന്റെ ആഭിമുഖ്യത്തിൽ യോഗം കൂടുവാൻ അനുമതി ചോദിച്ചു ദീർഘമായൊരു കത്തയച്ചു.

"യോഗം കൂടുവാൻ പാടില്ല" എന്ന കല്പന അന്നു വൈകുന്നേരം വിജയനും കിട്ടി.

ആ ഓർഡർ പിച്ചിച്ചീന്തിക്കൊണ്ടു പിറേറന്നു യോഗം കൂട്ടുവാൻ വേണ്ട സജ്ജീകരണങ്ങൾ ചെയ്യു എറണാകുളത്തെ വിദ്യാൎത്ഥിഫെഡറേഷൻ സെക്രട്ടറിക്കു കമ്പി അടിച്ചു

ഈ ആഹ്വാനം സ്വീകരിച്ചുകൊണ്ടു വിദ്യാൎത്ഥിഫെഡറേഷൻ അംഗങ്ങളേയും വഹിച്ചു എറണാകുളം മെയിൽവണ്ടി തൃശ്ശൂർ സേ്റേറഷനിൽ വന്നു നിന്നു

"ഉത്തരഭരണം അവസാനിപ്പിക്കും" "വിദ്യാൎത്ഥി ഫെഡറേഷൻ സിന്ദാബാദ്" എന്നീ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടു വിദ്യാൎത്ഥികൾ വണ്ടിയിൽ നിന്നിറങ്ങി

തൃശ്ശൂരിലെ വിദ്യാൎത്ഥി ഫെഡറേഷനംഗങ്ങൾ അതിന്നുമുമ്പെ മണി കണ്ടനാൽത്തറക്കൽ വന്നു നിറഞ്ഞു കഴിഞ്ഞിരുന്നു. ജാഥകളും റാലികളും തെക്കെ നടക്കാവിലേക്കു പ്രവഹിച്ചു. കൊച്ചിൻ പോലീസും ഉദ്യോഗസ്ഥമേധാവികളും ലാത്തിയും ബയനററും റൈഫിളും മററുമായി. പോലീസ് വാനിൽ റോന്തു ചുററിക്കൊണ്ടിരുന്നു

അദ്ധ്യക്ഷൻ സഖാവ് ഗംഗാധരൻ സമയത്തിന് എത്തിച്ചേരായ്കയാൽ യോഗം സഖാവു് വിജയന്റെ അദ്ധ്യക്ഷതയിൽത്തന്നെ സമാരംഭിച്ചു

വിജയൻ ആവേശഭരിതനായി ഉച്ചഭാഷിണിയിലൂടെ പ്രസംഗിച്ചു. കാഷ്മീർ, ഹൈദരാബാദ്, ബംഗാൾ, തെലുങ്കാന, കൽക്കത്താ, ബോംബെ, മലബാർ തുടങ്ങിയ രാജ്യങ്ങളിലെ ബഹുജനസമരങ്ങളെ അഭിവാദ്യം ചെയ്തും, കൊച്ചിയിലെ തൊഴിലാളിവിരുദ്ധ പ്രസ്നോട്ട് പിൻവലിക്കാനാവശ്യപ്പെട്ടും; പത്രങ്ങളുടെ ജാമ്യസംഖ്യ പിടിച്ചെടുത്ത മന്ത്രിസഭയുടെ കുബുദ്ധിയെ അവഹേളിച്ചുകൊണ്ടും ചെയ്ത ആ പ്രസംഗം അരമണിക്കൂർ നീണ്ടുനിന്നു

പിന്നീടു പ്രസംഗവേദിയിൽ ആഗതയായതു് ശ്രീമതി പത്മിനിയായിരുന്നു. വിജയൻെറ പ്രസംഗം കേട്ടു കലികയറിയ സമാധാനപാലകന്മാർ മജിസ്ട്രേട്ടിൻെറ മകളുടെ പ്രസംഗം കേൾക്കാൻ നില്ക്കാതെ ലാത്തിച്ചാർജ്ജും കണ്ണീർ വാതക പ്രയോഗവും തുടങ്ങി....ജനങ്ങൾ നാലുപാടും പാഞ്ഞു....ചിലരുടെ എല്ലുകൾ ഒടിഞ്ഞു നുറുങ്ങി.... ചോരചിന്തി പലരും അവശ നിലയിലായി

സഖാവു് വിജയൻ ഇന്നു ക്രിമിനൽ കുററവാളികളുടെ കൂട്ടത്തിൽ വിയ്യൂർ സെൻട്രൽ ജയിലിൽ കിടക്കുകയാണു്. സാമ്രാജ്യത്വം അദ്ദേഹത്തെ മൂന്നുകൊല്ലത്തെ കഠിനതടവിനു ശിക്ഷിച്ചിരിക്കുന്നു

ഇന്നത്തെ വിദ്യാർത്ഥി നാളത്തെ രാഷ്ട്രീയ പ്രവർത്തകനാണ്. ഇന്നത്തെ ജെയിൽപ്പുള്ളി നാളത്തെ ജെയിൽ കാര്യ മന്ത്രിയോ പ്രധാന മന്ത്രിയോ ആവുകയില്ലെന്നാരറിഞ്ഞു?

ഇന്നത്തെ ഉദ്യോഗസ്ഥ മേധാവികളും സാമ്രാജ്യത്വ കിങ്കരന്മാരും നമ്മുടെ സഖാവിന്റെ മുന്നിൽ വാ പൊത്തിനിന്നു ആജ്ഞ അനുസരിക്കേണ്ടി വരുന്ന കാലം ആസന്നമാവുമെന്നു നമുക്കാശിക്കാം............

സഖാവു വിജയൻ സിന്ദാബാദ്!.......

—*—

# ആ മരണപത്രം

"അമ്മെ, എനിക്കു് കോളേജു തുറക്കുന്നതു് നാളെയാണു്. ഞാൻ ഇന്നുതന്നെ പോകുന്നു". കൃഷ്ണപിള്ള പറഞ്ഞു

ഭാർഗ്ഗവിഅമ്മ: "എന്തു! കുട്ടനു പോകാറായോ? രണ്ടുമാസത്തെ പൂട്ടലുണ്ടെന്നല്ലെ പറഞ്ഞിരുന്നതു്?"

കൃഷ്ണപിള്ള:—"അതെ! ഞാൻ വന്നിട്ടു ഇന്നത്തേക്കു് രണ്ടുമാസം തികഞ്ഞു. ഇന്നത്തെ മെയിലിനു തന്നെ പോകുന്നുമെന്നാണു് വിചാരിക്കുന്നതു്"

ഭാ. അമ്മ:—"ഈശ്വരാ! കാലംപോകുന്ന പോക്കു. എനിക്കു കുട്ടൻ ഇന്നലെ ഇവിടെ വന്നതുപോലെ തോന്നുന്നു. എന്നാൽ ഭാസ്കരനും ഇന്നുതന്നെ പോകുന്നുണ്ടായിരിക്കുമല്ലൊ"

കൃഷ്ണപിള്ള:—ഉവ്വു് ഞാൻ ഇപ്പോൾ "പുത്തൻവീട്ടിൽ"നിന്നാണു് വരുന്നതു്. ഞാൻ പുറപ്പെട്ടു അവിടേക്കു ചെല്ലാമെന്നു പറഞ്ഞിരിക്കുന്നു

മേലെഴുതിയ സംഭാഷണമുണ്ടായതു് "ഇടപ്പള്ളിവീട്ടിൽ" ഭാർഗ്ഗവിയമ്മയും മകൻ കൃഷ്ണപിള്ളയുമായിട്ടാണു്. ഇടപ്പള്ളിവീട്ടുകാർ ധനസ്ഥിതികൊ

ണ്ടും കുലമഹിമകൊണ്ടും ഒന്നാംകിടയിൽ നില്ക്കുന്ന തറവാട്ടുകാരാണ്. കുടുംബാംഗങ്ങളായി ഭാഗ്യവിയമ്മയേയും കൃഷ്ണപിള്ളയേയും കൂടാതെ കൃഷ്ണപിള്ളയുടെ അമ്മാവൻ മാധവൻപിള്ള എന്നൊരാളുംമാത്രമാണുള്ളതു്. തറവാട്ടുകാര്യങ്ങളൊക്കയും വിഘ്നമെന്യെ നോക്കിവരുന്നതു് മാധവൻപിള്ള തന്നെയാണ്. പിള്ള വലിയ ഈശ്വരഭക്തനും തദ്ദേശവാസികളുടെ കണ്ണിലുണ്ണിയുമാണ്. അദ്ദേഹത്തിൻെറ സഹധർമ്മിണി കിഴക്കേവീട്ടിൽ കാർത്ത്യായനിഅമ്മ സാദ്ധ്വിയും സുശീലയുമായ ഒരു തരുണിയായിരുന്നു. ഭാസ്കരൻ, ശ്രീദേവി എന്ന രണ്ടു കിടാങ്ങൾക്കു് മാതാവായശേഷം ആ മഹതി എട്ടുകൊല്ലങ്ങൾക്കുമുമ്പു് കാലഗതിപ്രാപിച്ചു. അവർ മരിക്കുമ്പോൾ ഭാസ്കരന് 13 വയസ്സും ശ്രീദേവിക്ക് 8 വയസ്സും മാത്രമേ പ്രായമുണ്ടായിരുന്നുള്ളു ഭാര്യാവിയോഗത്തിനുശേഷം മക്കളേയും നോക്കിക്കൊണ്ടു മാധവൻപിള്ള അധികവും കിഴക്കേവീട്ടിൽതന്നെയാണ് താമസം. സമവയസ്കരായ കൃഷ്ണപിള്ളയും ഭാസ്കരൻപിള്ളയും തിരുവനന്തപുരത്തു് ലാകാളേജിൽ വായിക്കുകയാണ്. ശ്രീദേവി പിതാവൊന്നിച്ചു് കിഴക്കേവീട്ടിൽ തന്നെയാണ് താമസം

കൃഷ്ണപിള്ള കുളിയും ഊണും കഴിഞ്ഞു് മാതാവിനോടു് യാത്രപറഞ്ഞു സാമാനങ്ങളുമായി വേഗം പുറപ്പെട്ടു. നിശ്ചിതസമയത്തു കിഴക്കേവീട്ടിലെത്തി.

ഭാസ്കരൻപിള്ള പുറപ്പെട്ടുകഴിഞ്ഞിട്ടില്ലായിരുന്നതി നാൽ കൃഷ്ണപ്പിള്ളക്കു അല്പം വിശ്രമിക്കുന്നതിന്നിട കിട്ടി. അമ്മാമനെക്കണ്ടു വന്ദിച്ചശേഷം കൃഷ്ണപിള്ള മുററത്തു് "ലാത്തി"ക്കൊണ്ടിരുന്നു. പ്രസന്നവദനനെ ങ്കിലും ഒരു വ്യസനചരായ കൃഷ്ണപിള്ളയുടെ മുഖത്തു് അപ്പോഠം കളിയാടിക്കൊണ്ടിരുന്നു. വിചാരമഗ്ന നായ പിള്ള മുകളിലേക്കു് നോക്കിയപ്പോഠം കണ്ടതു ജനലിൽക്കൂടി പുറത്തേക്കുനോക്കി നിൽക്കുന്ന ഒരു സുന്ദരഗാത്രി തന്നെ കൈകൊണ്ടു് മാടിവിളിക്കുന്ന താണു്. കൃഷ്ണപിള്ള വേഗം കോവണികയറി ശ്രീ ദേവിയുടെ അരികിൽചെന്നു. കട്ടിലിൽ ചാരിനി ന്നിരുന്ന ശ്രീദേവി സന്തോഷസന്താപങ്ങളിൽ എ ന്തുപറയണമെന്നറിയാതെ അല്പനേരം പതുങ്ങിനിന്ന ശേഷം ആ കവലയനേത്രങ്ങളെ കൃഷ്ണപിള്ളയുടെനേ ക്കെറിഞ്ഞുകൊണ്ടു പറഞ്ഞു: "പോകുമ്പോഠം എന്നോ ട്ടു് യാത്രകൂടി പറയേണ്ടെന്നായിരിക്കാം വിചാരിച്ച തു്, അല്ലേ?"

"ദേവി! ഞാൻ അങ്ങിനെ വിചാരിച്ചിട്ടില്ല. മ നസ്സിന്നു നല്ല സുഖമില്ലാത്തതിനാൽ ശ്രീദേവിയെ വന്നു കാണാഞ്ഞതാണു്". കൃഷ്ണപിള്ള ഗൽഗദസ്വ രത്തിൽ പറഞ്ഞു

"എന്നാൽ ഞാൻ വിളിച്ചപ്പോഠം എനിക്കുമന സ്സിന്നു നല്ല സുഖമില്ല. ഞാൻ അങ്ങോട്ടു വരുന്നില്ല

എന്നു് പറയാമായിരുന്നില്ലേ? എന്തിനാണു് ഇങ്ങോട്ടു കയറിവന്നതു്?" ശ്രീദേവി ചിരിച്ചുകൊണ്ടു ചോദിച്ചു

"മനസ്സിന്നു സുഖത്തെ കൊടുക്കുന്ന വസ്തു അരികത്തുള്ളപ്പോഠം സുഖമില്ലെന്നു എങ്ങിനെ പറയും?" പിള്ള ദേവിയുടെ മുഖത്തെക്കൊന്നു നോക്കി

"ഇത്ര സുഖത്തെ നല്കുന്ന യാതൊരു വസ്തുക്കളും ചുററുപാടും ഞാൻ കാണുന്നില്ലല്ലൊ". ശ്രീദേവി പിന്നേയും ചിരിച്ചുകൊണ്ടു തുടർന്നു

"ദേവി! ഭവതിക്കു് എന്നെ കളിയാക്കുന്നതിലായിരിക്കും അധികം സുഖം. എൻെറ സുഖക്കേടു് മറെറാരാഠംക്കറിയുവാൻ തരമില്ലല്ലൊ? "തന്നതില്ലപരനുള്ളുകാട്ടുവാ–നൊന്നുമേ, നരനുപായമീശ്വരൻ" എന്ന കവിവാക്യമാണു് എനിക്കുതോന്നുന്നതു്". കൃഷ്ണപിള്ളയുടെ നയനങ്ങഠം അശ്രുപൂർണ്ണങ്ങളായി

"ഇതാ; ഇപ്പോഠംതന്നെയല്ലേ മനസ്സിന്നു സുഖത്തെക്കൊടുക്കുന്ന വസ്തു അരികത്തുണ്ടെന്നു് പറഞ്ഞതു്?" ശ്രീദേവി കൃഷ്ണപിള്ളയുടെ അടുക്കലേക്കു അല്പം നീങ്ങിക്കൊണ്ടു ചോദിച്ചു

"ദേവി! ഇനിയും എന്നെ കളിയാക്കുകയാണെങ്കിൽ ഞാനിതാ പോകുന്നു". കൃഷ്ണപിള്ള പോകാൻ

ഭാവിച്ചു.

“പ്രാണനാഥ! ഈ ചാപല്യങ്ങളെല്ലാം ദൂരെക്കളയു”, ശ്രീദേവി പിള്ളയെ കടന്നുപിടിച്ചു. സൂര്യചന്ദ്രന്മാർ ആകാശത്തുള്ളിടത്തോളം കാലം ഈ ശ്രീദേവി അങ്ങയുടെ സ്വന്തം ദേവിയായിത്തീരുന്നതല്ലാതെ മറെറാരാളുടേതുമായിത്തീരുന്നതല്ല”

കൃഷ്ണപിള്ള തല ഉയർത്തി ശ്രീദേവിയുടെ മുഖത്തേക്കൊന്നു നോക്കി. പ്രേമപരവശയായ ശ്രീദേവിയെ പിള്ള തൻെറ ബാഹുലതകളാൽ കെട്ടിപ്പിടിച്ചു മാറോടണച്ചു, ബാലചന്ദ്രനെ വെല്ലുന്ന ഫാലതടത്തിൽ പ്രേമമുദ്രാർപ്പണം ചെയ്തുകൊണ്ടു പറഞ്ഞു, “ഓമനെ! ശ്രീദേവി! വ്യസനിക്കാതിരിക്കു; ഈശ്വരകൃപയുണ്ടെങ്കിൽ നമ്മുടെ ഇഷ്ടം ഒരു കാലത്തു സാധിക്കും”

ഇതിനിടെ താഴത്തുനിന്നും ഭാസ്കരൻെറ വിളി കേൾക്കുകയാൽ കൃഷ്ണപിള്ള “എന്നാൽ ഞാൻ പോയിവരാം. കത്തയക്കുമല്ലൊ?” എന്നും പറഞ്ഞു താഴത്തേക്കു ബദ്ധപ്പെട്ടിറങ്ങി. കൃഷ്ണപിള്ളയും ഭാസ്കരൻപിള്ളയുംകൂടി യാത്രയായി പടികടക്കുമ്പോൾ പിന്നോക്കം തിരിഞ്ഞുനോക്കിയ കൃഷ്ണപിള്ളക്കു തൻെറ പ്രേമഭാജനത്തെ കാണ്മാൻ സാധിച്ചുവോ എന്നറിഞ്ഞുകൂടാ.

* * * * *

കൊല്ലം മൂന്നുകഴിഞ്ഞു. കിഴക്കേവീട്ടിൽ ശ്രീദേവി ഡോക്ടർ രാഘവൻപിള്ള എൽ ആർ. സി. പി. യുടെ സഹധർമ്മിണിയായി "കൃഷ്ണവാസ"ബങ്കളാവിൽ താമസിച്ചുവരുന്നു ഡോക്ടറുമായുള്ള വിവാഹത്തിന് ശ്രീദേവിക്ക് വലിയ വിസമ്മതമുണ്ടായിരുന്നെങ്കിലും വിധിവിഹിതത്തെ ആർക്കും ലംഘിച്ചുകൂടാത്തമട്ടിൽ ഇപ്പോൾ "വിജയലക്ഷ്മി" എന്ന ഒരു കുട്ടിയുടെ മാതാവുംകൂടി ആയിത്തീർന്നിരിക്കുന്നു ഡോക്ടർക്ക് ധാരാളം സ്വത്തും, പ്രാഭവവുമുണ്ടായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ദ്വേഷ്യസ്വഭാവം ശ്രീദേവിയെ പലപ്പോഴും വെറുപ്പിച്ചിരുന്നു. ഇപ്രകാരം ശ്രീദേവി "ഏതൊ വിധത്തിലുള്ള" ഒരു ജീവിതം നയിച്ചുവരികയാണ്

അന്നൊരു ശനിയാഴ്ചയായിരുന്നു. ഡോക്ടർ പുറത്തു എവിടേയൊ പോയിരുന്നതിനാൽ ശ്രീദേവി പൂമുഖത്തുതന്നെ ഇരിക്കുകയായിരുന്നു തപാൽക്കാരൻ കൊണ്ടുവന്ന എഴുത്തുകളും പത്രങ്ങളും ഓരോന്നായി എടുത്തു നോക്കുന്ന കൂട്ടത്തിൽ "മിസ്സിസ് ഡോക്ടർ രാഘവൻപിള്ള" എന്നു മേൽവിലാസമെഴുതിയ ഒരു കത്തു കണ്ടു. അല്പം പരിഭ്രമത്തോടുകൂടി ശ്രീദേവി എഴുത്തുപൊട്ടിച്ചു വായിച്ചു. കത്തിൽ ഇപ്രകാരം എഴുതിയിരുന്നു

സാഹിത്യസദനം
5—2—48

"പ്രിയപ്പെട്ട ശ്രീദേവി,

ദേവിക്കും വിജയക്കും സുഖമെന്നു് വിചാരിക്കുന്നു. രണ്ടുമാസത്തോളമായി ഞാൻ കിടപ്പിൽതന്നെയായ വിവരം ഒരുപക്ഷെ ദേവി അറിഞ്ഞിരിക്കുമെന്നു് കരുതുന്നു. കറച്ചുദിവസമായി അമ്മക്കും ശരീരസുഖമില്ല ദേവിയേയും വിജയയേയും കണ്ടാൽ ഭേവണ്ടില്ലെന്നു് അമ്മ പറയുന്നു. സൌകര്യമുണ്ടെങ്കിൽ ഭേഗാക്കരൊരുമിച്ചു് ഇവിടത്തോളം വന്നുപോകാൻ താല്പര്യപ്പെടുന്നു

എന്നു് സഹോദരം കൃഷ്ണപിള്ള"

എഴുത്തു് വക്കീൽ കൃഷ്ണപിള്ളയുടേതാണെന്നു് ഞാൻ പറയാതെതന്നെ വായനക്കാർ മനസ്സിലാക്കിയിരിക്കുമല്ലൊ? കൃഷ്ണപിള്ളയും ഭാസ്കരൻപിള്ളയും ബി, എൽ. പരീക്ഷ പാസ്സായി ഭാസ്കരൻപിള്ള തിരുവനന്തപുരത്തുതന്നെ പ്രാക്ടീസ്തുടങ്ങി. കൃഷ്ണപിള്ള പാലക്കാട്ടുവന്നു പ്രാക്ടീസ് തുടങ്ങി. അമ്മ ഭാഗ്യവിയമ്മ മകനൊന്നിച്ചു് പാലക്കാട്ടാണു് താമസം. അതിവിദഗ്ദ്ധനായ വക്കീലായതിനാൽ കൃഷ്ണപിള്ള അല്പകാലംകൊണ്ടു് പ്രസിദ്ധനായിത്തീർന്നു; രണ്ടുമൂന്നു കൊല്ലത്തെ പ്രശസ്തമായ വക്കീൽപണികൊണ്ടു് നാല്പതിനായിരത്തിൽപരം ഉറുപ്പികയും സമ്പാദിച്ചു. എന്നാൽ മാതൃഭക്തനായ കൃഷ്ണപി

ള്ള ഇത്രയും ധനവും പ്രാപ്തിയും ഉണ്ടായിട്ടും അമ്മയുടെ ഒരാഗ്രഹത്തെ ഇതുവരെ നിറവേററാതിരുന്നതെന്തുകൊണ്ടാണെന്നറിഞ്ഞുകൂടാ. അമ്മ വിവാഹകാര്യത്തെപ്പററി പറയുമ്പോഴൊക്കെയും പിള്ള മൌനം ദീക്ഷിക്കുകയും അശ്രുകണംവാക്കുകയുമാണ് പതിവ്. രണ്ടുമാസമായി പിള്ളയുടെ ഗാത്രം വിളർത്തു ശോഷിച്ചു് എഴുന്നേല്പുവാൻപോലും വയ്യാതെ ഒരു വാക്കിനൊരു ചുമയെന്നോണം ചുമച്ചു രോചാരയും കഫവും തുപ്പി, കിടന്ന കിടക്കയിൽതന്നെയാണ്. പാലക്കാട്ടുള്ള സർവ്വ ഡോക്ടർമാരും പരിശോധിച്ചു. ചിലർ "മദനപ്പള്ളി"ക്ക് പോകാനഭിപ്രായപ്പെട്ടു മററുചിലർ കയ്യൊഴിക്കുകയാണുണ്ടായതു്. അഥവാ മനോവ്യാധിക്ക് മരുന്നുകണ്ട ഡോക്ടർമാർ ഇന്ത്യയിൽ ആരാണുള്ളതു്?

എഴുത്ത് വായിച്ചുകഴിഞ്ഞപ്പോൾ ശ്രീദേവി നെടുവീർപ്പിട്ടു. വസ്ത്രാഞ്ചലംകൊണ്ടു് കണ്ണുതുടച്ചു. ഡോക്ടർ വന്ന ഉടനെ വിവരം അറിയിച്ചു. ഡോക്ടർക്കു പോകാൻ നിവൃത്തിയില്ലാഞ്ഞതിനാൽ ശ്രീദേവിക്കു പോകാനനുജ്ഞനല്കി. ശ്രീദേവി വിജയ, ത്തോടുകൂടി അപ്പോൾതന്നെ കാറിൽകയറി കൃഷ്ണപിള്ളയുടെ വസതിയിലേക്കുതിരിച്ചു. കാർ പടികടന്നു മുന്നോട്ടു നീങ്ങിയപ്പോൾ അടുത്ത വീട്ടിലെ പാണ്ടൻനായയുടെ പിടിയിൽനിന്നു് രക്ഷപ്പെടാൻവേണ്ടി മരണപ്പാച്ചിൽ പാഞ്ഞു് ഓടിവന്ന ഒരു കുറ

ഞതിപ്പൂച്ച കാറിൻെറ ചക്രത്തിന്നടിയിൽപ്പെട്ടു അരിഞ്ഞു ചത്തു. ഡ്റൈവർ പറഞ്ഞു:—"കൊച്ചമ്മാ, ഇന്നത്തെ യാത്ര വലിയ ശകുനപ്പിഴയായി കാണുന്നല്ലൊ" എന്നു്. ശ്രീദേവി 'കഷ്ടമായിപ്പോയി" എന്നു മാത്രം പറഞ്ഞു നെടുവീർപ്പിട്ടു. ശ്രീദേവിയുടെ കരളം തുടിച്ചു. കൃഷ്ണപിള്ളയോടു് പഠിക്കാൻ പോകുന്ന കാലത്തു് ചെയ്ത വാദത്തെ ശ്രീദേവി ഓർമ്മിച്ചു. അന്യചിന്തകൂടാതെ ഡ്റൈവർ തൻെറ ജോലി നിർവ്വഹിച്ചുകൊണ്ടിരുന്നു

കൃഷ്ണപിള്ള കിടക്കുന്ന മുറിയിലേക്കു ശ്രീദേവി നടന്നു. ആളുടെ കണ്ണുകൾ അപ്പോൾ വിറക്കുന്നുണ്ടായിരുന്നു. ചിന്താമഗ്നനായി, തിരിഞ്ഞുകിടക്കുവാൻപോലും അശക്തനായിക്കിടക്കുന്ന പിള്ള പദവിന്യാസം കേട്ടു കൺമിഴിച്ചു. അപ്പോൾ അദ്ദേഹം കണ്ടതാരെയാണു്! മൂന്നുകൊല്ലങ്ങൾക്കുമുമ്പു് ഏതൊരാളെ തൻെറ മാറോടുചേർത്താലിംഗനം ചെയ്തുവൊ, ഏതൊരാളുടെ ഫാലതലത്തിൽ താൻ പ്രേമമുദ്രാർപ്പണം ചെയ്തുവൊ, ഏതൊരാളോടു് യാത്രപറഞ്ഞു പിരിഞ്ഞുവൊ ആ ശ്രീദേവിയെ—കൃഷ്ണപിള്ളയുടെ പ്രേമഭാജനത്തെ....അതെ, പ്രകൃതിവൈചിത്ര്യത്തിൽ ദേഹത്തിന്നു അൽപ്പം ചില മാററങ്ങൾ വന്നിട്ടുള്ള ശ്രീദേവിയെത്തന്നെയാണു്. കൃഷ്ണപിള്ള നിർന്നിമേഷനായി ശ്രീദേവിയുടെ മുഖത്തേക്കു് നോക്കി. അദ്ദേഹത്തിൻെറ നയനതടാകങ്ങളിൽനിന്നു് രണ്ടു് കൊച്ചരുവികൾ അപ്പോൾ പ്രവഹിക്കുന്നുണ്ടായിരു

ന്നു. വിജയലക്ഷ്മിയുടെ മൂൎദ്ധാവിൽ പിള്ള ചുംബിച്ചു. ശുൽഗ്ഗദസ്വരത്തിൽ അദ്ദേഹം പറഞ്ഞു:

"ശ്രീദേവി! അമ്മക്കു ദീനമാണെന്നു് എഴുതി ഇവിടെ വരുത്തിയ സാഹസത്തെ ക്ഷമിക്കണം. ദേവിയേയും വിജയയേയും ഒരുനോക്കു കാണണമെന്നു മാത്രമെ എനിക്കാഗ്രഹമുണ്ടായിരുന്നുള്ളു. പ്രിയപ്പെട്ട ദേവി! ഞാ—"പിള്ളയുടെ ശബ്ദം താണു. ഒന്നുരണ്ടു വട്ടം ചുമച്ചു കട്ടയായ രക്തവും കഫവും ചിറികളിൽകൂടി ഒഴുകി. കണ്ണോന്നു പ്രകാശിച്ചടഞ്ഞു. ഇതെല്ലാം കണ്ടുനിന്ന ശ്രീദേവി "അയ്യോ! ദൈവമേ! ഈ പാപി നിമിത്തം" ശ്രീദേവി മോതിരവിരൽ വായിലിട്ടു കടിച്ചമൎത്തി. തടിമുറിച്ചിട്ടപോലെ നിലത്തുവീണു. ഭാൎഗ്ഗവിയമ്മയുടെ രോദനംകേട്ടു് ആളുകൾ ഓടിയെത്തി. ശ്രീദേവിയുടെ ദേഹംതണുത്തു. അവൾ എന്നെന്നേക്കുമായി. കൃഷ്ണപിള്ളയോടുകൂടിത്തന്നെ ഇഹലോകവാസം വെടിഞ്ഞു

* * * * *

പുത്രവിയോഗത്താൽ വ്യസനാൎത്തയായ് ഭാൎഗ്ഗവിയമ്മയെ ഭാസ്കരൻപിള്ള കഴിയുന്നതും സമാധാനിപ്പിച്ചുവന്നു. അമ്മയെക്കാണാതെ കരയുന്ന വിജയയെ കളിപ്പിക്കുന്നതും പാലിക്കുന്നതുമൊക്കെ ഭാൎഗ്ഗവിയമ്മയുടെ ജോലിയായി. അല്പദിവസം കഴിഞ്ഞു കൃഷ്ണപിള്ളയുടെ പെട്ടികൾ തുറന്നു പരിശോധിച്ചപ്പോൾ, സൎവ്വസ്വത്തുക്കളും മാതൃമരണത്തിനുശേഷം ശ്രീദേവിക്കും അവളുടെ മകൾ വിജയലക്ഷ്മിക്കുമായി എഴുതിവെച്ചിട്ടുള്ള ഒരു "മരണപത്ര"മാണു് കണ്ടതു്

# അവസാന കൂടിക്കാഴ്ച

ഏഴെട്ടുമാസമായി ലക്ഷ്മിയും അവളുടെ രണ്ടു കുട്ടികളും അങ്ങിനെ കഷ്ടപ്പെടുവാൻ തുടങ്ങിയിട്ടു്. അരപ്പട്ടിണിയും മുക്കാൽപ്പട്ടിണിയും അവർ ധാരാളം സഹിച്ചിട്ടുണ്ടു്. മുഴുപ്പട്ടിണിയും ഒന്നോ രണ്ടോ ദിവസം സഹിക്കാം അപ്പുറമായാലൊ? നീണ്ട അറുപത്തിമൂന്നു ദിവസത്തെ നിരാഹാരവ്രതമെടുക്കാൻ ലക്ഷ്മിയും കുട്ടികളും 'യതീന്ദ്രനാഥദാസ്" അല്ലല്ലൊ?

എന്തു ജോലി ചെയ്‌വാനും ലക്ഷ്മി തയ്യാറാണു്. പക്ഷെ, എവിടേയും ജോലിയില്ല. തന്റെ ചുററും വലിയവലിയ മണിമാളികകളിൽ പണക്കാരുണ്ടു്. അവരുടെ പടിയ്ക്കൽ ചെന്നു് എത്ര തറണയാചിക്കാം! തന്റേയും കുട്ടികളുടേയും ബുദ്ധിമുട്ടുകൾ എന്നന്നേയ്ക്കും തീർക്കുവാൻ അവരാരെങ്കിലും തുനിയുമൊ?

അവൾ ചോറും കഞ്ഞിയും കണ്ട കാലമേ മറന്നു. വയറിന്റെ വിളി ദുസ്സഹമായപ്പോൾ മരക്കിഴങ്ങും പച്ചവെള്ളവുമായി അവരുടെ ആഹാരം. അതും ആവശ്യത്തിനനുസരിച്ചു് കിട്ടുവാനില്ല. അങ്ങിനെ കഴിയുമ്പോഴാണു് അവൾക്കും കുട്ടികൾക്കും

പനി തുടങ്ങിയതു്. അവളുടെ ദീനമെല്ലാം അവളൊരുവിധം ഒതുക്കി നിർത്തി. പക്ഷെ, കുട്ടികളുടെ സമീപത്തുതന്നെ രാവും പകലും ഇരിക്കേണ്ടിവന്നതുകൊണ്ടു്, പുറത്തിറങ്ങി യാചിച്ചു നോക്കുവാൻ പോലും അവൾക്കു സാധിക്കാതെ വന്നു.

ഒന്നരക്കൊല്ലം മുൻപേ മരിച്ചുപോയ ഭർത്താവിനെ അവളോർത്തു "ഹാ!" അവളൊരു നെടുവീർപ്പിട്ടു "അദ്ദേഹം എന്തൊരു ഭാഗ്യവാൻ! ഈവക ദുരിതങ്ങളൊന്നും കാണുവാനിടവരാതെ അദ്ദേഹം ഞങ്ങളെ വിട്ടു പിരിഞ്ഞു. അദ്ദേഹം ജീവിച്ചിരുന്നുവെങ്കിൽ എനിയ്ക്കും എന്റെ കുഞ്ഞുങ്ങൾക്കും ഇങ്ങിനെ കിടന്നു വലയേണ്ടിവരുമോ? മരിയ്ക്കുന്നതുവരെ എന്റെ മുഖം അല്പം വാടുവാൻ അദ്ദേഹം ഇടവരുത്തീട്ടില്ല. ഇന്നാകട്ടെ പട്ടിണിയുടേയും രോഗത്തിന്റെയും നടുവിൽ കിടന്നു്, കരകാണാതെ ഞാൻ ഉഴയുന്നു! എന്റെ പിഞ്ചു പൈതലിന്റെ വരണ്ട വായിൽ ഒരുതുള്ളി കഞ്ഞിവെള്ളം പകന്നു കൊടുക്കുവാൻ വഴികാണാതെ, ഈ പാതിരനേരത്തു ഞാൻ ഒററയ്ക്കിരുന്നു കരയുന്നു ........"

കുട്ടി വീണ്ടുമൊന്നു വാ പൊളിച്ചു, ദയനീയമായി അമ്മയുടെ മുഖത്തേയ്ക്കു തുറിച്ചുനോക്കി. അവൾ അടുത്തുവെച്ചിരുന്ന ചട്ടിയിൽനിന്നും കുറച്ചു പച്ചവെള്ളം ഒരു പ്ലാവിലകൊണ്ടു മുക്കിയെടുത്തു്, കുട്ടിയുടെ വായിൽ പകന്നുകൊടുത്തു. ആർത്തിയോടു

കൂടി ആ വെള്ളം മുഴുവൻ ഇറക്കിയതിനുശേഷം, കുട്ടിയുടെ കണ്ണുകളടഞ്ഞു.......ലക്ഷ്മിയുടെ ഹൃദയം ശക്തിയായി മിടിച്ചു.......മണ്ണെണ്ണവിളക്ക് ഒന്നാളിക്കത്തി പ്പെട്ടെന്നു കെട്ടു

ലക്ഷ്മിയുടെ എല്ലാററിലും ഇളയ കുട്ടിയാണ് രണ്ടരവയസ്സുമാത്രം പ്രായംചെന്ന "ഭാർഗ്ഗവി"

ലക്ഷ്മി ഭാർഗ്ഗവിയുടെ കവിളത്തു തെരുതെരെ ചുംബിച്ചു, "ഭാർഗ്ഗു—എന്റെ പൊന്നു മോളെ" അവൾ തൊണ്ടയിടച്ചുംകൊണ്ടുകൂടി കുട്ടിയുടെ ചെവിയിൽ മന്ത്രിച്ചു. "പട്ടിണികിടത്തി നിന്നേയും ഞാൻ കൊല്ലുകയില്ല, തീർച്ചയായും കൊല്ലുകയില്ല" ഒരു ദൃഢനിശ്ചയത്തോടുകൂടി അവൾ കുട്ടിയെ വാരിയെടുത്ത് മാറിലമർത്തിപ്പിടിച്ചു. മുഷിഞ്ഞു കീറിയ മുണ്ടു മുറുക്കിയുടുത്തു. കെട്ടഴിഞ്ഞു പാറിപ്പറന്നിരുന്ന തലമുടിയുമായി, ഒരു ഭ്രാന്തത്തിയെപ്പോലെ കുടിലിൽ നിന്നു പുറത്തേക്കിറങ്ങി നടന്നു. അവൾ നേരെ ചെന്നെത്തിയതു് "പൂങ്കുന്നം" റെയിൽവേസ്റ്റേഷനിലായിരുന്നു. അല്പം കഴിഞ്ഞപ്പോൾ മദ്രാസ്സിലേയ്ക്കുള്ള മെയിൽവണ്ടി സ്റ്റേഷനിൽവന്നുനിന്നു അവൾ മൂന്നാം ക്ലാസ്സ് മുറിയിൽ കയറി ഒരു മൂലയിൽ താഴെയിരുന്നു. വണ്ടി രണ്ടു മിനിററിനുശേഷം സ്റ്റേഷൻ വിട്ടു മുന്നോട്ടു നീങ്ങി

പലവിധയാതനകൾ സഹിച്ചു് ലക്ഷ്മി പിററ

ദിവസം മദ്രാസ്സിലെത്തി. ഒരു ലക്ഷ്യവുമില്ലാതെ—ഒരു ഭ്രാന്തിയെപ്പോലെ അവൾ നടന്നു. "മാമ്പലം" എന്ന സ്ഥലത്തെത്തി. എണ്ണമില്ലാത്ത യാചകപ്പരിഷകളുടെ "പട്ടണിസംഘ"ത്തിൽ അവളും ഒരംഗമായിച്ചേൎന്നു. അന്നു് പകലും രാത്രിയും മററു യാചകർ "ഇരന്നതിൽ പകുതി ധർമ്മ"മായി കഴിഞ്ഞു. പിറേറദിവസം അവളും യാചിയ്ക്കാനിറങ്ങിനടന്നു മുൻപിൽ കണ്ട ആഢ്യത്തെ മാളികമുററത്തേയ്ക്കു സംശയംകൂടാതെ കടന്നുചെന്നു

ആ വീടിൻെറ ചവിട്ടുപടിയോടടുത്തായി കിടന്നിരുന്ന "കാറിൻെറ" ഉള്ളിലേയ്ക്കു് പതുങ്ങിപ്പതുങ്ങി, എത്തിനോക്കിക്കൊണ്ടു ലക്ഷ്മി, ഭാൎഗ്ഗവിയെ മാറിൽ നിന്നെടുത്തു് പതുക്കെ കാറിന്നകത്തു് മലത്തിക്കിടത്തി. ക്ഷീണംനിമിത്തം കുട്ടി നല്ല ഉറക്കമായിരുന്നു. അവൾ ഭാൎഗ്ഗവിയെ കണ്ണുനിറയെ ഒന്നു നോക്കി, കുഞ്ഞിക്കവിളുകളിൽ വീണ്ടും വീണ്ടും ചുംബിച്ചു. അവളുടെ കണ്ണിൽനിന്നു രണ്ടു രക്തബിന്ദുക്കൾ കുട്ടിയുടെ നെററിയിലേയ്ക്കു് അടൎന്നുവീണു ആൎത്തിയോടുകൂടി അവൾ കുട്ടിയെ ഒന്നുകൂടി നോക്കിയതിന്നുശേഷം അവിടെനിന്നും ശബ്ദമുണ്ടാക്കാതെ നടന്നുമറഞ്ഞു

ഡോക്ടർ ഭാസ്കരനുണ്ണി പതിവുപോലെ ആസ്പത്രിയിലേയ്ക്കു പോകുന്നതിന്നായി കാറിൽവന്നു കയറി കാർ സ്റ്റാർട്ടു് ചെയ്തപ്പോൾ പിൻസീററിൽ കിട

ന്നിരുന്ന കുഞ്ഞു ഞെട്ടിപ്പിടഞ്ഞ കരഞ്ഞു. പിൻതിരിഞ്ഞു നോക്കിയ ഡോക്ടർ ഒന്നു നടുങ്ങിപ്പോയി. ഒരു കുട്ടി!

പ്രസിദ്ധനായ ഒരു ഡോക്ടറാണു് ഭാസ്കരനുണ്ണി. വിവാഹം കഴിഞ്ഞിട്ടു് കൊല്ലങ്ങൾ ആറുകഴിഞ്ഞു. പക്ഷെ, അദ്ദേഹത്തിൻെറ ഭാര്യ പ്രസവിച്ചില്ല. ഒരു ചെറിയ കുട്ടിയെ ഓമനിയ്ക്കുവാൻ ഡോക്ടർക്കും ഭാര്യയ്ക്കുമുള്ള മോഹം അങ്ങിനെ അവശേഷിയ്ക്കുവാൻ മാത്രമായിരിയ്ക്കുമോ യോഗമെന്നുകൂടി അവർ സംശയിച്ചുകൊണ്ടിരുന്നു

അവർ പല അന്വേഷണങ്ങളും നടത്തിനോക്കി. ആ കുട്ടി അവിടെ വന്നുപെട്ടതിനെക്കുറിച്ചു് ഒരു തുമ്പും കിട്ടിയില്ല. ആ കുട്ടിയ്ക്കു് ഉടമസ്ഥരില്ലെങ്കിൽ തനിയ്ക്കുതന്നെ വളർത്താമെന്നു ഭാസ്കരനുണ്ണി നിശ്ചയിച്ചു

കുട്ടിയുടെ സ്ഥിതി ഒന്നുരണ്ടാഴ്ചകൊണ്ടു്. വളരെയധികം ഭേദപ്പെട്ടു. ഭാസ്കരനുണ്ണിയും ഭാര്യയും അവളെ സ്വന്തം കുട്ടിയെപ്പോലെ കരുതി. അവർ അവളെ "രാഗിണി" എന്നു വിളിച്ചു

അങ്ങിനെ അവൾ വളർന്നു

നിലത്തു കിടന്നിഴയുന്ന വെള്ളപ്പട്ടു പാവാടയും, പൂവും പൂപാററകളും ഇടകലർന്ന സിൽക്കു്

ബ്ലൗസ്സും, കനംകുറഞ്ഞ ചെരിപ്പും ധരിച്ചു്, തലചീകി പിന്നിലേയ്ക്കു രണ്ടായി മെടിഞ്ഞിട്ടു്, ചെറിയൊരു പുസ്തകസ്സഞ്ചി ഇടതുതോളിൽ തൂക്കി, വലതുകൈയിൽ ഒരു ചെറിയ ശീലക്കുട നിവർത്തിപ്പിടിച്ചു്, നെററിയിൽ ചെറിയൊരു ചാന്തുപൊട്ടുമായി, മനോഹരമായ ഒരു മന്ദഹാസം തൂകിക്കൊണ്ടു്, ആറുവയസ്സു കഴിഞ്ഞ രാഗിണി, മന്ദമന്ദം സ്കൂളിലേയ്ക്കു പോകുന്ന കാഴ്ച ഡോക്ടരും ഭാര്യയും, അവൾ കണ്ണിൽനിന്നു മറയുന്നതുവരെ നോക്കിനില്ക്കും. വൈകുന്നേരം സ്കൂൾ വിട്ടു വന്നാൽ, അവളുടെ കിളിക്കൊഞ്ചൽ ആ വീട്ടിലെങ്ങും മുഴങ്ങുകയായി. അങ്ങിനെ കഴിഞ്ഞുപോയി അവളുടെ മനോഹരമായ ആ ബാല്യകാലം. കാലക്രമേണ, രാഗിണിയുടെ പൂർവ്വകഥയെല്ലാം ഭാസ്കരനുണ്ണിയും ഭാര്യയും തീരെ വിസ്മരിച്ചു

സ്കൂൾ ഫൈനൽ പാസ്സായശേഷം രാഗിണിയുടെ പഠിപ്പു നിർത്തി. അധികസമയവും അമ്മയുടേയും അച്ഛന്റേയും കൂടെത്തന്നെ അവൾ ചെലവഴിക്കും.

ഒരു ദിവസം രാഗിണിയും ഭാസ്കരനുണ്ണിയും കൂടി കാറിൽപോകുമ്പോൾ, ക്ഷീണിച്ചു പരവശയായ ഒരു വൃദ്ധ ബോധമില്ലാതെ പാതയിൽ ചുരുണ്ടു കിടക്കുന്നതു് അവർ കണ്ടു. ഭാസ്കരനുണ്ണി കാർ നിറുത്തി പുറത്തേയ്ക്കിറങ്ങി "അച്ഛാ ഈ വൃദ്ധയെക്കു

റിച്ചാണ് ഞാനന്നു പറഞ്ഞതു്, ഇവർ ഒരു ഭ്രാന്തത്തിയാണെന്നു തോന്നുന്നു. "ഭാർഗ്ഗ, ഭാർഗ്ഗ" എന്നു വിളിച്ചു പാതയിൽ അങ്ങിങ്ങു നടക്കുന്നതും, ചില പ്പോൾ ഉച്ചത്തിൽ കരയുന്നതും, ചിരിയ്ക്കുന്നതും, പല പ്രാവശ്യവും ഞാൻ കണ്ടിട്ടുണ്ടു്. സംസാരിച്ചു നോക്കുമ്പോൾ, ഭ്രാന്തുണ്ടെന്നു തോന്നുകയില്ല. ഞാൻ സ്കൂളിൽനിന്നു മടങ്ങിവരുമ്പോൾ, എൻെറ പുസ്തകങ്ങൾ വീടിൻെറ പടിവരെ ഏററാമെന്നു പറഞ്ഞു ദിവസവും ഈ വൃദ്ധ കൂടെ വരാറുണ്ടു. പാവം! പണം വല്ലതും കൊടുത്താൽ അതു വാങ്ങാതെ അവർ മടങ്ങിപ്പോവും. കുറെ കാലമായി, ഈ റോട്ടിൽ ഞാനീ തള്ളയെ കാണുന്നു" ഡോക്ടർ ഒരു സോഡാ കൊണ്ടുവന്നു. രാഗിണി അതു് തള്ളയുടെ മുഖത്തു തളിച്ചു. കുറച്ചുകഴിഞ്ഞപ്പോൾ വൃദ്ധ പതുക്കെ കണ്ണു മിഴിച്ചു

"പാവം!" രാഗിണി സ്വയം പറഞ്ഞു:- "തള്ളേ, എന്താ ഈ റോട്ടിലിങ്ങിനെ കിടക്കുന്നതു്? നിങ്ങൾക്കാരുമില്ലേ?"

വല്ലാത്ത പരിഭ്രമത്തോടുകൂടി വൃദ്ധ രാഗിണിയെ തുറിച്ചുനോക്കി "ഇല്ല, മോളെ, എനിക്കാരുമില്ല." ക്ഷീണിച്ച സ്വരത്തിൽ തള്ള തുടന്നു:- എൻെറ മോളല്ലാതെ എനിക്കാരുമില്ലാ"

"അച്ഛാ, നമുക്കു് ഈ വൃദ്ധയെ വീട്ടിൽ കൊണ്ടു

പോയി രക്ഷിച്ചാലെന്താ?" രാഗിണി ഭാസ്കരനുണ്ണിയോടു ചോദിച്ചു

മകൾ പറയുന്നതെങ്ങിനെയാണ് അച്ഛന് ഹിതമാകാതെ വരിക? "അങ്ങിനെതന്നെ." ഡോക്ടർ സമ്മതം മൂളി

"ഇല്ല, മോളെ, മോൾക്കു നന്നായി വരട്ടെ! ഞാൻ എവിടേയ്ക്കുമില്ല ഇതെൻെറ യോഗമാണ് ഞാനിവിടെത്തന്നെ കിടന്നുകൊള്ളാം............ മോളെ, എന്തിനാണ് ഇങ്ങിനെ വെയിലുകൊള്ളുന്നത്...... മോളു് പൊയ്ക്കോളൂ, ഞാനിവിടെത്തന്നെ കിടന്നോളാം." തള്ള വിങ്ങി വിങ്ങിക്കരയുവാൻ തുടങ്ങി

രാഗിണി എത്ര നിർബ്ബന്ധിച്ചിട്ടും അവളുടെ കൂടെ വീട്ടിലേയ്ക്കു പോകുവാൻ തള്ള ഇഷ്ടപ്പെട്ടില്ല. നിവൃത്തിയില്ലാതെ അവളും ഡോക്ടരും അവൾക്കു പോകേണ്ടുന്ന സ്ഥലത്തേയ്ക്കു് കാറോടിച്ചുപോയി

*    *    *    *

ഡോക്ടർ ഭാസ്കരനുണ്ണിയുടെ വീട്ടിൽ ഒരു മഹോത്സവമാണ്. പ്രഭാതമായപ്പോഴേയ്ക്കും വീടിൻെറ പടിയ്ക്കൽ പലതരത്തിലും പലനിറത്തിലുമുള്ള കാറുകൾ വന്നു നിരനിരയായി നിരന്നുനിന്നു. മുററത്തു് മനോഹരമായി അലങ്കരിയ്ക്കപ്പെട്ട വിസ്തൃതമായ പന്തലിൽ വൃത്താകൃതിയിൽ, വരിവരിയായായി, ഭംഗിയായി, കസേരകൾ ഇട്ടിരിയ്ക്കുന്നു അവയുടെ

നടുവിൽ, വലിയൊരു വട്ടമേശമേൽ, പലവിധത്തിലുള്ള പുഷ്പങ്ങളും, ചെറുനാരങ്ങകളും വെള്ളിത്തളികകളിൽ നിറച്ചു വെച്ചിട്ടുണ്ട്. സുഗന്ധദ്രവ്യങ്ങളുടെ പരിമളം അവിടമെങ്ങും നിറഞ്ഞു വഴിയുന്നു. മാന്യരീതിയിൽ വസ്ത്രധാരണം ചെയ്തിട്ടുള്ള ആളുകൾ കൂട്ടം കൂട്ടമായി പന്തലിനകത്തേയ്ക്കു പോകുന്നു

വാദ്യഘോഷങ്ങൾ മുഴങ്ങിത്തുടങ്ങി. പതിനൊന്നു മണിയ്ക്കാണ് മുഹൂർത്തം! സിങ്കപ്പൂരിൽ ഉയൎന്ന നിലയിലുള്ള ഒരുദ്യോഗസ്ഥനും സുന്ദരനും മാന്യനുമായ ബാലൻ മേനോൻ രാഗിണിയുടെ കണ്ഠത്തിൽ വരണമാല്യമണിയിയ്ക്കുവാൻ പോകുന്ന ആ ശുഭമുഹൂർത്തം!

ഈ കോലാഹലങ്ങളിലൊന്നും പങ്കുകൊള്ളുവാൻ നിവൃത്തിയില്ലാതെ, ചുട്ടനീറുന്ന ഹൃദയത്തോടുകൂടി, ഒരു വൃദ്ധ ആ കല്യാണവീടിന്റെ പടിയ്ക്കൽ മതിലിൽ പൊത്തിപ്പിടിച്ചു തൂങ്ങിനിന്നു അകത്തേയ്ക്കുനോക്കിയിരുന്നു. ആ പന്തലിന്നകത്തേയ്ക്കോ, ആ വീടിനകത്തേയ്ക്കോ, അവൾക്കു പ്രവേശനമില്ല. കാഴ്ചക്കാരുടെ മുന്നിൽ അവളൊരു ഭ്രാന്തിയാണ്. ചിലപ്പോൾ അവൾ പൊട്ടിച്ചിരിയ്ക്കും; ചിലപ്പോൾ വിങ്ങിക്കരയും. ആരും തന്നെ അവളെ ശ്രദ്ധിച്ചില്ല

*  *  *  *

ബാലൻ മേനോൻെറ അവധി കഴിഞ്ഞു. അദ്ദേഹം സിങ്കപ്പൂരിലേയ്ക്ക് തിരിച്ചുപോകുന്ന ദിവമാണു് ഭർത്താവിൻെറകൂടെ സിങ്കപ്പൂരിലേയ്ക്കു പോകുവാൻ രാഗിണി ഒരുക്കങ്ങൾ ചെയ്തു. ഭർത്താവൊന്നിച്ചു അവൾ വീടിൻെറ പടിയ്ക്കലെത്തി. ഗദ്ഗദസ്വരത്തിൽ—കണ്ണുനീർ കൊണ്ടു് കലുഷിതഭാഷയിൽ—പ്രിയ മാതാപിതാക്കന്മാരുടെ കാൽതൊട്ടു നമസ്കരിച്ചു. മററു സ്നേഹിതന്മാരോടും യാത്രപറഞ്ഞു് അവൾ കാറിൽ കയറി

അപ്പോഴേയ്ക്കും ആരും കാണാതെ സമീപത്തു നിന്നിരുന്ന ഒരു വൃദ്ധ ഓടിവന്നു് കാർ തടുത്തു

"എൻെറ പൊന്നു മോളെ മേളെന്നെവിട്ടു സിങ്കപ്പൂരിലേയ്ക്കു പോകയാണ്ണോ? ഞാനിനി എന്നാണു് എൻെറ മോളെ കാണുക? മോളിനി ഇവിടെ വരുമ്പോഴേയ്ക്കും ഞാൻ ചത്തുപോകുമല്ലോ, അയ്യോ! എൻെറ ഓമനക്കുഞ്ഞേ; മോളു് അമ്മയെ മറക്കില്ലേ? ..........." വൃദ്ധ കാറിൻെറ മുമ്പിൽക്കിടന്നുരുണ്ടു് നിലവിളിയ്ക്കുവാൻ തുടങ്ങി.

"ഈ ഭ്രാന്തത്തി ഇവിടെയും വന്നുവോ? നശിച്ച ശവം! ശവത്തിനെകെട്ടിയെടുത്തു് എവിടെയെങ്കിലും കൊണ്ടുപോയി വലിച്ചെറിയണം. അസത്ത്!" എന്നു് ഗർജ്ജിച്ചുകൊണ്ടു് കൂട്ടത്തിൻ്നിന്നും ഒരാൾ മുന്നോട്ടു് ചാടി, തള്ളയെ കാറിൻെറ മുമ്പിൽ

നിന്നും മുടിയിൽ ചുററിപ്പിടിച്ചു് എഴുന്നേല്പിച്ചു്, ദൂരത്തേയ്ക്കൊരു തള്ളു കൊടുത്തു. വൃദ്ധയുടെ തല മതിലിൽ ചെന്നടിച്ചു് തല പൊട്ടിത്തകൎന്നു ഓടയിലേയ്ക്കുമലൎന്നു വീണു

കാർ ഹാർബറിനെ ലക്ഷ്യമാക്കി മുന്നോട്ടു നീങ്ങി

"അയ്യോ! എൻെറ പൊന്നുമോളേ............ഞാനിനി....എ....ന്നാ....ണു്....കാ....ണു....ക?............"

*　　*　　*　　*

അന്നു് സന്ധ്യയ്ക്കു് ബീററ് വന്ന പോലീസ്സുകാരൻ ഓടയിൽ മരിച്ചു കിടന്നിരുന്ന വൃദ്ധയുടെ ശവം കണ്ടെത്തി മുൻസിപ്പൽ ശവവണ്ടിയിൽ വലിച്ചുകയററി എങ്ങോട്ടോ കൊണ്ടുപോയി

രാഗിണിയും അവളുടെ ഭൎത്താവ് ബാലൻ മേനോനും "എസ്സ്. എസ്സ്. ജലഗോപാൽ" എന്ന കപ്പലിലിരുന്നു കൊണ്ടു് ആ വൃദ്ധയെപ്പററി എന്തെങ്കിലും സംസാരിച്ചിരിയ്ക്കുമോ, ആവോ?........

—0—

# Sree Krishna Vilas

## 229, SELEGIE ROAD, 7

രുചികരമായ ഭക്ഷണത്തിന്നും

അമൃത സമാനമായ

പലഹാരങ്ങൾക്കും

# ശ്രീ കൃഷ്ണ വിലാസം

## ഹോട്ടൽ സന്ദർശിക്കുക

മിതമായ ചാർജ്ജ്

വൃത്തിയായ പരിചരണം

# ഇതാണ് സൌകര്യം

മലയാള മാസികകൾ വായിക്കുവാൻ
ഉടനെ വരിക്കാരായി ചേരുക

| | | | |
|---|---|---|---|
| ജയകേരളം | വാരിക | 6 മാസത്തേക്കു് | $ 600 |
| തമാശ | മാസിക | " | 200 |
| ചെറുകഥ | " | " | 200 |
| ചിരി | " | " | 200 |
| യവനിക | " | " | 390 |

മററു പത്രങ്ങൾക്കും അപേക്ഷിക്കുക

## കെ. വി. നാരായണൻ നായർ

34, റേസ്കോഴ്സ് റോഡ്, സിംഗപ്പൂർ 8

സബ് ഏജൻറുമാക്കു പ്രത്യേക കമ്മീഷൻ കൊടുക്കപ്പെടും

N. B. മദ്രാസിലെ ജനതാ പ്രസിദ്ധീകരണങ്ങളും
വിൽക്കപ്പെടും

---

## മി: F. P. മോസസ്സിനോട്
## ആവശ്യപ്പെട്ടാൽ

"കൌമുദി" ആഴ്ചപ്പതിപ്പും,
"കലാകൌമുദി" മാസികയും,
"കഥകൾ" മാസികയും,
"സന്തപാടി" മാസികയും കിട്ടുന്നതാണ്

സുപ്രസിദ്ധ പുരോഗമനസാഹിത്യകാരന്മാരുടെ ചെറുകഥകൾ, കവിതകൾ, രാഷ്ട്രീയലേഖനങ്ങൾ ഓരോ ലക്കത്തിലും നിങ്ങൾക്കു് വായിച്ചാസ്വദിക്കണമെങ്കിൽ

ഉടനെ വരിക്കാരായി ചേരുക

953, Serangoon Road, SINGAPORE

# VASUNDRA LAUNDRY

**DRY CLEANING AND DYEING**

210, Serangoon Road, SINGAPORE

★ വസുന്ധരാ അലക്ക് കമ്പനി ★

കമ്പിളി ഉടുപ്പ്, സാരികൾ, പട്ടുവസ്ത്രങ്ങൾ, ചായംപോയ ഉടുപ്പുകൾ

വീണ്ടും ചായം മുക്കി കൊടുക്കപ്പെടും

210 സെറംഗൂൺ റോഡ്, സിങ്കപ്പൂർ 8

# എസ്സ്. എൻ. വി.

## ആയുർവേദ ഫാർമസി (Reg)

ബ്രാഞ്ച്:— 182—17, 13½ മൈൽ,

സെമ്പവാങ്ങ് റോഡ്

(ക്യാമ്പറാ ഗേറ്റിന് സമീപം, സിലേറ്റാർ)

തീരാവ്യാധികളെന്നു സംശയിച്ചു ചികിത്സകൾ മതിയാക്കി നിരാശയിൽ കഴിഞ്ഞുകൂടുന്ന രോഗികൾ എസ്സ്. എൻ. വി. സന്ദർശിക്കുക. ആയുർവേദ വിധിപ്രകാരം തയ്യാർചെയ്തിട്ടുള്ള ഔഷധങ്ങൾകൊണ്ടു ചികിത്സിക്കുന്നതും, തൃപ്തികരമായ ഉപദേശങ്ങൾ നൽകുന്നതുമാണ്

**H. O. 130, Syed Alwi Road, Singapore, 8**

# VISIT !

## *Varpaul Restaurant*

**The Right Place for Quality Sweetmeats**

TASTY INDIAN MEALS & DELICIOUS CURRIES

**100 Percent PURE AUSTRALIAN GHEE USED**

Remember 96, Serangoon Road, Singapore 8

## വർപാൾ റെസ്റ്റോറൻറ്

മധുര പലഹാരങ്ങൾക്ക് ഏററവും
കേൾവികേട്ട സ്ഥലം
രുചികരമായ ഇന്ത്യൻ ആഹാരവും കറികളും
100 ശതമാനം പരിദ്ധമായ ആസ്ത്രേലിയൻ
നെയ്യുപയോഗിച്ച് തയ്യാർ
ചെയ്യപ്പെടുന്നതാണ്

96, സെറാംഗൂൺ റോഡ്,
സിങ്കപ്പൂർ 8

—ഓർമ്മിക്കുക

# UNITED TRADERS (FAR EAST)

## 132, Seramgoon Road, Singpaore 8

General Merchants, Provision Dealers,
Manufacturers, Importers, Exporters,
Commission Agents,
Wholesale and Retailers

**The Glorious inception of this enterprise is purely by Malayalees**

**AT YOUR** {SERVICE / DOOR / TIME}

**A TRIAL WILL CONVINCE YOU**

## യുണൈററഡ് ട്രെയിഡേർസ്
## (ഫാർ ഈസ്ററ്)

**132, സെറങ്കൂൺ റോഡ് സിംഗപ്പൂർ.**

ജനറൽ മർച്ചൻറ്സ, പ്രൊവിഷൻ ഡീലേർസ്,
ഇംപോർട്ടേർസ്, എക്സ്പോർട്ടേർസ,
കമ്മീഷൻ ഏജൻറസ്, മൊത്തമായും ചില്ലറയായും
സാധനങ്ങൾ വിൽക്കപ്പെടും

നിങ്ങളുടെ വാതിക്കൽ
നിങ്ങളുടെ സമയത്തിനു്
നിങ്ങളുടെ സൌകര്യത്തിനു്

ഒന്നു പരീക്ഷിക്കുക:—

നിങ്ങൾക്കു് പൂർണ്ണ തൃപ്തി ഉണ്ടാകും

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M F 2 Acc. No. 70566

This book should be returned on or before the date last stamped below.

28 JUN
28 JUN 1976
16 JUN 1977
24 NOV 1978
24 DEC 1978

AK

3F9

70566

കൃഷ്ണം. കെ. ജോസ്. കെ.

സഫരബ്ബ്യാപനം

*Always Consult*

**POPULAR TAILORS**

223, River Valley Road,

**SINGAPORE 9.**

For Your Tailoring Requirements.

ഉടൻ പുറത്തിറങ്ങുന്നു!

**വെള്ളിമുള്ളുകൾ**

(ഒമ്പതു സ്വദേശീയകഥകൾ)

*By*

കെ. എ. സുകുമാരൻ, ടാററാപുരം

പ്രസാധകന്മാർ:

ബി. കെ. എം. പ്രസിദ്ധീകരണശാല,

ആലപ്പുഴ.